

# വൃത്തമഞ്ജരി

ഏ. ആർ. രാജരാജവർമ്മ



# വൃത്തമഞ്ജരി

ഏ. ആർ. രാജരാജവർമ്മ

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2019

Vrithamanjari
Malayalam Poetics
by A. R. Rajaraja Varma
First published: 1911

First EPUB/PDF version published: 2019

These electronic versions were released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2019. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) was used to process the documents and generate various output formats.

The base font used was comprehensive script of RIT-RACHANA, contributed by KH Hussain, *et al.*, and maintained by Rachana Institute of Typography. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Painting by Ayisha Sasidharan: *Dancing Peacocks*. The artist has kindly provided the image with permission to use the same under the provisions of Creative Commons Attribution-Non-Commercial-No-Derives 4.0 License (CC-BY-NC-ND 4.0). This generous gesture is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://ml.sayahna.org

## ഉള്ളടക്കം


1 പരിഭാഷാപ്രകരണം . . . . . . . . . . . 1
2 സമവൃത്തപ്രകരണം . . . . . . . . . . . 11
3 അർദ്ധസമവൃത്തപ്രകരണം . . . . . . . . 43
4 വിഷമവൃത്തപ്രകരണം . . . . . . . . . . 47
5 ദണ്ഡകപ്രകരണം . . . . . . . . . . . . 51
6 മാത്രാവൃത്തപ്രകരണം . . . . . . . . . . . 59
7 മിശ്രവൃത്തപ്രകരണം . . . . . . . . . . . 65
8 ഭാഷാവൃത്തപ്രകരണം . . . . . . . . . . . 69
   1 കിളിപ്പാട്ട് . . . . . . . . . . . . . . 72
   2 തുള്ളൽപ്പാട്ട് . . . . . . . . . . . . . 77
   3 കൃഷ്ണഗാഥ . . . . . . . . . . . . . . . 83
   4 ഇരുപത്തിനാലുവൃത്തം . . . . . . . . 84
   5 വഞ്ചിപ്പാട്ട് . . . . . . . . . . . . . . 90
9 പ്രത്യയപ്രകരണം . . . . . . . . . . . . 93
വൃത്തസൂചിക . . . . . . . . . . . . . . . . 103

## ഒന്നാം പതിപ്പിന്റെ മുഖവുര

ഭാഷാഭൂഷണംപോലെ വൃത്തമഞ്ജരിയും ക്ലാസ്സിലെ ഉപയോഗത്തിനുവേണ്ടി എഴുതിയിരുന്ന നോട്ടുകളിൽ പോരാത്തഭാഗം ചേർത്ത് പുസ്തകാകൃതിയിൽ വരുത്തിയിട്ടുള്ളതാകുന്നു. ഇതിൽ വൃത്തരത്നാകരത്തിന്റെ സമ്പ്രദായമനുസരിച്ച് വൃത്തങ്ങളുടെ ലക്ഷണങ്ങൾ ലക്ഷ്യങ്ങളുടെ പാദംകൊണ്ടുതന്നെ ചെയ്തിരിക്കുന്നു. അതിനാൽ സമവൃത്തങ്ങളിൽ ഒരു പാദം നിർമ്മിച്ചാൽ ലക്ഷണവും ലക്ഷ്യവുമെല്ലാമായി എന്നൊരു സൗകര്യമുണ്ട്. സംസ്കൃതഭാഗമെല്ലാം വൃത്തരത്നാകരം, വൃത്തരത്നാവലി എന്ന രണ്ടുഗ്രന്ഥങ്ങളെ അവലംബിച്ചാണു ചെയ്തിരിക്കുന്നത്. എന്നാൽ ഈ ഗ്രന്ഥങ്ങളിൽ എടുത്തിട്ടില്ലാത്ത ചില പുതിയ വൃത്തങ്ങൾ ശകുന്തളാദി പുസ്തകങ്ങളിൽ കാണുകയാൽ അവയ്ക്കു പേർ കൽപിച്ചു ലക്ഷണം ചെയ്യേണ്ടിവന്നിട്ടുണ്ട്. സംസ്കൃതഭാഗത്തിൽ ഏതാനും വിഷയങ്ങൾ പരീക്ഷയ്ക്കു പഠിക്കുന്നവർക്ക് അത്യാവശ്യകങ്ങളല്ലെങ്കിലും ശാസ്ത്രഗ്രന്ഥം പരിപൂർണമായിരിക്കട്ടെ എന്നുള്ള വിചാരത്തിൻപേരിൽ ഇതുകളും ചേർക്കപ്പെട്ടിരിക്കുന്നു. ഈ പുസ്തകത്തിൽ വിശേഷമായി ഒന്നു ചെയ്തിട്ടുള്ളത് ഭാഷാവൃത്തങ്ങൾക്ക് സംജ്ഞാലക്ഷണകൽപനയാകുന്നു. സംസ്കൃതത്തിലെപ്പോലെ ഭാഷയിൽ ഒരു ഗണ്യമായ വൃത്തശാസ്ത്രം ഇതേവരെ ആരും ഏർപ്പെടുത്തിക്കണ്ടില്ല. കേരളകൗമുദികർത്താവ് രണ്ടുമൂന്നു കിളിപ്പാട്ടുവൃത്തങ്ങൾക്കു മാത്രം പേരുകളും സ്ഥൂലമായി ലക്ഷണങ്ങളും പറഞ്ഞിട്ടുണ്ട്. പ്രാചീനന്മാർ സംജ്ഞകൾ ചെയ്തിട്ടുള്ളിടത്ത് അതുകളെത്തന്നെ സ്വീകരിച്ചും ഇല്ലാത്തിടത്ത് പുതിയ സംജ്ഞകളെ സൃഷ്ടിച്ചുമാണ് ഇതിൽ ഭാഷാവൃത്തപ്രകരണം എഴുതിയിട്ടുള്ളത്. ഭാഷാവൃത്തങ്ങൾ ഗാനരൂപങ്ങളാകയാൽ അവയ്ക്കു ലക്ഷണം കൽപിക്കുന്നത് പാട്ടിനു യോജിച്ചുവേണ്ടിയിരിക്കുന്നു. അവയെല്ലാം അതാതു സമ്പ്രദായമനുസരിച്ച് പാടിക്കേൾപ്പിക്കുന്നതിന് പറവൂർ കെ. സി. കേശവപിള്ള അവർകളോടും, ഭിന്ന ഭിന്ന രീതികളെ തേടിപ്പിടിച്ചു തന്നു സഹായിച്ചതിന് പി. കെ. നാരായണപിള്ള ബി. എ. അവർകളോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം
1080 ചിങ്ങം 27

**ഗ്രന്ഥകർത്താ**

# — 1 —

## പരിഭാഷാപ്രകരണം

1. പദ്യമെന്നും ഗദ്യമെന്നും ഹൃദ്യമാംമട്ടു രണ്ടിലേ
   വാഗ്ദേവതയുദിച്ചീടു വിദ്വദാനനപങ്കജേ.
2. മാത്ര, വർണ്ണം, വിഭാഗങ്ങളിത്യാദിയ്ക്കു നിബന്ധന
   ചേർത്തു തീർത്തീടുകിൽ പദ്യം; ഗദ്യം കേവലവാക്യമാം.

ഗദ്യമെന്നും പദ്യമെന്നും വാക്യത്തിന്റെ ഗതി രണ്ടുവിധം. ഇത്ര അക്ഷരം കൂടുന്നത് ഒരുപാദം; പാദത്തിൽ ഇന്നഇന്നതു് ലഘു; ഇന്നഇന്നതു് ഗുരു; ഇന്നിടത്തു് യതി ഇത്യാദി വ്യവസ്ഥകൾ കൽപിച്ചു് കെട്ടിയുണ്ടാക്കുന്ന വാക്യം പദ്യം; ഈവക നിബന്ധനയൊന്നും കൂടാതെ എഴുതുന്ന വാക്യം ഗദ്യം. (ഗദ്യത്തിനു ആന്തരമായ താളഗതികളുണ്ട്. ചിട്ടകൾക്കു വിധേയമല്ല.) സാധാരണ ലോകവ്യവഹാരത്തിൽ നാം ഗദ്യമുപയോഗിക്കുന്നു; സരസങ്ങളായ അർത്ഥങ്ങളെ കവികൾ വൃത്തശാസ്ത്രവിധിപ്രകാരം പദ്യങ്ങളാക്കി ചമയ്ക്കുന്നു. (നൈസർഗിക താളബോധമാണടിസ്ഥാനം.) എന്നാൽ കാവ്യമെല്ലാം പദ്യമായിരിക്കണമെന്നോ വൃത്തശാസ്ത്രനിബന്ധനയ്ക്കു ചേർന്ന് എഴുതുന്ന വാക്യമെല്ലാം കാവ്യമാകുമെന്നോ പറഞ്ഞുകൂടാത്തതാകുന്നു. പദ്യലക്ഷണം വൃത്തശാസ്ത്രത്തേയും കാവ്യലക്ഷണം സാഹിത്യശാസ്ത്രത്തേയും ആശ്രയിച്ചാണ് നില്ക്കുന്നതു്. കാലദീപം മുതലായ ഗ്രന്ഥങ്ങൾ പദ്യരൂപത്തിൽ എഴുതപ്പെട്ടവയാണെങ്കിലും കാവ്യമല്ല; ആഖ്യായികകളും മറ്റും ഗദ്യമയങ്ങളാണെങ്കിലും കാവ്യമാകുന്നു. കാവ്യമല്ലാത്ത പദ്യത്തിന് സംസ്കൃതത്തിൽ 'കാരിക' എന്നു പേർ പറയുന്നു.

ഇനി വൃത്തശാസ്ത്രത്തിലുള്ള സാങ്കേതിക ശബ്ദങ്ങൾക്കു ലക്ഷണം പറയുന്നു.

3. പദ്യം വാർക്കുന്ന തോതല്ലോ വൃത്തമെന്നിഹ ചൊൽവതു്
   ഛന്ദസ്സെന്നാലക്ഷരങ്ങളിത്രയെന്നുള്ള ക്ലിപ്തിയാം.

പദ്യങ്ങളുടെ കെട്ടുപാടുതന്നെ വൃത്തമെന്നുപറയുന്നത്. ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിബന്ധനയാണ് ഛന്ദസ്സ്. ഒരു പദ്യപാദത്തിൽ മുറയ്ക്കു 1

മുതൽ 26 വരെ അക്ഷരങ്ങളിരിക്കാം; അതിനാൽ 26 ഛന്ദസ്സുകളുണ്ട്. ഒരേ ഛന്ദസ്സിൽ ഗുരു–ലഘുവ്യവസ്ഥാഭേദത്താൽ അനേകം വൃത്തങ്ങൾ ഉണ്ടാകും. അവയെ എല്ലാം ഉപയോഗിക്കാറില്ല. ഭംഗിയുള്ള ഏതാനും എണ്ണങ്ങളെ മാത്രമേ കവികൾ പ്രയോഗിക്കാറുള്ളു. അവയ്ക്കേ പേരും ലക്ഷണവും ചെയ്തുള്ളു. ഛന്ദസ്സുകളുടെ പേരുകളെ മുറയ്ക്കു പരിഗണിക്കുന്നു.

4. ഉക്തയത്യുക്തയും മദ്ധ്യാ പ്രതിഷ്ഠാസുപ്രതിഷ്ഠകൾ
ഗായത്ര്യുഷ്ണിഗനുഷ്ടുപ്പും ബൃഹതീപങ്ക്തി പത്തിന്.

5. ത്രിഷ്ടുബ്ജഗത്യതിയൊടും ശക്വര്യാഖ്യാതിശക്വരീ
അഷ്ടിയത്യഷ്ടി ധൃതിയും തഥാƒതിധൃതിയും കൃതി.

6. പ്രകൃത്യാകൃതിയവ്വണ്ണം വിസമഭ്യുദ്യുതങ്ങളും[1]
ആറോടിരുപതീവണ്ണം ഛന്ദസ്സിഹ മുറയ്ക്കുകേൾ.

ഒരുപാദത്തിൽ ആകെ അക്ഷരം:

| | | | | | |
|---|---|---|---|---|---|
| ഉക്തയ്ക്ക് | ......... | 1 | ശക്വരിക്ക് | ......... | 14 |
| അത്യുക്തയ്ക്ക് | ......... | 2 | അതിശക്വരിയ്ക്ക് | ......... | 15 |
| മധ്യയ്ക്ക് | ......... | 3 | അഷ്ടിക്ക് | ......... | 16 |
| പ്രതിഷ്ഠയ്ക്ക് | ......... | 4 | അത്യഷ്ടിയ്ക്ക് | ......... | 17 |
| സുപ്രതിഷ്ഠയ്ക്ക് | ......... | 5 | ധൃതിയ്ക്ക് | ......... | 18 |
| ഗായത്രിയ്ക്ക് | ......... | 6 | അതിധൃതിയ്ക്ക് | ......... | 19 |
| ഉഷ്ണിക്കിന് | ......... | 7 | കൃതിക്ക് | ......... | 20 |
| അനുഷ്ടുപ്പിന് | ......... | 8 | പ്രകൃതിക്ക് | ......... | 21 |
| ബൃഹതിക്ക് | ......... | 9 | ആകൃതിക്ക് | ......... | 22 |
| പങ്ക്തിക്ക് | ......... | 10 | വികൃതിക്ക് | ......... | 23 |
| ത്രിഷ്ടുപ്പിന് | ......... | 11 | സംകൃതിക്ക് | ......... | 24 |
| ജഗതിക്ക് | ......... | 12 | അഭികൃതിക്ക് | ......... | 25 |
| അതിജഗതിക്ക് | ......... | 13 | ഉൽകൃതിക്ക് | ......... | 26 |

ഒരു പാദത്തിൽ 26-ൽ അധികം അക്ഷരം വന്നാൽ അതിനെ പദ്യമെന്നു പറയുമാറില്ല. അവയ്ക്കു ദണ്ഡകം എന്നു പേർ. (താളാടിസ്ഥാനത്തിൽ, ഇവയും വൃത്തഭേദങ്ങളാണ്) ഛന്ദ

[1] (വികൃതി, സംകൃതി, അഭികൃതി, ഉൽകൃതി)

സ്സുകളുടെ പേരുകളെത്തന്നെ സൗകര്യത്തിനുവേണ്ടി ഒരു വൃത്തം[2] കൊണ്ടു പരിഗണിക്കുന്നു.

7. ഉക്താത്യുക്തകൾ മദ്ധ്യയും പ്രസഹിതാതിഷ്ഠാƒഥ സുപ്രത്തൊട്ടും
ഗായത്ര്യുഷ്ണിഗനുഷ്ടുഭൗബൃഹതിയും പങ്ക്തിസ്സഹത്രിഷ്ടുഭാ
താനേതാനതിചേർന്നുമങ്ങു ജഗതീ ശക്വര്യഥാഷ്ടിർദ്ധൃതിർ
ന്നാലേവം കൃതിയും പ്ര–ആ–വി–സം അഭീ ഉത്തെന്നു ചേർന്നുള്ളതും.

ഇനി ഗുരുലഘുക്കൾക്കു ലക്ഷണം ചൊല്ലുന്നതിനായി അക്ഷരമെന്നാലെന്തെന്നു പറയുന്നു.

8. സ്വരങ്ങൾതാനക്ഷരങ്ങൾ വ്യഞ്ജനം വകയില്ലിഹ
വ്യഞ്ജനങ്ങളടുത്തുള്ള സ്വരങ്ങൾക്കംഗമെന്നുതാൻ.

വൃത്തശാസ്ത്രത്തിൽ സ്വരങ്ങളെ മാത്രമേ അക്ഷരമെന്നു ഗണിക്കുന്നുള്ളു. സ്വരം കൂടാതെ തനിയെ നിൽക്കുന്ന വ്യഞ്ജനം എണ്ണത്തിൽ ഉൾപെടുകയില്ല. വ്യഞ്ജനമെല്ലാം മുൻപിലോ പിൻപിലോ ഉള്ള സ്വരത്തിന്റെ ഭാഗമെന്നേ വിചാരിക്കപ്പെട്ടു. 'കൺമിഴിച്ചവൾ നോക്കിനാൾ' എന്ന വരിയിൽ സ്വരം എട്ടേ ഉള്ളു; അതിനാൽ അക്ഷരവും എട്ടുതന്നെ. 'ൺ', 'ൾ' എന്ന ചില്ലുകൾ വ്യഞ്ജനമാത്രങ്ങളാകയാൽ എണ്ണത്തിൽ ഉൾപ്പെടുന്നില്ല. 'കൺ' എന്നും 'നാൾ' എന്നും ഉള്ളവ ഒറ്റ അക്ഷരങ്ങൾ തന്നെ. അതിനാൽ ഈ വരി എട്ടക്ഷരമുള്ള അനുഷ്ടുപ്പ് ഛന്ദസ്സാകുന്നു.

9. ഹ്രസ്വാക്ഷരം ലഘുവതാം ഗുരുവാം ദീർഘമായത്
അനുസ്വാരം വിസർഗ്ഗം താൻ തീവ്രയത്നമുരച്ചിട്ടും
ചില്ലു കൂട്ടക്ഷരംതാനോ പിൻവന്നാൽ ഹ്രസ്വവും ഗുരു.

സ്വരങ്ങൾക്കു ഹ്രസ്വമെന്നും ദീർഘമെന്നും വകഭേദം വ്യാകരണത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ ഹ്രസ്വത്തിനു 'ലഘു' എന്നും ദീർഘത്തിനു 'ഗുരു' എന്നും വൃത്തശാസ്ത്രത്തിൽ പേരുകൾ എന്നു സാമാന്യവിധി. ഇതിൽ ഹ്രസ്വത്തിനുമാത്രം ഒരു വിശേഷമുണ്ട്. അതിന്റെ പിൻപിൽ അനുസ്വാരമോ, വിസർഗ്ഗമോ ബലപ്പിച്ച് ഉച്ചരിക്കുന്ന ചില്ല്, കൂട്ടക്ഷരം ഇവയോ വന്നാൽ ആ ഹ്രസ്വം 'ലഘു' അല്ല 'ഗുരു' ആകുന്നു. എങ്ങനെ എന്നാൽ,

കമല — എല്ലാം ഹ്രസ്വമാകയാൽ ലഘു.

വംശം — അനുസ്വാരം പരമാകയാൽ ഹ്രസ്വമെങ്കിലും എല്ലാം ഗുരു.

ദുഃഖം — 'ദു' വിസർഗമപ്പുറത്തുള്ളതിനാൽ ഹ്രസ്വമെങ്കിലും ഗുരു, 'ഖ' അനുസ്വാരമപ്പുറത്തു വരികയാൽ ഗുരു.

കൃഷ്ണൻ — 'ഷ്ണ' എന്ന തീവ്രയത്നമായുച്ചരിക്കുന്ന കൂട്ടക്ഷരം പരമായുള്ളതിനാൽ 'കൃ' എന്ന ഹ്രസ്വം ഗുരു. 'ഷ്ണ' എന്ന ഹ്രസ്വം 'ൻ' എന്ന ചില്ലു പരമുള്ളതിനാൽ ഗുരു.

[2] ശ്ലോകം എന്നായിരിക്കണം വിവക്ഷ

റോസാപ്പൂ — എല്ലാം ദീർഘമാകയാൽ ഗുരു.

ർ, ൽ, ൾ, ൺ, ൻ, എന്നുള്ള തനിയേ നിൽക്കാവുന്ന വ്യഞ്ജനങ്ങളെ ആണ് ചില്ലുകൾ എന്നു പറയുന്നത്. ഇതുകളേയും കൂട്ടക്ഷരങ്ങളേയും ഉച്ചരിക്കുന്നത് ചിലയിടത്തു തീവ്രയത്നമായും (എന്നുവെച്ചാൽ — ഉറപ്പിച്ചു, ബലത്തോടെ), ചിലയിടത്തു ലഘുപ്രയത്നമായും (എന്നുവച്ചാൽ — ഉറപ്പിക്കാതെ, ഒറ്റയക്ഷരം പോലെ എളുപ്പത്തിൽ) ആകുന്നു. അതിൽ തീവ്രയത്നത്തിന്റെ മുമ്പിൽ ഇരിക്കുന്ന ഹ്രസ്വമേ ഗുരുവാകയുള്ളു. രണ്ടിനും ഉദാഹരണം:

മലർപ്പൊടി ‘ർ’ തീവ്രയത്നം; അതിനാൽ ‘ല’ ഗുരു

മലർമാല ‘ർ’ ലഘുപ്രയത്നം; അതിനാൽ ‘ല’ ലഘു

കൽപനപ്രകാരം ‘പ്ര’ തീവ്രയത്നം; അതിനാൽ ‘ന’ ഗുരു

കൽപിച്ചപ്രകാരം ‘പ്ര’ ലഘുപ്രയത്നം; അതിനാൽ ‘ച്ച’ ലഘു

ചില്ലുകളേയും കൂട്ടക്ഷരങ്ങളേയും എവിടെയെല്ലാം തീവ്രയത്നമായുച്ചരിക്കേണമെന്നുള്ള നിയമങ്ങൾ കേരളപാണിനീയം സന്ധിപ്രകരണത്തിൽ പറഞ്ഞിട്ടുണ്ട്.

10. ഗുരുതാൻ ലഘുതാനാകും ഹ്രസ്വം പാദാന്തസംസ്ഥിതം.

ഒരു പദ്യത്തിന്റെ പാദാവസാനത്തിൽ ഇരിക്കുന്ന ഹ്രസ്വത്തെ ലഘുവായും ഗുരുവായും ഇച്ഛപോലെ ഗണിക്കാം. എന്നാൽ ഈ വികൽപം എല്ലായിടത്തും ഉപയോഗിച്ചുകൂടെന്നു വിലക്കുന്നു. (താളപൂർത്തിക്കുവേണ്ടത്രയേ പറ്റൂ. ഭാഷാഭൂഷണത്തിൽ നൽകുന്ന ഹതവൃത്തോദാഹരണത്തിൽ, വസന്തതിലകത്തിന് അന്ത്യലഘു കാണാം.)

11. പ്രായേണാസമപാദത്തിലീ വികൽപമസുന്ദരം.

പദ്യത്തിന് നാലു പാദങ്ങളുള്ളതിൽ ഒന്നും മൂന്നും എണ്ണങ്ങൾ ഒറ്റ, വിഷമം, അസമം അല്ലെങ്കിൽ അയുഗ്മം; രണ്ടും നാലും പാദങ്ങൾ ഇരട്ട, സമം അല്ലെങ്കിൽ യുഗ്മം എന്ന് വിളിക്കപ്പെടുന്നുവെന്ന് മേൽ എടുത്തു പ്രസ്താവിക്കും. പാദാന്ത്യത്തിലെ ഹ്രസ്വത്തെ ഗുരു എന്നു ഗണിക്കുന്നത് സമപാദങ്ങളിലേ ആകാവൂ; വിഷമപാദങ്ങളിൽ അങ്ങനെ ചെയ്യുന്നത് അഭംഗിയായിരിക്കും. എന്നാൽ ചിലവൃത്തങ്ങളിൽ വിഷമപാദങ്ങളിലും ഈ വികൽപം സ്വീകരിക്കാം; അതിനാലാണ് ‘പ്രായേണ’ എന്നു പറഞ്ഞത്. ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, വസന്തതിലകം ഈ വൃത്തങ്ങളിൽ വിഷമപാദാന്തത്തിലെ ഹ്രസ്വവും ഗുരുവാകും. ഈ സംഗതി എല്ലാം ഭാഷാഭൂഷണത്തിൽ ഹതവൃത്തദോഷപ്രസ്താവത്തിൽ വിസ്തരിച്ചിട്ടുണ്ട്. ഉദാഹരണത്തിനും മറ്റും അവിടെ നോക്കുക.

12. ഗകാരം ഗുരുവിൻ പേരാം ലകാരം ലഘുസംജ്ഞയാം
ഗുരുചിഹ്നം നേർവര കേൾ ലഘുചിഹ്നം വളഞ്ഞതും.

സൗകര്യത്തിനുവേണ്ടി വൃത്തശാസ്ത്രത്തിൽ ഗുരുവിനെ ‘ഗ’ എന്ന അക്ഷരം കൊണ്ടും, ലഘുവിനെ ‘ല’ എന്ന അക്ഷരംകൊണ്ടും കുറിക്കുന്നു. അതിനുമണ്ണം ‘–’ ഇങ്ങനെ ഒരു നേർവര

ഗുരുവിനും '◡' ഇങ്ങനെ ഒരു വളഞ്ഞവര ലഘുവിനും ഉള്ള അടയാളമാകുന്നു. ഉദാഹരണത്തിന് താഴെ കാണിച്ചിരിക്കുന്ന പാദം നോക്കുക.

– – – – ◡ – – ◡ ◡ ◡ ◡ ◡ ◡ – – ◡ – – ◡ – –

1 മിന്നുംപൊന്നുംകിരീടം തരിവളകടകംകാഞ്ചിപൂഞ്ചേലമാലാ

ഇനി പദ്യത്തിന്റെ സ്വഭാവത്തെ ചൊല്ലുന്നു.

13. പദ്യം പൂർവ്വോത്തരാർദ്ധങ്ങളെന്നു രണ്ടായ് മുറിക്കണം
രണ്ടു പാദങ്ങളർദ്ധത്തിൽ വിഷമാഖ്യം സമാഖ്യവും.

നാലു പാദം ചേർന്നത് ഒരു പദ്യം അല്ലെങ്കിൽ ശ്ലോകം. അതിൽ ആദ്യത്തെ രണ്ടു പാദം ചേർന്നത് പൂർവാർദ്ധം; പിന്നത്തെ രണ്ടു പാദം ചേർന്നത് ഉത്തരാർദ്ധം. അർദ്ധങ്ങൾ രണ്ടും സന്ധികൊണ്ടും മറ്റും കൂടിച്ചേരാതെ വേർവിട്ടുനിൽക്കണം. ഒന്നും രണ്ടും അതുപോലെ മൂന്നും നാലും പാദങ്ങൾ ചേർന്നു സന്ധിസമാസാദികളാവാം. രണ്ടും മൂന്നും തങ്ങളിൽ ഒരു വിധത്തിലും ബന്ധം ഉണ്ടാകരുത്. ഒന്നും മൂന്നും പാദങ്ങളെ വിഷമങ്ങൾ എന്നും, രണ്ടും നാലും പാദങ്ങളെ സമങ്ങൾ എന്നും വ്യവഹരിക്കും.

14. പാദം പദ്യത്തിനുള്ളംഗം കൈകാൽ ദേഹത്തിനെന്നപോൽ.

എങ്ങനെ കൈകാൽ മുതലായവ ചേർന്നു ദേഹമാകുന്നു, അങ്ങനെ പാദങ്ങൾ ചേർന്നു പദ്യമാകുന്നു. നാലു പാദം ചേർന്നതു് ഒരു പദ്യം.

15. പാദത്തിൽ മുറിയുന്നേടം യതി മുട്ടുകളെന്നപോൽ.

കൈകാലുകൾക്കു മുട്ടുകളിൽ ഒടിവുള്ളതുപോലെ പാദത്തിനു ചിലേടത്തു ഒടിവുവേണം; ഈ ഒടിവുകൾക്കു് യതി എന്നു പേർ.

ഉദാ:

'പ്രത്യാദിഷ്ടാം'/ 'കാമമക്ഷണ്വപുത്രീം'/ – ശാകു.

11 അക്ഷരമുള്ള ഈ പാദം നാലും ഏഴും എന്നു മുറിയണം. യതി നിൽക്കുന്നിടം ചരിഞ്ഞ വരകൊണ്ടു കാണിച്ചിരിക്കുന്നു. ശ്ലോകം ചൊല്ലുമ്പോൾ യതിസ്ഥാനങ്ങളിൽ നിറുത്തണം; അപ്പോൾ യതിമുറിയുന്നിടത്തു പദവും അറ്റുവരാഞ്ഞാൽ പദത്തെ രണ്ടായി മുറിക്കേണ്ടിവരും; അതു വളരെ അഭംഗിയുമാണ്.

അതിനുദാഹരണം:

'ശ്രീമദ്ഭാ/ രതി തുണചെയ്കവേണമെന്നും'

ഇതിൽ മൂന്നാം അക്ഷരത്തിലാണ് യതി. അവിടെ പദം അറുന്നില്ല. അതുകൊണ്ട് 'ഭാരതി' എന്ന പദത്തെ 'ഭാ' എന്നും 'രതി' എന്നും മുറിച്ചു ചൊല്ലേണ്ടിവരുന്നു. ഇങ്ങനെ പദങ്ങളെ

നിൽക്കാത്തിടത്തു നിറുത്തുന്നതു് കൈയിൽ മുട്ടില്ലാത്തിടം മടക്കുന്നതുപോലെ ആകുന്നു. ശബ്ദങ്ങളെ അസ്ഥാനത്തിൽ മുറിച്ചാൽ അർത്ഥപ്രതീതി കുറഞ്ഞുപോകും. അതുകൊണ്ടു് യതിസ്ഥാനം ശബ്ദമദ്ധ്യത്തിൽ വരുന്നതു് 'യതിഭംഗം' എന്ന ദോഷമാകുന്നു. എല്ലാവൃത്തങ്ങൾക്കും പാദാന്തത്തിൽ യതിയുണ്ടു്. പാദമദ്ധ്യത്തിൽ ചെറിയവൃത്തങ്ങൾക്കു യതി കാണുകയില്ല. വലിയവൃത്തങ്ങൾക്കു പാദത്തിലെ അക്ഷരാധിക്യത്തിനും വൃത്തസ്വഭാവത്തിനും ചേർന്നു് ഒന്നോ രണ്ടോ മൂന്നോ നാലോ യതി കാണും. ചില വലിയ വൃത്തങ്ങൾക്കും യതി ഇല്ലെന്നു വന്നേയ്ക്കാം. യതിസ്ഥാനങ്ങളെ പ്രായേണ ലക്ഷണത്തിൽ ചേർത്തു് പറഞ്ഞുകാണും.

16. പാദം നാലും തുല്യമെങ്കിലപ്പദ്യം സമവൃത്തമാം
    അർദ്ധം രണ്ടും തുല്യമെങ്കിലതർദ്ധസമവൃത്തമാം
    നാലും നാലുവിധം വന്നാലതോ വിഷമവൃത്തമാം.

ഒരു പദ്യത്തിന്റെ നാലു പാദങ്ങൾക്കും ലക്ഷണമൊന്നുപോലെ ഇരുന്നാൽ അതു സമവൃത്തം; അർദ്ധങ്ങൾക്കു്, അതായതു് പ്രഥമ തൃതീയ പാദങ്ങൾക്കും, ദ്വിതീയ ചതുർത്ഥ പാദങ്ങൾക്കും ലക്ഷണമൊന്നായാൽ അതു് അർദ്ധസമവൃത്തം; നാലുപാദങ്ങൾക്കും ലക്ഷണം വെവ്വേറെ വന്നാൽ അതു വിഷമവൃത്തം.

17. സാമ്യാർദ്ധസാമ്യവൈഷമ്യം വർണ്ണവൃത്തത്തിലേ വരൂ.

സമവൃത്തം, അർദ്ധസമവൃത്തം, വിഷമവൃത്തം എന്നുള്ള വിഭാഗം വർണ്ണവൃത്തങ്ങൾക്കേ പറയാറുള്ളൂ. മാത്രാവൃത്തങ്ങൾക്കു സംഭവിച്ചാലും ഈ വിഭാഗത്തെ ഉപയോഗിക്കാറില്ല. മാത്രാവൃത്തവും വർണവൃത്തവും എന്നാലെന്തെന്നു പറയുന്നു:

18. വർണ്ണപ്രധാനമാം വൃത്തം വർണ്ണവൃത്തമതായിടും
    മാത്രാപ്രധാനമാം വൃത്തം മാത്രാവൃത്തമതായിടും.

ഒരു പാദത്തിനു് ഇത്ര വർണം (അക്ഷരം) എന്നു നിയമം ഉള്ള വൃത്തം വർണ്ണവൃത്തം. ഇത്ര മാത്ര എന്നു നിയമം ഉള്ളതു് മാത്രാവൃത്തം. മാത്ര എന്നാൽ എന്തെന്നു് ഉടനെ പറയുന്നു:

19. മാത്രയെന്നാൽ ശ്വാസധാരയളക്കുമളവാണിഹ
    മാത്രയൊന്നു ലഘുക്കൾക്കു, രണ്ടുമാത്ര ഗുരുക്കളിൽ.

ഒരു ലഘുവിനെ ഉച്ചരിക്കാനുള്ള കാലം ഒരു മാത്ര; ഒരു ഗുരുവിനെ ഉച്ചരിക്കാനുള്ള കാലം രണ്ടു മാത്ര; എന്നു കാലം കൊണ്ടുള്ള ശ്വാസമാനമാണു് മാത്ര എന്നു പറയുന്നതു്. ഇനി രണ്ടുവക വൃത്തങ്ങളിലും ലക്ഷണം ചെയ്യുന്നതിൽ സൗകര്യത്തിനുവേണ്ടി 'ഗണം' എന്നൊന്നിനെ കല്പിക്കുന്നതിന്റെ സ്വരൂപം കാണിക്കുന്നു. അതിൽ ആദ്യം വർണ്ണവൃത്തങ്ങളിലെ ഗണത്തെ എടുക്കുന്നു.

20. മൂന്നക്ഷരം ചേർന്നതിനു ഗണമെന്നിഹ സംജ്ഞയാം.

വർണ്ണവൃത്തങ്ങളിൽ മൂന്നക്ഷരം കൂടിയതിന് ഒരു ഗണമെന്നു പേർ.

21. ഗണം ഗുരുലഘുസ്ഥാനഭേദത്താലെട്ടുമാതിരി

മൂന്നക്ഷരം ഒരു ഗണം; അക്ഷരം ഗുരുവെന്നും ലഘുവെന്നും രണ്ടു വക; അപ്പോൾ രണ്ടുവക എണ്ണങ്ങളെ മുമ്മൂന്നായി അടുക്കിയാൽ എട്ടു മുക്കൂട്ടുകൾ ഉണ്ടാകാം. എങ്ങിനെയെന്നാൽ,

| | | | |
|---|---|---|---|
| 1. | – – – | സർവ്വഗുരു | മഗണം |
| 2. | ⏑ – – | ആദിലഘു | യഗണം |
| 3. | – ⏑ – | മദ്ധ്യലഘു | രഗണം |
| 4. | ⏑ ⏑ – | അന്ത്യഗുരു | സഗണം |
| 5. | – – ⏑ | അന്ത്യലഘു | തഗണം |
| 6. | ⏑ – ⏑ | മദ്ധ്യഗുരു | ജഗണം |
| 7. | – ⏑ ⏑ | ആദിഗുരു | ഭഗണം |
| 8. | ⏑ ⏑ ⏑ | സർവ്വലഘു | നഗണം |

ഈ ഗണങ്ങൾക്ക് വ്യവഹാരസൗകര്യത്തിനുവേണ്ടി മ, യ, ര, സ, ത, ജ, ഭ, ന, എന്ന അക്ഷരങ്ങളെക്കൊണ്ടു മുറയ്ക്കു പേർ ചെയ്തിരിക്കുന്നു. ഗണങ്ങൾക്കു പേരും സംക്ഷേപമായി ലക്ഷണവും ചൊല്ലുന്നു.

22. ആദിമദ്ധ്യാന്തവർണ്ണങ്ങൾ ലഘുക്കൾ യരതങ്ങളിൽ
ഗുരുക്കൾ ഭജസങ്ങൾക്കു മനങ്ങൾ ഗലമാത്രമാം

യഗണ — രഗണ — തഗണങ്ങൾക്കു മുറയ്ക്കു ആദിമദ്ധ്യാന്തവർണ്ണങ്ങൾ ലഘു. ശേഷം രണ്ടു ഗുരു; ഭഗണ — ജഗണ — സഗണങ്ങൾക്കു മുറയ്ക്ക് ആദിമദ്ധ്യാന്തവർണ്ണങ്ങൾ ഗുരു; ശേഷം രണ്ടും ലഘു; മഗണം സർവഗുരു; നഗണം സർവലഘു. ഇവയ്ക്ക് ഉദാഹരണം, മുമ്മൂന്നക്ഷരമുള്ള പദങ്ങളെ ചേർത്ത് ആദ്യക്ഷരത്തിൽ ഗണനാമവും വരുത്തി, ഒരു രാജാവിനു ആശീഃ പ്രാർത്ഥനാരൂപമായ ആര്യാവൃത്തംകൊണ്ടു കാണിക്കുന്നു.

23. നൃപതി — ജയിക്ക — യശസ്വീ
ഭാസുര — താരുണ്യ — രാഗവാൻ — സതതം
മാലെന്യേ — എന്നു മുറ
യ്യെട്ടു ഗണത്തിന്നുമത്ര ദൃഷ്ടാന്തം.

| | | | |
|---|---|---|---|
| ⏑ ⏑ ⏑ | നൃപതി | സർവലഘു | നഗണം |
| ⏑ – ⏑ | ജയിക്ക | മദ്ധ്യഗുരു | ജഗണം |
| ⏑ – – | യശസ്വീ | ആദിലഘു | യഗണം |
| – ⏑ ⏑ | ഭാസുര | ആദിഗുരു | ഭഗണം |
| – – ⏑ | താരുണ്യ | അന്ത്യലഘു | തഗണം |
| – ⏑ – | രാഗവാൻ | മദ്ധ്യലഘു | രഗണം |

| | | |
|---|---|---|
| സ്തതം | അന്ത്യഗുരു | സഗണം |
| മാലെന്ന്യേ | സർവഗുരു | മഗണം |

ഇനി മാത്രാവൃത്തങ്ങൾക്കുള്ള ഗണങ്ങളെ ചൊല്ലുന്നു.

24. നാലുമാത്രയ്ക്കൊരു ഗണം മാത്രാവൃത്തങ്ങളിൽ പുനഃ
സർവ്വാദിമദ്ധ്യാന്തഗുരു ചതുർലഘുവുമഞ്ചിതു്.

മാത്രാവൃത്തങ്ങളിൽ നാലു മാത്ര കൂടിയതു് ഒരു ഗണം എന്നാകുന്നു നിയമം. അതു് അഞ്ചു വിധത്തിൽ സംഭവിക്കാം. എങ്ങനെ എന്നാൽ,

| | | | | |
|---|---|---|---|---|
| 1. | – – – | സർവഗുരു | കാലം | എന്നപോലെ |
| 2. | – ᵕ ᵕ | ആദിഗുരു | കാലടി | എന്നപോലെ |
| 3. | ᵕ – ᵕ | മദ്ധ്യഗുരു | മഹർഷി | എന്നപോലെ |
| 4. | ᵕ ᵕ – | അന്ത്യഗുരു | കമലം | എന്നപോലെ |
| 5. | ᵕ ᵕ ᵕ | സർവലഘു | കമലിനി | എന്നപോലെ |

ഇവയ്ക്കു വർണ്ണവൃത്തങ്ങളിലെ ഗണങ്ങൾക്കുള്ളതുപോലെ പേരുകൾ ഒന്നും ഇട്ടിട്ടില്ല; സർവഗുരു, ആദിഗുരു, മുതലായ പേരുകളെത്തന്നെ ഉപയോഗിച്ചുവരുന്നു. എന്നാൽ മൂന്നക്ഷരമുള്ള രണ്ടും, മൂന്നും, നാലും ഗണങ്ങൾക്കു് മുറയ്ക്കു വർണ്ണവൃത്തങ്ങളിൽ ഉള്ള ഭഗണം, ജഗണം, സഗണം എന്ന പേരുകളെത്തന്നെ ഉപയോഗിക്കാൻ വിരോധമില്ല; ശേഷം രണ്ടുകൾക്കു ലഘുമയം, ഗുരുമയം എന്നും പേർ കൽപിക്കാം.

മാത്രാവൃത്തം, വർണ്ണവൃത്തം എന്നു വൃത്തങ്ങൾക്കു രണ്ടുതരം പറഞ്ഞതിൽ ആദ്യം വർണ്ണവൃത്തങ്ങളെ എടുക്കുന്നു. ഛന്ദസ്സെല്ലാം വർണ്ണവൃത്തത്തിനല്ലാതെ മാത്രാവൃത്തങ്ങൾക്കു യോജിക്കയില്ലല്ലോ. അതിലും എല്ലാ ഛന്ദസ്സുകളേയും കവികൾ ഉപയോഗിക്കാറില്ലെന്നു പറയുന്നു.

25. അനുഷ്ടുപ്പിൽ താഴ്ന്ന വൃത്തമതിഹ്രസ്വമതായിടും
പ്രാകൃതിയ്ക്കഥ മേൽപോയാലതിദീർഘവുമായിടും.

26. എന്നോർത്തിവയ്ക്കുള്ളിലുള്ള നൽച്ഛന്ദസ്സുകൾ മാത്രമേ
ഉപയോഗിക്കുമാറുള്ളു പ്രായേണ കവികുഞ്ജരർ.

എട്ടക്ഷരമുള്ള അനുഷ്ടുപ് ഛന്ദസ്സിനു താഴെയുള്ള ഛന്ദസ്സുകളിൽ വരുന്ന വൃത്തങ്ങൾക്കു നീളം വളരെ പോരാതെയും, 21 അക്ഷരമുള്ള പ്രകൃതിച്ഛന്ദസ്സിനു മേൽ പോയാൽ നീളം അധികപ്പെട്ടും വരുന്നതിനാൽ ഈ രണ്ടതിർത്തികൾക്കും മദ്ധ്യേ ഉള്ള ഛന്ദസ്സുകളിൽ മാത്രമേ ശ്ലോകങ്ങൾ അധികം കവിപ്രയോഗങ്ങളിൽ കാണുകയുള്ളു.

27. എങ്കിലും ശാസ്ത്രപൂർത്തിക്കായെല്ലാ ഛന്ദസ്സിലും ക്രമാൽ
വരും പ്രസിദ്ധവൃത്തങ്ങൾക്കോതുന്നേനിഹ ലക്ഷണം.

ശാസ്ത്രഗ്രന്ഥത്തിന് ന്യൂനത വരേണ്ട എന്നു കരുതി അപ്രസിദ്ധങ്ങളായ താഴെയും മുകളിലും ഉള്ള ഛന്ദസ്സുകളിലും പൂർവ്വാചാര്യന്മാർ പേർ കൊടുത്തിട്ടുള്ള വൃത്തങ്ങൾക്ക് ഇവിടെ ലക്ഷണം ചെയ്യുന്നു.

28. ലക്ഷിക്ക വേണ്ടും വൃത്തത്തിൻ പാദംകൊണ്ടിഹ ലക്ഷണം
ചെയ്കയാൽ ലക്ഷണംതന്നെയൊരു ലക്ഷ്യവുമായിടും

ഇവിടെ ഏതു വൃത്തത്തിനു ലക്ഷണം പറയുന്നുവോ ആ വൃത്തത്തിന്റെ പാദം കൊണ്ടുതന്നെയാണ് ലക്ഷണവാക്യം ചമയ്ക്കുന്നത്. അതിനാൽ ലക്ഷ്യത്തിനു പുറമേ എങ്ങും തേടിപ്പോകേണ്ടതില്ല. ലക്ഷണവാക്യം തന്നെ ലക്ഷ്യവും ആയിരിക്കും. ഈ നിബന്ധനപ്രകാരം സമവൃത്തങ്ങൾക്ക് ഒരു പാദം കൊണ്ടും, അർദ്ധസമങ്ങൾക്ക് ഒരു അർദ്ധം കൊണ്ടും, വിഷമങ്ങൾക്ക് ഒരു പൂർണ്ണമായ പദ്യംകൊണ്ടും ലക്ഷണം നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ആദ്യത്തെ രണ്ടു ഛന്ദസ്സുകളായ ഉക്താത്യുക്തകളിൽ മാത്രം സ്ഥലച്ചുരുക്കത്താൽ പൂർണ്ണമായ പദ്യംകൊണ്ടുതന്നെ ലക്ഷണം നിർദ്ദേശിക്കേണ്ടിവന്നിട്ടുണ്ട്. പിന്നെ ചിലെടത്തും സ്ഫുടതയ്ക്കുവേണ്ടി ലക്ഷണവാക്യത്തെ ശ്ലോകരൂപമായിത്തന്നെ ചെയ്തുകാണും.

## 2

## സമവൃത്തപ്രകരണം

അനന്തരം ആദ്യം വർണ്ണവൃത്തങ്ങളെ എടുക്കുന്നു; അതിലും ഒന്നാമതായി ഉക്താദിച്ഛന്ദസ്സുകൾ മുറയ്ക്കു് സമവൃത്തങ്ങൾക്കു ലക്ഷണം ചൊല്ലുന്നു.

### ഉക്ത (1)[1]

| | |
|---|---|
| 1. ഗം<br>താൻ<br>ശ്രീ-<br>യാം. | 2. ല<br>ഘു<br>ഖ<br>ഗ. 2 |

(i) ഉക്താഛന്ദസ്സിൽ ഒരു പാദത്തിന് അക്ഷരം ഒന്നേ ഉള്ളല്ലോ. അതു ഗുരുവായാൽ 'ശ്രീ' എന്നു പേരായ വൃത്തമാകും. ലക്ഷ്യവും ഈ ലക്ഷണവാക്യം തന്നെ. 'ഗം' ഒന്നാം പാദം; 'താൻ' രണ്ടാം പാദം; 'ശ്രീ' മൂന്നാം പാദം; 'ആം' നാലാം പാദം.

(ii) ലഘുകൊണ്ടു പാദങ്ങൾ ചമച്ചാൽ 'ഖഗ' എന്നു പേരായ വൃത്തം. ഈ ഒറ്റയക്ഷരപാദങ്ങളിൽ യതിഭംഗവും മറ്റും നോക്കാനില്ല.

[1] ബ്രായ്ക്കററിനുള്ളിൽ കാണുന്നതു് അക്ഷരസംഖ്യയാണ്. ലക്ഷണങ്ങളോടു ചേർന്നു് ഇടതുവശത്തു കാണുന്ന സംഖ്യകൾ ആദ്യന്തമുള്ള വൃത്തങ്ങളുടെ ക്രമനമ്പർ കാണിക്കുന്നു; വലത്തേ അറ്റത്തു കാണുന്നവ അതതു വകുപ്പുകളിൽ വരുന്നവയുടെ നമ്പരും.

## അത്യുക്ത (2)

3. രണ്ടും
ഗംതാൻ
സ്ത്രീയാം
വൃത്തം.

4. ഇരു
ലഘു
ശിവ
മിഹ. 2

(i) ഗുരുക്കളെക്കൊണ്ടുതന്നെ ചമയ്ക്കുന്ന അത്യുക്താഛന്ദസ്സിലെ വൃത്തത്തിന് 'സ്ത്രീ' എന്നു പേർ.

(ii) രണ്ടക്ഷരവും ലഘുവായാൽ 'ശിവ' വൃത്തം.

## മധ്യ (3)

5. മം നാരീ.

6. രം മൃഗീ. 2

(i) മഗണം കൊണ്ട് ഒരു പാദം ചെയ്താൽ മധ്യാഛന്ദസ്സിൽ 'നാരീ' എന്നു പേരായ വൃത്തമാകും. ഈ മധ്യമുതൽ മേലുള്ള ഛന്ദസ്സുകളിലെ വൃത്തങ്ങൾക്കെല്ലാം മുൻചൊന്ന ഏർപ്പാടുപ്രകാരം ഒറ്റപ്പാദങ്ങളെക്കൊണ്ടേ ലക്ഷണം ചെയ്യുന്നുള്ളു. ഒരു പൂർണ്ണശ്ലോകമായ ഉദാഹരണം വേണമെങ്കിൽ,

മുഗ്ദ്ധാക്ഷീ
വാഗ്ദേവീ
മാലെന്ന്യേ
പാലിക്ക.

എന്നപോലെ ശ്ലോകങ്ങൾ ഊഹിച്ചുകൊൾക.

(ii) രഗണത്താൽ ഒരു പാദം ചെയ്താൽ 'മൃഗീ' വൃത്തം.

## പ്രതിഷ്ഠ (4)

7. മംഗം കന്യാ.

8. വേണീ തഗം. 2

(i) പ്രതിഷ്ഠാഛന്ദസ്സിൽ മഗണവും ഒരു ഗുരുവും ചേർന്നുണ്ടാകുന്ന വൃത്തത്തിന് 'കന്യ' എന്നു പേർ.

(ii) തഗണവും ഗുരുവും കൊണ്ടു പാദം ചെയ്താൽ 'വേണീ' വൃത്തം.

## സുപ്രതിഷ്ഠ (5)

9. മംഗംഗം ഗൗരീ. 10. ജഗംഗ മാലാ. 2

(i) മഗണവും രണ്ടു ഗുരുവും ചേർന്ന് ഒരു പാദമായാൽ 'ഗൗരീ' വൃത്തം.

(ii) ജഗണവും രണ്ടു ഗുരുവുമായാൽ 'മാലാ' വൃത്തം.

## ഗായത്രി (6)

11. തം യം തനുമധ്യാ. 1

12. തം സം വസുമതീ. 2

13. രം ര രത്നാവലീ. 3

## ഉഷ്ണിക് (7)

14. മം സം ഗം മദലേഖാ. 1

15. മധുമതീ നഭഗം. 2

16. സരഗം ഹംസമാലാ. 3

## അനുഷ്ടുപ്പ് (8)

17. മം മം ഗം ഗം വിദ്യുന്മാലാ. 1

രണ്ടു മഗണവും രണ്ടു ഗുരുവും 'വിദ്യുന്മാലാ'; ഇതിന് മദ്ധ്യത്തിൽ (നാലാമക്ഷരം കഴിഞ്ഞ്) യതി വേണം.

ഉദാ:

വിദ്യുന്മാലാസൗന്ദര്യത്തി-
ന്നുദ്ദാമത്വം മന്ദിപ്പിക്കും,
ഉദ്ദ്യോതത്താലുദ്ദീപിക്കും
വാഗ്ദേവിക്കായ് വന്ദിക്കുന്നേൻ. – സ്വ.

18. ഭം ഭഗ ചിത്രപദാ ഗം. 2

രണ്ടു ഭഗണവും രണ്ടു ഗുരുവും ചിത്രപദാ.

ഉദാ:

ചീർത്തൊരു ചിത്രപദാർത്ഥം
ചേർത്തുരു ചാരു കവിത്വം

ചിത്തമതിങ്കലുദിപ്പാൻ
ചിത്തനു വാണി തുണയ്ക്കു. – സ്വ.

19. മാണവകം ഭം തലഗം.[1] 3

ഉദാ:

വാണി! ഭവത് പാദയുഗേ
വീണു പണിഞ്ഞാനൊരുനാൾ
മാണവകൻ മൂകനൊരാൾ
വാണിതവൻ സൽക്കവിയായ്, – സ്വ.

20. രം സമാനികാ ജഗം ല. 4

ഉദാ:

മാലതീസമാ നികാമ–
മുല്ലസിച്ച കാന്തികൊണ്ടു
വാണിദേവിയെന്റെ നാവിൽ
വാണിടട്ടെ നാണിയാതെ. – സ്വ.

21. പ്രമാണികാ ജരം ലഗം. [2] 5

ഉദാ:

പ്രമാണികൾക്കുമുത്തമ–
പ്രമാണമാം ഭവൽപ്പദം
വണങ്ങിടുന്നു ഞാനിതാ
വണക്കമോടു ഭാരതി! – സ്വ.

22. നാരാചികാ തരം ലഗം. 6

ഉദാ:

നാരായണീനിഷേവിതാ
നാരായവേർ ജഗത്തിന്
നാരാചികാ മഹാപദാം
നേരായ്തുണയ്ക്കു ഭാരതീ. – സ്വ.

---

[1] മാണവകാക്രീഡിതകം എന്നും പേരുണ്ട്.
[2] പ്രമാണികയുടെ രണ്ടു പാദം ചേർന്നാൽ പഞ്ചചാമരത്തിന്റെ ഒരു പാദമാകുന്നു.

23. തം ജം ലഗവും കബരീ. 7

ഉദാ:

കാർകൊണ്ടൽ തൊഴും കബരീ
ചൊല്ലൊണ്ട കൃപാലഹരി
ചിൽക്കുണ്ഡകമധ്യചരീ
കൈക്കൊണ്ടിടണം ശബരീ. – സ്വ.

24. മം നം ഹംസരുത ഗം ഗം. 8

25. ജതം വിതാനം ഗഗം കേൾ. 9

26. നാഗരികം ഭരം ലഗം. 10

ഇനി അനുഷ്ടുപ്പ് ഛന്ദസ്സിൽ വക്ത്രം മുതലായ ചില വിലക്ഷണവൃത്തങ്ങളുള്ളവയെ പറയുന്നു. ഇവയ്ക്കു നിയതമായിട്ട് ഒരു ഗുരു ലഘു വ്യവസ്ഥ ഇല്ലാത്തതിനാൽ ഓരോന്നും പലവിധത്തിൽ വരാം. ഗുരുലഘുക്കൾ മാറിയാലും വൃത്തം മാറാത്തതിനാൽ ഇവ സമവൃത്തങ്ങളിൽ ഉൾപ്പെടുന്നില്ല; വാസ്തവത്തിൽ ഇവയെ വിഷമ വൃത്തങ്ങളുടെ കൂട്ടത്തിൽ ഗണിക്കേണ്ടതാകുന്നു. എന്നാൽ പാദത്തലെ അക്ഷരനിയമം ഭേദപ്പെടുന്നുമില്ല. അതുകൊണ്ട് ഗുരു ലഘുക്രമം സംബന്ധിച്ചിടത്തോളം ഈ വൃത്തങ്ങൾ വിഷമങ്ങളും, അക്ഷരങ്ങളുടെ ആകത്തുക നോക്കുന്നപക്ഷം സമങ്ങളും ആകുന്നു.

27. ആദ്യക്ഷരം കഴിഞ്ഞിട്ടു
നസകാരങ്ങൾ കൂടാതെ
നാലിൻശേഷം യകാരത്തെ–
ച്ചെയ്താൽ വക്ത്രമനുഷ്ടുപ്പിൽ. 11

ഒന്നാമക്ഷരം കഴിഞ്ഞുള്ള മൂന്നക്ഷരങ്ങൾ നഗണമോ സഗണമോ ആകരുത്; നാലാമക്ഷരം കഴിഞ്ഞു വരുന്ന മൂന്നക്ഷരങ്ങൾ യഗണമായിരിക്കണം. ഇങ്ങനെ എട്ടക്ഷരത്തിലുള്ള വൃത്തത്തിന് വക്ത്രം എന്നു പേർ.

ഉദാ:

ഭ യ
സു/രാസുരർ/കൾവന്ദി/ക്കും

ര യ
സ/രസ്വതീ/പദദ്വ/ന്ദ്വം

ജ യ
സ/രസീരു/ഹസങ്കാ/ശം

യ യ
സ/രസംഞാൻ/നമിക്കു/ന്നേൻ.

ഈ ഉദാഹരണത്തിൽ ഒന്നാമക്ഷരം കഴിഞ്ഞിട്ടുള്ള ഗണം ഭ—ര—ജ—യ-ഗണങ്ങളാകയാൽ അവിടെ ന—സ—ഗണങ്ങൾ വന്നിട്ടില്ല; അതിനപ്പുറമുള്ള ഗണം നാലു പാദങ്ങളിലും യഗണം തന്നെ വന്നിട്ടുമുണ്ടെന്നു കാൺക. ഇതിൽ ആദ്യക്ഷരം ലഘുവും അന്ത്യാക്ഷരം ഗുരുവും ആയിരിക്കുന്നു. എന്നാൽ ആ അക്ഷരങ്ങൾ ഇന്നതു വേണം എന്നു നിബന്ധനയില്ല. ഇച്ഛപോലെ ലഘുവോ ഗുരുവോ ആക്കാം.

28. നാലിനുപരി വക്ത്രം തൻ
സമപാദങ്ങൾ രണ്ടിലും
യസ്ഥാനത്തു ജകാരത്താൽ
പഥ്യാവക്ത്രാഖ്യമായിടും. 12

വിഷമപാദങ്ങളിൽ മുഴുവനും വക്ത്രത്തിന്റെ ലക്ഷണം തന്നെ. സമപാദങ്ങളിലും ഒന്നാം അക്ഷരം കഴിഞ്ഞുള്ള ഗണത്തിന് വക്ത്രത്തിനുള്ള നിയമംതന്നെ ചെയ്തുകൊണ്ട് നാലാമക്ഷരത്തിനു മേലുള്ള ഗണം മാത്രം യഗണത്തിനു പകരം ജഗണമാക്കിയാൽ അത് 'പഥ്യാവക്ത്രം' എന്ന വൃത്തം.

ഉദാ:

ഭ യ
സു/രാസുരർ/കൾവന്ദി/ക്കും

മ ജ
സ/രസ്വത്യാഃ/പദദ്വ/യം

ജ യ
സ/രസീരു/ഹസങ്കാ/ശം

യ ജ
സ/രസംകു/മ്പിടുന്നു/ഞാൻ.

29. പഥ്യാവക്ത്രസമം തന്നെ
കേൾ യുഗ്മവിപുലാഭിധം [3] 13

പഥ്യാവക്ത്രത്തിനുതന്നെ 'യുഗ്മവിപുല' എന്നും പേർ.

---

[3] വക്ത്രത്തിന്റെ യുഗ്മ (2-ഉം 4-ഉം) പാദങ്ങളിൽ ഏഴാമക്ഷരം ലഘുവായി വന്നാൽ അത് യുഗ്മവിപുല എന്നു ലക്ഷണം.

"യസ്യാം ലഃ സപ്തമേ യുഗ്മേ
സാ യുഗ്മവിപുലാ മതാ." (വൃത്തരത്നാകരം)

വക്ത്രത്തിന്റെ അഞ്ചാമക്ഷരം ലഘുവും ആറാമക്ഷരം ഗുരുവുമായിരിക്കുന്ന നിലയ്ക്ക് ഏഴാമക്ഷരം ലഘുവാകുമ്പോൾ—നാലാമക്ഷരം കഴിഞ്ഞുള്ള—ആ ഗണം പഥ്യാവക്ത്രത്തിലെപ്പോലെതന്നെ ജഗണമായിരിക്കും.

(സൈതവാചാര്യമതമനുസരിച്ച് വക്ത്രത്തിന്റെ നാലു പാദത്തിലും ഏഴാമക്ഷരം ലഘുവായി വരണം യുഗ്മവിപുലയ്ക്ക്.) വൃ. ര.

30\. വിപരീതാദീപഥ്യയാം
പഥ്യാപാദം മറിച്ചിട്ടാൽ. 14

പഥ്യാവക്ത്രത്തിന്റെ വിഷമപാദലക്ഷണം സമപാദത്തിനും, സമപാദലക്ഷണം വിഷമപാദത്തിനും ആക്കിയാൽ 'വിപരീത പഥ്യാവക്ത്ര' വൃത്തമാകും.

ഉദാ:

സരസ്വത്യാഃ പദദ്വയം
സുരാസുരർകളാൽ വന്ദ്യം
സരസം കുമ്പിടുന്നു ഞാൻ
സരസീരുഹസങ്കാശം.

31\. നഗണത്താൽ ചപലയാ–
മോജത്തിൽ യഗണസ്ഥാനേ. 15

വക്ത്രവൃത്തിന്റെ വിഷമപാദങ്ങളിൽ യഗണത്തിനു പകരം നഗണം ചെയ്താൽ അത് 'ചപലാവക്ത്രം'; സമപാദങ്ങളിൽ നാലിൽപരം യഗണംതന്നെ.

ഉദാ:

സരസ്വത്യാഃ പദയുഗം
സുരാസുരർകളാൽ വന്ദ്യം
സരസം ഞാൻ പണിയുവെൻ
സരസീരുഹസങ്കാശം.

32\. നാലിൽ പിൻ ഭം ഭാദ്വിപുലാ.[4] 16

നാലാമക്ഷരം കഴിഞ്ഞുള്ള ഗണം ഭഗണമായാൽ 'ഭവിപുലാ'; ഈ ലക്ഷണം നലു പാദത്തിലും ഒന്നുപോലെ ചെയ്യണമെന്നും, വിഷമപാദങ്ങളിൽ മാത്രം മതി, സമപാദങ്ങളിൽ ആ സ്ഥാനത്ത് വക്ത്രലക്ഷണപ്രകാരം യഗണംതന്നെ എന്നും പക്ഷഭേദമുണ്ട്. രണ്ടു പക്ഷത്തിലും ഉദാഹരണം ഊഹിച്ചുകൊൾക.

33\. നാലിൽ പിൻ നം നവിപുലാ. 17

34\. രമതത്തിൽ മട്ടിതേ താൻ. 18

നാലാമക്ഷരം കഴിഞ്ഞ് നഗണമായാൽ 'നവിപുലാ'; രഗണമായാൽ 'രവിപുലാ'; മഗണമായാൽ 'മവിപുലാ'; തഗണമായാൽ 'തവിപുലാ'. ജഗണവും യഗണവും വരുന്നതിന് പേരുകൾ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ സ്ഥാനത്തിൽ സഗണം മാത്രമേ വരാതെയുള്ളൂ. എന്നാൽ കവികൾ ഈ വിപുലകളെ എല്ലാം കലർത്തിയാണ് പ്രയോഗിക്കാറുള്ളത് എന്നു പറയുന്നു.

---

4 ഭാത് = 'ഭ' കഴിഞ്ഞ്. 'ഭ' കഴിഞ്ഞു വിപുല = (ഭവിപുല)

35. ഓജങ്ങളിൽ തരംപോലെ
വിപുലാലക്ഷണങ്ങളും
ചേർത്തു പത്ഥ്യാവക്ത്രവൃത്തം
പ്രയോഗിക്കുന്നു സൂരികൾ. 19

ഇങ്ങനെ വക്ത്രം, പത്ഥ്യാവക്ത്രം, വിപുലകൾ ഇതെല്ലാം കലർന്നു പ്രയോഗിക്കുന്ന വൃത്തത്തിനുള്ള പേർ ചൊല്ലുന്നു:

36. ആനുഷ്ടുഭമനുഷ്ടുപ്പ്
പദ്യം ശ്ലോകവുമിങ്ങനെ
ഈ വൃത്തത്തിനു പല പേർ
ചൊല്ലുമാറുണ്ടു പണ്ഡിതർ. 20

ഇങ്ങനെ കലർന്നുള്ള വൃത്തത്തിന് ആനുഷ്ടുഭം, അനുഷ്ടുപ്പ്, പദ്യം, ശ്ലോകം എന്ന് ഈ പേരുകൾ എല്ലാം ഇച്ഛപോലെ പറയാറുണ്ട്. ഇനി ഇങ്ങനെയുള്ള അനുഷ്ടുപ്പുവൃത്തത്തിന് കവിസമ്പ്രദായപ്രകാരം സിദ്ധിച്ചിട്ടുള്ള ലക്ഷണത്തെ സൗകര്യത്തിനുവേണ്ടി രണ്ടാമതും എടുത്തു പറയുന്നു.

37. ഏതുമാവാമാദ്യവർണ്ണം; നസങ്ങളതിനപ്പുറം
എല്ലാപ്പാദത്തിലും വർജ്ജ്യം; പിന്നെ നാലിന്റെ ശേഷമായ്,
സമത്തിൽ ജഗണം വേണം; ജസമോജത്തിൽ വർജ്ജ്യമാം
ഇതാണാനുഷ്ടുഭത്തിന്റെ ലക്ഷണം കവിസമ്മതം. 21

സമത്തിലാദ്യപരമായ് രേഫവും പതിവില്ല കേൾ
നോക്കേണ്ടതിഹ സർവ്വത്ര കേൾവിക്കുള്ളൊരു ഭംഗിതാൻ.[5] 22

ആദ്യക്ഷരം ഗുരുവോ ലഘുവോ ആവാം; പിന്നത്തെ മൂന്നക്ഷരം നഗണമോ സഗണമോ അരുത്, ശേഷമേതെങ്കിലും ഗണമാവാം. ഇത്രയും ഭാഗം എല്ലാ പാദങ്ങളിലും തുല്യം. ഇനി സമപാദങ്ങളിൽ നാലാമക്ഷരത്തിനു മേൽ മൂന്നക്ഷരം ജഗണമായിരിക്കണം; വിഷമപാദങ്ങളിൽ ആ സ്ഥാനത്തു് ജഗണവും സഗണവും മാത്രമരുത്, മറ്റേതെങ്കിലും ഗണമാവാം. സമപാദങ്ങളിൽ ഒന്നാമക്ഷരം കഴിഞ്ഞാൽ നസഗണങ്ങൾ മാത്രമല്ല, രഗണവും വർജ്ജിക്കേണ്ടതുതന്നെ. അന്ത്യാക്ഷരം മനസ്സുപോലെ ആകാം. ഇതാണ് അനുഷ്ടുപ്പിന്റെ ലക്ഷണം. ഇതെല്ലാം കേൾവിക്കുള്ള ഭംഗിയെ പ്രമാണമാക്കി കവികൾ ചെയ്തിട്ടുള്ള ഏർപ്പാടാണ്. അതിനാൽ ഈ ലക്ഷണത്തേയും ഭംഗിനോക്കി വേണം പ്രയോഗിപ്പാൻ. അതിനാൽ ഈ ലക്ഷണത്തെത്തന്നെ പട്ടികയാക്കി താഴെ കാണിക്കുന്നു:

5 ചുരുക്കത്തിൽ, വക്ത്ര–വിപുലാകുടുംബാംഗങ്ങളുടെ ഒരു സമഞ്ജസമ്മേളനമാണ്, ആനുഷ്ടുഭം എന്നുകൂടി പേരുള്ള അനുഷ്ടുപ്പ്.

| | | | | |
|---|---|---|---|---|
| വിഷമപാദം: | ഗ / ല | മ / യ / ര / ഭ / ത / ജ | മ / യ / ര / ഭ / ത / ന | ഗ / ല |
| സമപാദം: | ഗ / ല | മ / യ / ഭ / ത / ജ | ജ | ഗ / ല |

## എതാനും ഉദാഹരണങ്ങൾ:

1. ഗ   ര   മ   ഗ
വെ/ ള്ളംജടാ / ന്തേബിഭ്രാ/ ണം
ഗ   ജ   ജ   ഗ
വെ/ ള്ളിമാമ / ലവിഗ്ര /ഹം
ഗ   ര   യ   ല
വെ/ ള്ളുരമ / ർന്നഗൗരീ / ശ-
ഗ   ജ   ജ   ഗ
മ്യ /ള്ളിലൻപൊ/ ട്ടുചിന്ത /യേ   – ബാലപ്രബോധനം

2. ഗ   ര   മ   ഗ
ഇ /ച്ചൊന്നതൊ/ക്കെച്ചെയ്തി/ ട്ടും
ഗ   ത   ജ   ഗ
ദ്രോ/ ഹിക്കുന്ന / മഹാസു /രൻ
ല   മ   യ   ഗ
ഇ / ണക്കംദു / ഷ്ടരിൽപ / റ്റാ
ല   മ   ജ   ഗ
പി /ണക്കുംതാൻ/ ഫലപ്പെ / ട്ടും

3. ല യ ന ഗ
˘ ˘ – – ˘ ˘ ˘ –
അ/തിനാൽനി/ ങ്ങളുമ /യാ

ല ഭ ജ ഗ
˘ – ˘ ˘ ˘ – ˘ –
ല/ വൻമന / മിളക്കു /വിൻ

ല മ യ ഗ
˘ – – – ˘ – – –
അ/ യസ്കാന്ത / പ്രഭാവ /ത്താൽ

ഗ ജ ജ ഗ
– ˘ – ˘ ˘ – ˘ –
കാ/ തിരുമ്പി /നെയെന്ന/പോൽ. – കു. സം.

ഈ ഉദാഹരണങ്ങൾകൊണ്ടും ലക്ഷണം കൊണ്ടും "സർവത്ര ലഘുപഞ്ചമം" എന്ന് ശ്രുതബോധപ്രകാരമുള്ള നിയമം സ്ഥൂലമാണെന്നു തെളിയുന്നു.[6]

## ബൃഹതി (9)

38. ചൊല്ലാം മം ന യ രമണീയം. 1

ഉദാ:

കുന്ദേന്ദുദ്യുതി രമണീയം
കന്ദം മൂന്നലകിതിനെല്ലാം
ചിത്തിൻവിത്തൊരു പരതത്ത്വം
ചിത്തത്തിൽ തെളിവരുളേണം – സ്വ.

39. കേൾ മണിമധ്യം ഭം മസവും. 2

ഉദാ:

നിർമ്മലശുദ്ധം സ്ഫാടികമാം
നന്മണിമധ്യത്തിനെതിരാം
വർണ്ണഗുണത്താൽ വർണ്ണ്യമതാം
വാണിയുടംഗം കൈതൊഴുവിൻ. – സ്വ.

40. രം നസം ഫലമുഖിയതാം. 3

41. നനമ ശിശുഭൃതാ വൃത്തം. 4

42. ഭദ്രികാ രനര ചേരുകിൽ. 5

6 പഞ്ചമം ലഘു സർവത്ര–സപ്തമം ദ്വിചതുർത്ഥയോഃ
ഷഷ്ഠം ഗുരു വിജാനീയാദ് - ഏതച്ശ്ലോകസ്യ ലക്ഷണം.

## പങ്ക്തി (10)

43. സുമുഖീ സസജത്തൊടേ ഗുരു.[7] 1

ഉദാ:

സരസീരുഹമക്ഷമാലികാ
സരസം വരപുസ്തകം ശുകം
കരപത്മപുടത്തിലേന്തീടും
വരദാ സുമുഖീ ജയിക്കണം. – സ്വ.

44. ഭം മസഗം കേൾ ചമ്പകമാലാ. 2

ഇതിന്ന് 'രുക്മവതി' എന്നും പേരുണ്ട്.

ഉദാ:

ചമ്പകമാലാ ചുംബികപാലാ
ചന്ദ്രസുഭാലാ ചാരുകപോലാ
ഭാസുര ചെമ്മേ ഭാരതി നമ്മെ
കാത്തരുളേണം കീർത്തി തരണം. – സ്വ.

45. മത്താവൃത്തം മഭസഗ ചേർന്നാൽ . 3

ഉദാ:

മാതംഗീ നന്മധുമദമത്താ
മാതംഗത്തിൻ മദഗതിയോടേ
മത്യാമെന്നും മമ വിലസേണം
മിത്ഥ്യാബോധം സകലമകറ്റാൻ. – സ്വ.

46. വൃത്തം ശുദ്ധവിരാൾ മസം ജഗം. 4

47. രം ജരം മയൂരസാരിണീ ഗം. 5

48. നരജഗങ്ങളാൽ മനോരമാ. 6

49. സാരവതിക്കിഹ ഭം ഭഭഗം. 7

50. ചൊല്ലാം സുഷമാ തം യം ഭ ഗുരു. 8

---

[7] ഈ സുമുഖിയാണ് വിയോഗിനിയിലെ ഓജപാദവൃത്തം.

## ത്രിഷ്ടുപ്പ് (11)

51. കേളിന്ദ്രവജ്രയ്ക്കു തതം ജഗം ഗം. 1

ഉദാ:

ഭക്തപ്രിയത്താൽ ഭഗവാനമങ്ങ-
സ്സൽക്കാരമേൽക്കാനടനെ തുനിഞ്ഞാൻ;
കൊല്ലോട്ടു മുപ്പാരുമയക്കിയെന്ന
നൽബ്ബാണമദൃർപ്പകനും തൊടുത്താൻ. –കു. സം.

52. ഉപേന്ദ്രവജ്രയ്ക്കു ജതം ജഗം ഗം.[8] 2

ഉദാ:

ചുവന്ന ചന്ദ്രക്കലപോൽ വളഞ്ഞും
വിളങ്ങി പൂമൊട്ടുടനെ പിലാശിൽ;
വനാന്തലക്ഷ്മിക്കു നഖക്ഷതങ്ങൾ
വസന്തയോഗത്തിലുദിച്ചപോലെ. – കു. സം.

53. അത്രേന്ദ്രവജ്രാംഘ്രിയുപേന്ദ്രവജ്ര
കലർന്നുവന്നാലുപജാതിയാകും.[9] 3

കവികൾ ഇന്ദ്രവജ്രയേയും ഉപേന്ദ്രവജ്രയേയും കൂട്ടിക്കലർത്തി പ്രയോഗിക്കുന്നു. അങ്ങനെ രണ്ടും കലർന്ന വൃത്തത്തിന് ഉപജാതി എന്നു പേർ.

ഉദാ:

ഭൃംഗാഞ്ജനച്ചാർത്തൊടു ചേർത്തു ചാർത്തീ
മുഖത്തിലോമൽത്തിലകം മധുശ്രീ;

---

[8] ഇന്ദ്രവജ്രയ്ക്ക് പാദാദിവർണ്ണം ഗുരു—ഉപേന്ദ്രവജ്രയ്ക്കു ലഘു; ഈ വൃത്തങ്ങൾക്കുതമ്മിൽ ഇത്രമാത്രമാണു ഭേദം.

[9] അത്ര, ഇന്ദ്രവജ്ര, അംഘ്രീ എന്ന് പ്രഥമപാദത്തിൽ പദച്ഛേദം. (അംഘ്രി = പാദം).

ഇന്ദ്രോപേന്ദ്രവജ്രകളുടെ കലർപ്പു പതിന്നാലുവിധത്തിൽ വരും.

'പാദേന പാദത്രിതയേന ചാഷ്ടാ-
വർദ്ധാർദ്ധയോഗേന ഷഡേവ ഭേദാഃ'

(ഒരു പാദം ഇന്ദ്രവജ്രയായി 4; ഒരു പാദം ഉപേന്ദ്രവജ്രയായി 4; രണ്ടു പാദം ഇന്ദ്രവജ്രയായി 3; രണ്ടു പാദം ഉപേന്ദ്രവജ്രയായി 3.)

ഈ പതിന്നാലുതരം ഉപജാതിക്കും കീർത്തി, വാണി, മാല, ശാല—ഇങ്ങനെ പ്രത്യേകം പേരുകളുമുണ്ട്. ഭദ്ര, ഹംസി എന്നിവയ്ക്ക് അർദ്ധസമവൃത്തപ്രകരണത്തിൽ ആഖ്യാനകി, വിപരീതാഖ്യാനകി എന്നു വിശേഷാൽ പേരുകളും. ഇതിൽ ആഖ്യാനകി എന്നും പേരുള്ള 'ഭദ്ര' എന്ന ഉപാജാതിയാണ് ഉദാഹൃതമായ'ഭൃംഗാഞ്ജനച്ചാർത്തൊടു…' എന്ന പദ്യത്തിൽ കാണുന്നത്.

ചേലൊത്ത ചെഞ്ചായമൂഴിഞ്ഞു മെല്ലെ
മിനുക്കിനാൾ മാന്തളിരാകുമോഷ്ഠം. – കു. സം.

54. മറ്റുള്ള വൃത്തങ്ങളുമിപ്രകാരമേ
കലർന്നുവന്നാലുപജാതിതന്നെയാം.

ഇന്ദ്രവജ്രോപേന്ദ്രവജ്രകളെപ്പോലെ മറ്റു ചില വൃത്തങ്ങളേയും കലർത്താറുണ്ട്; അതിനും ഉപജാതി എന്നുതന്നെ പേർ. ലക്ഷണശ്ലോകത്തിൽ ഇന്ദ്രവംശാ-വംശസ്ഥവൃത്തങ്ങളെ കലർത്തി പ്രയോഗിച്ചിരിക്കുന്നു. ഒരേ ഛന്ദസ്സിൽ സ്വല്പഭേദം മാത്രമുള്ള വൃത്തങ്ങളെ അല്ലാതെ ഇങ്ങനെ കലർത്തി ഉപജാതിയാക്കി പ്രയോഗിക്കാറില്ല.[10]

55. രം നരം ലഗുരുവും രഥോദ്ധതാ. 4

ഉദാ:

യാദവർക്ക കുരുപാണ്ഡവാദിയിൽ
ഭേദമെന്തു നിരുപിച്ചുനോക്കുകിൽ
മോദമോടിവിടെയാരു മുൻപിൽ വ–
ന്നാദരിക്കുമവരോടു ചേരണം. –ഭഗവദ്ദൂത്.

56. സ്വാഗതയ്ക്കു രനഭം ഗുരു രണ്ടും. 5

ഉദാ:

കാമപാലപശുപാലസമേതൻ
താമസേന രഹിതം പുരി പുക്കാൻ
കാമിനീജനകടാക്ഷമതാകും
ദാമഭൂഷിതമനോഹരരൂപൻ. – കൃ. ച.

[10] ഈ സംഗതിയിൽ പ്രാക്തനപണ്ഡിതന്മാർക്കുതന്നെ പക്ഷാന്തരമുണ്ട്. സമാക്ഷരപാദ(ഒരേ ഛന്ദസ്സിലെ)വൃത്തങ്ങൾ മാത്രമല്ല വിഷമാക്ഷരപാദ(ഭിന്നച്ഛന്ദസ്സിലെ)വൃത്തങ്ങൾ കലർന്നും ഉപജാതി വരുമെന്നു കാണുന്നു. അത്തരത്തിനുള്ള പല ഉദാഹരണങ്ങളും വൃത്തരത്നാകരത്തിലുണ്ട്. (മലയാളത്തിലും വൈശികതന്ത്രം, ചന്ദ്രോത്സവം മുതലായവയിൽ ഇത്തരം ഉപജാതി കാണാം.)
ഇന്ദ്രവജ്രോപേന്ദ്രവജ്രകളിൽ ഒന്നും ഇന്ദ്രവംശാവംശസ്ഥങ്ങളിൽ ഒന്നുമായുള്ള മിശ്രണത്തിന് ഒരു ന്യായം പറയാം—ഛന്ദോഭിന്നതയുണ്ടെങ്കിലും അത്യന്തം അടുപ്പമുള്ളവയാണല്ലോ എന്ന്. എന്നാൽ അത്രയ്ക്ക് അടുപ്പമില്ലാത്ത ഇന്ദ്രവജ്രാവസന്തതിലകങ്ങൾ കലർന്ന ഉപജാതിയും വൃത്തരത്നാകരത്തിൽ ഉദാഹരിക്കപ്പെട്ടിരിക്കുന്നു.
രണ്ടിലേറെ വൃത്തങ്ങളുടെ മിശ്രണവും ഉപജാതിയാകുംപോലും. ഇന്ദ്രവംശ, വംശസ്ഥം, ഉപേന്ദ്രവജ്ര എന്നീ മൂന്നു വൃത്തങ്ങളുടെ മിശ്രണം ഭാഗവതത്തിൽനിന്നും, ഇവയോടൊപ്പം ഇന്ദ്രവജ്രയും കൂട്ടി നാലുവൃത്തങ്ങളുടെ മിശ്രണം പ്രബോധചന്ദ്രോദയത്തിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട് വൃത്തരത്നാകരത്തിൽ.
രണ്ടു വൃത്തങ്ങളുടെ കലർപ്പ് ഓജയുഗ്മപാദക്രമത്തിലാകുമ്പോൾ ആ ഉപജാതി അർദ്ധസമവൃത്തവകുപ്പിൽ ഉൾപ്പെടുമെന്നു സ്മർത്തവ്യം (ആഖ്യാനകീവൃത്തങ്ങൾ നോക്കുക) മറിച്ചു പറഞ്ഞാൽ, അർദ്ധസമവൃത്തങ്ങളെല്ലാം ഉപജാതിയാണ്.

57. നാലേഴായ് മം ശാലിനീ തം ത ഗം ഗം. 6

മതത ഗഗ ശാലിനി. അതിനെ യതിക്കുവേണ്ടി നാലും ഏഴും ആയി മുറിക്കണം; നാലാമക്ഷരത്തിൽ പദം നില്ക്കണം. പാദാവസാനത്തിൽ പദം മുറിയുന്നതു് എല്ലാ ശ്ലോകത്തിനും വേണ്ടതുതന്നെ. യതിയുടെ കാര്യം ഇതുപോലെ മേൽപ്പറയുന്ന വൃത്തങ്ങളിലും ഊഹിച്ചുകൊള്ളണം.

ഉദാ:

പ്രത്യാദിഷ്ടാം കാമമക്കണ്വപുത്രീം
മത്യാമോർക്കുന്നീല ഞാൻ വേട്ടതായി
അത്യന്താർത്തിഗ്രസ്തമാം കിന്തു ചിത്തം
സത്യം താനേ പ്രത്യയിപ്പിച്ചിടുന്നോ. – ഭാ. ശാ.

58. വാതോർമ്മിക്കും മഭതം ഗം ഗ നാലിൽ. 7

ഇതിനും ശാലിനിക്ക് എന്നപോലെ നാലിലും ഒടുവിലും യതി.

59. മൂന്നു ഭ രണ്ടു ഗ ദോധകവൃത്തം. 8

ഭ ഭ ഭ ഗ ഗ ദോധകവൃത്തം.

60. മഭ്നാ ലം ഗം ഭ്രമരവിലസിതം. 9

മഭനലഗ 'ഭ്രമരവിലസിതം'.

61. മൗക്തികമാലാ ഭതനഗഗങ്ങൾ. 10

ഇതിന് 'ശ്രീ' എന്നും പേരുണ്ട്.

62. ഉപചിത്രമതാം സസസം ലഗം. 11

63. ജതം തഗം ഗം വരും കേരളിക്ക്. 12

64. നജജലഗം വരുകിൽ സുമുഖീ.[11] 13

65. നയഭഗഗം കേൾ മൗക്തികപങ്ക്തി. 14

66. ശ്യേനികാഖ്യമാം രജം രലം ഗുരു. 15

67. നരരലം ഗവും സമ്മതാഭിധം.[12] 16

---

[11] 43 ആം വൃത്തവും സുമുഖി തന്നെ.

[12] ഭാഗവതത്തിലെ പ്രസിദ്ധമായ 'ഗോപീകാഗീത' ഈ വൃത്തത്തിലാണ്.

'ജയതി തേ*ƒ*ധികം ജന്മനാ വ്രജഃ
ശ്രയത ഇന്ദിരാ ശശ്വദത്ര ഹി
ദയിത ദൃശ്യതാം ദിക്ഷു, താവകാഃ
ത്വയി ധൃതാസവസ്ത്വാം വിചിന്വതേ.'

68. കുമാരിക്കു വേണം യയംയം ലഗം.[13] 17
69. തം ജം ജഗഗങ്ങളുപസ്ഥിതാഖ്യം. 18
70. നന ഭ ഗുരുയുഗത്തൊടു പൃഥ്വീ.[14] 19
71. തന ത ഗുരുയുഗം ചിത്രവൃത്താ. 20
72. നയുഗസഗുരുയുഗളം വൃത്താ. 21
73. നഗണയുഗരലം ഗ ഭദ്രകാ.[15] 22
74. ഉപസ്ഥിതമതാം ജം സം തഗം ഗം.[16] 23
75. ഭം ഭഭഗം ഗുരു ചാരണഗീതം.[17] 24
76. നനന ലഘു ഗുരു രമണമാം[18] 25
77. നനഭ ഗുരുയുഗം ശുഭജാതം.[19] 26
78. ഭം സനലഗ ചേർന്നതു ഗുരുവാം. 27
79. സസനം ലഗവും ധരണിയതാം. 28
80. നജന ഗഗം ജലധരനീലം. 29
81. സജനം ലഗങ്ങൾ ശുഭചരിതം.[20] 30

---

[13] 147-ാം വൃത്തവും കുമാരി.
[14] 185-ാം വൃത്തത്തിനും പൃത്ഥി എന്നു പേരു്.
[15] ഇതിനു സുഭദ്രിക എന്നും ചന്ദ്രിക എന്നും നാമാന്തരങ്ങൾ ഉണ്ടു്.
[16] 69 - ഉപസ്ഥിത; 74 - ഉപസ്ഥിതം.
[17] 59-ാം വൃത്തമായ ദോധകവും ഈ ചാരണഗീതവും ഒരേ (ലക്ഷണമുള്ള) വൃത്തംതന്നെ. ഗണസംജ്ഞ വിധിക്കുന്ന പ്രസിദ്ധമായ ഒരു പദ്യം സംസ്കൃതത്തിലുള്ളതു് ഈ വൃത്തത്തിലാണു്.

‘മസ്ത്രിഗുരുസ്ത്രിലഘുശ്ച നകാരോ
ഭാദിഗുരുഃ പുനരാദിലഘുർയഃ
ജോ ഗുരുമദ്ധ്യഗതോ രല മദ്ധ്യ-
സ്സോഽന്തഗുരുഃ കഥിതോഽന്തലഘുസ്തഃ’

(ഒരു ഗണത്തിൽ മൂന്നും ഗുരുവായാൽ മഗണം; മൂന്നും ലഘുവായാൽ നഗണം; ആദിഗുരു ഭഗണം; ആദിലഘു യഗണം; മദ്ധ്യഗുരു ജഗണം; മദ്ധ്യലഘു രഗണം; അന്തഗുരു സഗണം; അന്തലഘു തഗണം — എന്നു് അർത്ഥയോജന.)
[18] 133, 204, ഈ വൃത്തങ്ങൾക്കും രമണം എന്നുതന്നെ പേരു്.
[19] 70-ാം വൃത്തമായ പൃത്ഥിയും ഈ ശുഭജാതവും ഒരേ (ലക്ഷണമുള്ള) വൃത്തമാണു്.
[20] ഈ ത്രിഷ്ടുപ്ഛന്ദസ്സിൽ വൈതിക എന്നൊരു വൃത്തംകൂടി വൃത്തരത്നാകരത്തിൽ കാണുന്നുണ്ടു്. അതിന്റെ ലക്ഷണം :

‘വൈതികാ രജൗ രലൗ ഗുരുർയദാ.’

പഞ്ചചാമരത്തിലെ ലഗംലഗം ക്രമത്തിനു നേരേ വിപരീതമായി ഗുരു-ലഘു ഗുരു-ലഘു എന്ന ക്രമത്തിൽ പതി

## ജഗതി (12)

82. ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും 1

ഉദാ:

തിരിച്ചു നോട്ടം മയി സമ്മുഖസ്ഥിതേ
ചിരിച്ചു വേറേ ചില കാരണങ്ങളാൽ
സ്മരിച്ചു മര്യാദ മനോജനെ സ്ഫുടീ-
കരിച്ചുമില്ലങ്ങു മറച്ചുമില്ലവൾ. – ഭാ. ശാ.

83. കേളീന്ദ്രവംശാ തതജങ്ങൾ രേഫവും.[21] 2

ഉദാ:

മുൻപോട്ടു പോകുന്നു വപുസ്സു കേവലം
പിൻപോട്ടു പായുന്നു മനസ്സു ചഞ്ചലം
വാതൂലവേഗം പ്രതി നീയമാനമാം
കേതുന്റെ ചീനാംശുകമെന്നപോലവേ. – ഭാ. ശാ.

വംശസ്ഥവും ഇന്ദ്രവംശയും കൂടി കലർന്ന 'ഉപജാതി'ക്കു്':

ഉദാ:

സൽക്കാരമേകാനയി! പാന്ഥ!കേൾക്കെടോ
തൽക്കാലമിങ്ങില്ല ഗൃഹാധിനായകൻ
പയോധരത്തിന്റെയുയർച്ച കാൺകയാ-
ലീയാധിയെങ്കിൽ പുലരെഗ്ഗമിച്ചിടാം. – സ്വ.

84. ദ്രുതവിളംബിതമാം നഭവും ഭരം. 3

ഉദാ:

ശമലമാർന്നിടുമീ വിഷയങ്ങളിൽ
ഭ്രമമകന്നിനി നിൻകൃപകൊണ്ടു ഞാൻ

---

നൊന്നക്ഷരം വരുന്നതു് വൈതിക. മലയാളത്തിലെ,

രാമ രാമ രാമ രാമ രാമ രാമ പാഹിമാം
രാമകൃഷ്ണ വാസുദേവ പത്മനാഭ പാഹിമാം

ഇമ്മട്ടിലുള്ള ശീലുകളിലെ വൃത്തവുമായി ഒത്തുനോക്കുക.

[21] ഇന്ദ്രോപേന്ദ്രവജ്രകൾക്കു പറഞ്ഞ ആ ഭേദം മാത്രമാണു് ഇന്ദ്രവംശാ-വംശസ്ഥങ്ങൾക്കു തമ്മിലും. വംശസ്ഥത്തിന്റെ പാദാന്ത്യവർണ്ണം വിട്ടാൽ ഉപേന്ദ്രവജ്ര; ഇന്ദ്രവംശയിൽ അങ്ങനെ ചെയ്താൽ ഇന്ദ്രവജ്ര.

ഹിമഗിരീന്ദ്രസുതേ! ശുഭപൂർണ്ണനാ-
യമരണം മരണംവരെയും സുഖം. – രവിവർമ്മാ

85. പ്രമിതാക്ഷരയ്ക്കു സജ ചേർന്നു സസാ. 4

ഉദാ:

പ്രമിതാക്ഷരാർത്ഥ ഗുണനീരസമായ്
സ്വമിതിക്കു ചേർന്നു നതിയൊന്നൊരു നാൾ
ഉരചെയ്തിടും നരനുമങ്ങരുളും
സുരദേശികോപമ സരസ്വതി! നീ.

86. സഗണം കില നാലിഹ തോടകമാം. 5

ഉദാ:

വെളിവായ് ഹൃദയം തവ കന്ദുകമേ!
കളഭാഷിണിതന്നധരം നുകരാൻ,
കുതുകാൽ കൊതിപൂണ്ടു കുതിപ്പതു നീ-
യതിയായവളോങ്ങിയടിച്ചിടവേ. – സ്വ.

87. യകാരങ്ങൾ നാലോ ഭുജംഗപ്രയാതം. 6

ഉദാ:

നൃപാലൻ മയങ്ങീടുമാറുള്ള കള്ള-
ത്രപാലംബലീലാവിലാസങ്ങളാലേ
കപാലം മറിക്കാമിനിക്കായവൻകൽ
കൃപാലേശമെന്തിന്നു ചിന്തുന്നു ചിത്തേ. – അതിമോഹനാടകം.

88. ചതുർജ്ജഗണം കില മൗക്തികദാമ. 7

89. നാലു രേഫങ്ങളാൽ സ്രഗ്വിണീവൃത്തമാം. 8

90. മം രണ്ടഞ്ചേഴായ് വൈശ്വദേവീ യ രണ്ടും. 9

മ മ യ യ 'വൈശ്വദേവി'; അഞ്ചിലും ഒടുവിലും യതി.

91. ആറാറിഹ തം യം തം യം മണിമാലാ. 10

92. നനരര മുറിയും പ്രഭയ്ക്കേഴിനാൽ. 11

ഇതിന് 'പ്രമുദിതവദന' എന്നും 'ഗൗരി' എന്നും പേരുകളുണ്ട്.

93. നയ നയ വന്നാൽ കുസുമവിചിത്രാ. 12

94. ജസങ്ങളിണയായ് ജലോദ്ധതഗതീ. 13

ജസ ജസ 'ജലോദ്ധതഗതി' എന്ന വൃത്തം.

95. നനമയ പുടമതാമേഴുമഞ്ചും. 14

96. നഭജരങ്ങൾ വരികിൽ പ്രിയംവദാ. 15

97. തം ഭം ജരങ്ങൾ ലളിതാഖ്യവൃത്തമാം. 16

98. മം ഭം നാലിൽ ജലധരമാലാ സം മം. 17

99. ഇഹ നവമാലികാ നജഭയങ്ങൾ. 18

100. നജജര കേൾ യതിയഞ്ചിൽ മാനിനീ.[22] 19

101. ജഭം ജരത്തൊട്ട സുമംഗലാഭിധം. 20

ഇതിനുതന്നെ 'പഞ്ചചാമര'മെന്നും പേരുണ്ട്.

102. ലളിതപദം നജജം യഗണാഢ്യം. 21

ഇതിനു 'താമരസ'മെന്നും പേർ പറയും.

103. ചന്ദ്രവർത്മ യതി നാലിൽ രനഭസം. 22

104. ഇഹ നന ഭര ചേരുകിലുജ്ജ്വലാ. 23

105. അഞ്ചിൽ മുറിഞ്ഞാൽ ഭം മസസം ലലനാ. 24

106. ദ്രുതപദം വരികിൽ നഭനയങ്ങൾ. 25

107. ദ്രുതഗതിക്കു നഭജങ്ങൾ യകാരം. 26

108. അത്ര ഭസനയം വരുവതു കന്യാ. 27

109. സയസം യവും കോകരതാഖ്യവൃത്തം. 28

110. അഞ്ചിൽ മുറിഞ്ഞാൽ ഭതനസ സുഭഗാ. 29

111. നനമര ലളിതാഖ്യം കേൾ വൃത്തമാം.[23] 30

112. നനഭമ ഗണമെങ്കിലതോ ജ്വാലാ. 31

113. ഉജ്ജ്വലമാം ഭഭനയ ഗണമെങ്കിൽ. 32

114. വൃത്തമിഹ ഭസം ജസം സുദതിയാം. 33

115. നജനസ ചേരുകിലതിരുചിരം.[24] 34

---

[22] ഇതിനു വൃത്തരത്നാകരത്തിൽ 'മാലതി' എന്നാണു പേരു കാണുന്നതു്.

[23] 97—ലളിത; 111—ലളിതം; 265—നം ലളിതം എന്നുതന്നെ പേരു്.

[24] 245-ാം അതിരുചിരം തന്നെ . എന്നാൽ 119 അതിരുചിര.

116. നരനരം വരുന്നതു സുഖാവഹം.[25] 35

## അതിജഗതി (13)

117. ത്രിച്ഛിന്നം മനജരഗം പ്രഹർഷിണിക്ക്.[26] 1

ഉദാ:

വീഴുമ്പോൾ ഭുവി നഖകാന്തിയാൽ വെളുത്തും
വാഴുമ്പോൾ ദിവി മിഴിശോഭയാൽ കറുത്തും
ഉന്തുമ്പോൾ കരതലലകാന്തിയാൽ ചുവന്നും
പന്തൊന്നെങ്കിലുമിതു മൂന്നുപോലെ തോന്നും. – സ്വ.

118. സജസം കഴിഞ്ഞു ജഗ മഞ്ജുഭാഷിണീ. 2

ഉദാ: മലയാളികൾക്കു രസമേറ്റമേശുവാൻ
മലയാളഭാഷയതിലുള്ള നാടകം
മലയാതെ നീ പറക നല്ലതൊന്നു പൊൻ-
മലയായെതിർത്തമുലയായ നായികേ! – പ്ര. ചാ.

119. ചതുര്യതിർഹ്യതിരുചിരാ ജഭസ്ജഗം. 3

നാലിൽ യതിയോടേ ജഭസജഗങ്ങൾ വന്നാൽ അതിരുചിരാ. ഉദാ:

സരസ്വതി സ്വതിരുചിരാംഗി ഭാസുരേ
സുരാസുരപ്രവരകിരീടകോടിയിൽ
ചരിക്കുമച്ചരണസരോജമെപ്പൊഴും
സ്മരിക്കുമിച്ചപലനു ബോധമേകണം. – സ്വ.

120. നനതത ഗുരുവോടേഴിൽ നിന്നാൽ ക്ഷമാ. 4

121. നാലാൽ ഛിന്നം മത്യസഗം മത്തമയൂരം. 5

---

[25] ഈ വൃത്തിന് സമ്മതാവൃത്തവുമായുള്ള (67) ഉറ്റബന്ധം ശ്രദ്ധിക്കുക. നമ്മുടെ തുള്ളൽക്കൃതികളിൽ,

'ചെറിയ പർപ്പടം വലിയ പർപ്പടം
കുറിയ ചോറുമക്കറിയുമത്ഭുതം'

ഇങ്ങനെ പല ശീലുകൾ ഈ സുഖാവഹവൃത്തമട്ടിൽ കാണാം. സമ്മതാവൃത്തമട്ടിലുമുണ്ട് ചില ശീലുകൾ:

'കള്ളനെങ്കിലും കാടനെങ്കിലും
മുള്ളനെങ്കിലും മൂഢനെങ്കിലും.'

ഇവ രണ്ടും കലർന്നമട്ടിലും ചില ശീലുകളുണ്ട്. സമ്മത, സുഖാവഹം—രണ്ടിനും ആറാമക്ഷരത്തിൽ യതി.

[26] മൂന്നാം അക്ഷരത്തിൽ യതി വേണം.

നാലിൽ യതിയോടേ മതയസഗങ്ങളെന്നർത്ഥം.

122. യമം രം രം ഗം കേൾ ചഞ്ചരീകാവലിക്ക്. 6
123. ന സ ര ര ഗ കേൾ ചന്ദ്രലേഖാഖ്യമാറാൽ.[27] 7
124. ന ന ത ത ഗുരു വിദ്യുത്തു കേളാറിനാൽ. 8
125. ന ത ത തം ഗം വരുന്നെങ്കിലാമൂർവ്വശീ. 9
126. സരസാഖ്യമത്ര സജസം സഗവും കേൾ. 10
127. ജതം സജഗം വരികിൽ മത്തകാശിനീ. 11
128. നജസജഗം വരികിലോ പ്രഭദ്രകം.[28] 12
129. ധരാനന്ദിനീ യജസസം ഗുരുവോടേ. 13
130. ന ന ന ന ഗുരുവൊടുമഘഹരണം. 14
131. ന ന ന യ ഗുരുവൊടു നവതാരുണ്യം. 15
132. ന ജ നസഗം കില ലളിതശരീരം. 16
133. ന ന ഭ ഭ ഗുരു ചേരുകിലോ രമണം. 17
134. ഭം സനന ഗുരുക്കളിഹ രജനിയാം. 18
135. സനജം നഗമിഹ ദൂഷണഹരണം. 19
136. വസുധാവൃത്തമിഹ സഭനജം ലഘു. 20
137. അവനിക്കു വരും സസനജലം കില. 21
138. ന ന തന ഗുരുവും മംഗളഫലകം. 22

## ശക്വരി (14)

139. ചൊല്ലാം വസന്തതിലകം തഭജം ജഗം ഗം. 1

ഈ വൃത്തിന് 'സിംഹോന്നത', 'ഉദ്ധർഷിണി', 'സിംഹോദ്ധതാ', 'വസന്തതിലകാ' എന്ന പലവിധം പേരുകളുണ്ട്. ഉദാ:

ക്ഷിപ്രപ്രസാദി ഭഗവാൻ ഗണനായകോ മേ
വിഘ്നങ്ങൾ തീർത്തു വിളയാടുക സർവ്വകാലം
സർവ്വത്രകാരിണി സരസ്വതിദേവി വന്നെൻ-
നാവിൽ കളിക്ക കുമുദേഷു നിലാവുപോലേ. – കീർത്ത.

[27] 162-ാം ചന്ദ്രലേഖ.
[28] 160-നം ഇതേ പേരു തന്നെ.

140. ഇന്ദുവദനയ്ക്കു ഭജസം ന ഗുരു രണ്ടും. 2

ഉദാ:

വെണ്മതികലാഭരണനംബിക ഗണേശൻ
നിർമ്മലഗുണാ കമല വിഷ്ണുഗവാനും
നാന്മുഖനുമാദി കവിമാതു ഗുരുഭൃതർ
നന്മകൾ വരുത്തുക നമുക്കു ഹരിരാമ! – ഇ. വൃത്തം

141. നജഭജലങ്ങളും ഗുരുവതും പ്രമദാ. 3

142. നര നരങ്ങളും ലഗമതും സുകേസരം. 4

143. അഞ്ചിൽ തട്ടും മം തനസഗഗമസംബാധാ. 5

144. നനരസലഗകേൾ നടുക്ക്[29] പരാജിതാ. 6

145. മം സംമം ഭഗഗം ചേർന്നേഴേഴെങ്കിലലോല. 7

146. നനഭന ലഗവും പ്രഹരണതിലകം. 8

147. നജഭജ ഗംഗമെട്ടിലറുകിൽ കുമാരീ. 9

148. യതിയഞ്ചിലായ് സജസയങ്ങൾ പത്ഥ്യാ ലഗം. 10

ഇതിനുതന്നെ 'മഞ്ജരീ' എന്നും പേർ.

149. ചേർന്നാൽ തയ സംഭം ഗഗവൃത്തം മദനാർത്താ.[30] 11

150. ഭം ന ന ന ലഘു ഗുരു ഗിരിശിഖരമാം. 12

151. നജന സരോരുഹമിഹ സലലത്തൊടു. 13

152. ന ന ഭ സ കമലാകരമിഹ ലം ലഘു. 14

153. കരുണാകരമിഹ സ ന ന ന ലഘുഗം. 15

154. നജനനലം ഗുരുവുമിഹ വലജമാം. 16

155. സനജം നലലവുമത്ര ഹി ശുഭഗതി. 17

## അതിശക്വരി (15)

156. നനമയയുഗമെട്ടിൽത്തട്ടണം മാലിനിക്ക്. 1

'നനമയ മാലിനി'; എട്ടിൽ യതി.

---

[29] നടുക്ക് = മദ്ധ്യേ, ഏഴാമക്ഷരത്തിൽ, യതി.

[30] ഈ വൃത്തത്തിന് ഭാഷാകവിതയിൽ നല്ല പ്രചാരം സിദ്ധിച്ചിട്ടുണ്ട്. 'ഇരുപത്തിനാലുവൃത്ത'ത്തിലെ വൃത്തങ്ങൾ വിവരിക്കുന്നിടം (ഭാഷാവൃത്തപ്രകരണത്തിൽ) നോക്കുക.

ഉദാ:

ഇതിലെഴുതിയിരിക്കും മാമകേ നാമധേയേ
പ്രതിദിനമൊരു വർണ്ണംവീതമായെണ്ണണം നീ;
അതിനുടയ സമാപ്താവസ്മദീയാവരോധം
മതിമുഖി! ദയിതേ! ത്വാം നേതുമാളെത്തുമന്ന്. – ഭാ. ശാ.

157. നനതഭരമതെട്ടാൽ മുറിഞ്ഞുപമാലിനി. 2

158. നഗണയുഗളയുഗമൊടു സ ശശികലാ.[31] 3

നാലു നഗണവും ഒരു സഗണവും എന്നർത്ഥം; അതായത് പതിന്നാലു ലഘുവും ഒടുവിൽ ഒരു ഗുരുവും.

159. മം താനഞ്ചും ചേർന്നീടന്നെങ്കിൽ കാമക്രീഡാവൃത്തം. 4

160. നജഭജരങ്ങളാൽ വരുമിഹ പ്രഭദ്രകം. 5

161. യതിയഞ്ചിലായ് സജന നയഗണമതേലാ. 6

162. ഏഴെട്ടായിട്ടു വന്നാൽ മർമ്മം യയം ചന്ദ്രലേഖാ. 7

ഏഴിൽ യതി; മരമയയഗണങ്ങൾ

163. രേഫമഞ്ചൊന്നു ചേർന്നെങ്കിലോ ചന്ദ്രരേഖാഖ്യമാം. 8

164. യതിയഞ്ചിലായ് സജനനസമിഹ ദളമാം. 9

165. നയനയമം ചേരുകിലതു വൃത്തം സംസാരം. 10

166. കൂടിച്ചേർന്നാൽ മഭസഭസം കേൾ സകലകലം. 11

167. ചൊല്ലാം വൃത്തം സാരസകലികാ മതനഭസം. 12

168. സതനം തംയം മരതകനീലാഭിധവൃത്തം. 13

## അഷ്ടി (16)

169. ജരം ജരം ജഗം നിരന്നു പഞ്ചചാമരം വരും. 1
[അല്ലെങ്കിൽ]
ലഗം ലഗം നിരന്നു പത്തുമാറു പഞ്ചചാമരം.

ഉദാ:

ഗജോപരിസ്ഥനായ് ഞളിഞ്ഞണഞ്ഞ നീയതിത്രയും
രജോഗുണാന്ധനാകയാലെ നീയുമാശു നിന്നുടെ

[31] 247-ം ശശികല.

പ്രജാദിയും ജരാതുരാന്ധരായി വന്നിടട്ടെ സദ്-
ദ്വിജാഢ്യനായൊരേഷ ഞാനരച്ചിട്ടും വചസ്സിനാൽ. – പി. വീ. ഉ.

170. അഞ്ചു ഭകാരമിഹാശ്വഗതിക്കൊടുവിൽ ഗുരുവും.[32] 2

ഉദാ:

പദ്മജ വല്ലഭ തന്നുടെ തൃപ്പദയുഗ്മമതാ-
മുന്മിഷദംബുരുഹത്തിലമർന്ന രജോവിസരം
എന്മനമാകിന ദർപ്പണമെപ്പൊഴുതും കഴുകി-
ക്കന്മഷമെന്നിയെ നിർമ്മലമാക്കി വിളക്കിടണം. – സ്വ.

171. ശൈലശിഖയ്ക്കു കേൾ ഭരനഭം ഭഗണം ഗുരുവും. 3

ഉദാ:

താപസപുത്രിതൻപരിണയസ്മരണാപഹമാം
താമസവൈകൃതേന മമ മാനസമുജ്ഝിതമായ്
താപസമർപ്പണത്തിനു തുനിഞ്ഞ മനോഭവനാൽ
ചാപമതിങ്കൽ മാങ്കണയുമാശു നിവേശിതമായ്. – ഭാ. ശാ.

172. ഛാന്ദസീവൃത്തമാം രേഫമഞ്ചിന്നു മേലേകകം ഗം. 4

ഉദാ:

ശാലയിൽ ചുഴവേ ക്ലപ്തധിഷ്ണ്യാസ്സമിദ്ഭിസ്സമിദ്ധാ
നാലു ഭാഗേഷു സംസ്തീർണ്ണദർഭാ വിതാനാഗ്നയോƒമീ
ചാലവേ ഹവ്യഗന്ധൈരപഘ്നന്ത ഏനസ്സമസ്തം
പാലനം ചെയ്തുകൊള്ളട്ടെയെൻ നന്ദനാം സർവ്വകാലം. – ഭാ. ശാ.

173. വന്നിടുകിൽ ഭരം നരനഗങ്ങൾ ധീരലളിതാ. 5

174. നജഭജരങ്ങളോട്ടു ഗുരു വാണിനീതി വൃത്തം. 6

ഈ വാണിനിക്കു് ‘ഭാരതി’ എന്നും പേർ പറയും.

175. നനനനന ഗുരു വരുവതു പരിമളമാം. 7

176. ഉണ്ടാം വൃത്തം മഭന ജനഗവും രുചിരതരം. 8

177. നന തന മഗവും സാരസനയനാഖ്യം വൃത്തം. 9

178. നയനയസം ഗം വരുവതു വൃത്തം രസരംഗം. 10

---

[32] 216-നം പേരു് ഇതു തന്നെ.

179. ഭം സസസഭഗങ്ങൾ കലർന്നിടുകിൽ പത്രലതാ. 11

180. കമനീയമതാം സഗണങ്ങളൊരഞ്ചൊടുവിൽ ഗം. 12

181. അമലാഖ്യം സഭസഭസം പിന്നൊരു ഗുരുവും കേൾ. 13

182. നജയഭസം ഗുരുവോടു ചേർന്നതും ഗിരിസാരം. 14

183. തംതം തസം തം ഗമത്ര്യാതിമുദിതം കേൾ വൃത്തമാം. 15

## അത്യഷ്ടി (17)

184. യതിക്കാറിൽ തട്ടും യമനസഭലം ഗം ശിഖരിണീ. 1

ഉദാ:

അതിക്രൂരം ബാണം കുസുമതതിയിൽ ചെങ്കനലുപോൽ
പതിപ്പിച്ചീടൊല്ലാ പരിമൃദുലയാമിമ്മൃഗതനൗ
നിതാന്തം നിസ്സാരം ബത! മൃഗമതിൻ ജീവനെവിടെ?
കൃതാന്താ ദൈത്യാനാം, തവ ച കടുബാണങ്ങളെവിടെ? – ഭാ. ശാ.

185. സജം ജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃത്ഥ്വിയാം. 2

ഉദാ:

ഭ്രമി[33] ക്കനിവെഴുന്ന നിൻകണവനിങ്ങു വന്നീടവേ
ശ്രമക്കുറവിനൊന്നുമേയുപചരിച്ചതില്ലെങ്കിലും
അമായമധുവൂർന്നിടും മൊഴികൾപോലുമോതാതെ നീ-
യിമച്ച മിഴിയെന്നിയേ സഖി മിഴിച്ചിടുന്നതെന്തെടോ? – രസ. നി.

186. മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ് ഗം. 3

ഉദാ:

പാലിക്കാനായ്ബ്ഭുവനമഖിലം ഭൂതലേ ജാതനായി-
ക്കാലിക്കൂട്ടം കലിതകുതുകം കാത്തകണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വെച്ചിടേണം
മൗലിക്കെട്ടിൽ തിരുകുമതിനെത്തീർച്ചയായ്ബ്ഭക്തദാസൻ. – മ. സം.

187. നസമ ഹരിണിക്കാറും പത്തും മുറിഞ്ഞു രസം ലഗം. 4

ആറിലും പത്തിലും ഒടുവിലും യതി; ആറ് നാല് ഏഴ് എന്നു മുറിയണം.
ഉദാ:

---

[33] ഭ്രമി = സ്ത്രീ; സ്ത്രീയോട് (ഭാര്യയോട്) കനിവുള്ള.

പരിഭവഭയാദ്യേനായുക്തം ഗൃഹീതമതായി നീ-
യൊരുപൊഴുതിലും യന്മാഹാത്മ്യാൽ പിഴച്ചതുമില്ല നീ
പരിഹൃതമതായ് തേനാദ്യ ത്വം സുതവ്യസനത്തിനാൽ
പരിചിതമഥാപി ത്വാം ശസ്ത്ര! ത്യജിച്ചിടുമിന്നു ഞാൻ. – വേ. സം.

188. പത്തിനു വംശപത്രപതിതം ഭരനഭനലഗം. 5

189. നജഭജമേഴിനാൽ യതിജലം ഗുരു നർക്കുടകം.[34] 6

190. നനമര ഹരിയാറും പത്തും നിറുത്തി സലം ഗുരു. 7

191. യഭം കാന്താ നരസലഘുവും ഗ നാലിനു പത്തിനും. 8

192. നജസം ഭജഗം ഗ പത്തുമേഴുമിഹ ചിത്രലേഖാ. 9

193. നഗണദശ ദലമിരുഗുരുവൊടു മണിദീപം. 10

അഞ്ചു നഗണവും രണ്ടു ഗുരുവും; അതായത് 15 ലഘുവും രണ്ടു ഗുരുവും.

194. ഭം സനനഭഗം ഗമിഹ വരികിലോ പരിണാമം. 11

195. നനഭനയഗഗം വരുവതു രമണീവൃത്തം കേൾ. 12

196. നനതനഭഗഗം കേളീഹ സുലലാമമതേഴാൽ. 13

197. ജഗതീതിലകം സസനജനത്തൊടു ഗുരു രണ്ടും. 14

198. നജനഭഭം ഗുരു ഗുരു ചേർന്നിടുകിൽ സശരീരം. 15

199. നജനസഭം ഗുരു ഗുരു ഗുണജാലം കിലവൃത്തം. 16

200. പുളികാഭിധമാം സസനയനത്തോടു ലഘു ഗുരു. 17

201. നനഭസഭഗഗങ്ങളിഹ തുടർന്നാൽ മദനീയം. 18

202. ശ്രവണീയാഭിധവൃത്തം സഭതം യം നലഗമൊടേ. 19

## ധൃതി (18)

203. രം സജം ജഭരേഫമിഗ്ഗണയോഗമത്ര ഹി മല്ലികാ. 1

---

[34] ഉദാ:

അഥ സകലം നിനയ്ക്കുകിലുമാടൽ വഹിച്ചടവീ-
പഥമവൾ വിട്ടുപോയി, ജവ, മാ രുജ നീങ്ങുവതോ!
കഥയനയാതരോടവൾ പറഞ്ഞു കരഞ്ഞു പരം
വ്യഥയോടഹോ മടങ്ങിയവർ, തങ്ങിയൊരേടമവൾ. – ലീല.

ഉദാ:

അഞ്ചിതദ്യുതി ചൂതപുഷ്പധനസ്സെടുത്തോരു വീരനാം
പഞ്ചബാണനു നിന്നെ ഞാനിഹ സഞ്ചിതാദരമേകിനേൻ
കുഞ്ചിതാളകമാർമനസ്സിനു ചഞ്ചലത്വവിധായകം
തഞ്ചമോടു ഭവാധുനാ പുനരഞ്ചിലേറിയ സായകം. – ഭാ. ശാ.

204. കേളിഹ രമണം ഭസനജനം സഗണമൊടൊടുവിൽ. 2
205. എട്ടിലഞ്ചിലൊടുവിൽ രം നജയം ഭം രം ഹരനർത്തനം. 3
206. ഭം ഭനനം ഭസമിവ തുടരുകിലോ ഭവതരണം. 4
207. മം ഭനജം നസഗണമിഹ ചേർപ്പതു കരകമലം. 5
208. ചേർന്നുവരികിലത്ര ഭസനനഭസം കില സുകൃതം. 6
209. സനജം നഭസഗണങ്ങളൊടിഹ ശങ്കരചരിതം.[35] 7
210. സനനം നയസഗണമിഹ വരുവതോ ശ്രീസദനം. 8
211. അഞ്ചാറേഴായ് മം കുസുമിതലതാവേല്ലിതാ തം ന്യയം യം. 9
212. ദശയതിയലസയ്ക്കു വേണം നനം നാലു രേഫങ്ങളും. 10

ഇതിന് 'ദിശ' എന്നും 'നിശ' എന്നുംകൂടി പേരുകളുണ്ട്.

213. അഞ്ചാറേഴെന്നായ് മം മം ഭമയം യം സിംഹവിഷ്ഫൂർജ്ജിതത്തിൽ. 11
214. എട്ടഞ്ചുംപുനരഞ്ചുമായ് മസജഭരം ഹരിണപ്ലുതം. 12
215. നയുഗളമിഹ നാലു രേഫങ്ങളോടേ മഹാമാലികാ.[36] 13
216. അഞ്ചു ഭകാരമിഹാശ്വഗതിക്കു സകാരവുമൊടുവിൽ. 14

## അതിധൃതി (19)

217. പന്ത്രണ്ടാൽ മസജം സതം തഗുരുവും ശാർദ്ദൂലവിക്രീഡിതം. 1

ഉദാ:

രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടുമുഷസ്സെങ്ങും പ്രകാശിച്ചിടും
ദേവൻ സൂര്യനുദിക്കുമിക്കമലവും കാലേ വിടർന്നീടുമേ;

[35] ഇതിന് ഭാഷയിൽ പ്രചാരാധിക്യമുണ്ട്. ഭാഷാവൃത്തപ്രകരണത്തിൽ ഇരുപത്തിനാലുവൃത്തഭാഗം നോക്കുക.
[36] 212 — അലസ; 215 — മഹാമാലിക. രണ്ടും ഒരേ വൃത്തം. അലസയ്ക്ക് പത്തിൽ യതി വിധിച്ചിരിക്കുന്നു എന്നൊരു വിശേഷം മാത്രം.

ഏവം മൊട്ടിനകത്തിരുന്നളി മനോരാജ്യം തുടർന്നീടവേ,
ദൈവത്തിൻമനമാരുകണ്ടു? പിഴുതാൻ ദന്തീന്ദ്രനപ്പദ്മിനീം. – സ്വ.

218. മുറിഞ്ഞാറാറേഴും യമനസരരം മേഘവിഷ്ഫൂർജ്ജിതം ഗം. 2

ഉദാ:

മുദാ മൂലാധാരേ ജലഭരനമന്മേഘവിഷ്ഫൂർജ്ജിതത്താൽ
മദിക്കും വിദ്യുത്തിൻസ്ഫുരിതമതിനോടൊത്തൊരാടോപമോടേ
ഉദിച്ചീടും നാദാത്മകവിമലസൂക്ഷ്മാംഗസംലക്ഷണീയാ
സദാ ശബ്ദബ്രഹ്മാമൃതലഹരിയാം ദേവിയെന്നെത്തുണയ്ക്ക! – സ്വ.

219. മുറിഞ്ഞാറാറേഴും യമനസജജം ഗുരുർമ്മകരന്ദികാ. 3

220. നഭരസംജജഗം നിരന്നു വരുന്നതാം ഭ്രമരാവലി. 4

221. ചൊല്ലാമത്ര മസം സതജം യംഗം മണിദീപ്ത്യഭിധം വൃത്തം. 5

222. വാണീവൃത്തം മഭസനയം സഗണമൈകം ഗുരുവും കേൾ. 6

223. നനഭനജനഗങ്ങളിഹ വരികിലോ പ്രഥമപദം. 7

224. വൃത്തമതുണ്ടാം കമലാക്ഷാഖ്യം ഭത യഭ സംസഗമൊത്താൽ. 8

225. അമലതരാഭിധമിഹ നജനം സനനഗ വരികിൽ. 9

226. ഇഹ നജനം നജനമൊരു ഗുരുവൊടേ കുവലിനിയാം. 10

227. സനനം നനസമൊരു ഗുരുവുമിഹ കില കുലപാലം. 11

228. നനനമൊടു ജനസമൊടുവിൽ ഗുരു സുഖകരവൃത്തം. 12

229. ധൃതകുതുകമതാം നനഭം ഭനനമൊരു ഗുരുവൊടേ. 13

## കൃതി (20)

230. മൂന്നുവട്ടമിങ്ങു രേഫജങ്ങൾ ചേർന്നതും ഗലങ്ങൾ വൃത്തമെന്ന്. 1

രജ രജ രജ ഗല അല്ലെങ്കിൽ ഗുരു ലഘു എന്ന ക്രമത്തിൽ 20 അക്ഷരം ചേർന്നത് 'വൃത്തമെന്ന്' പേരായ വൃത്തം.

ഉദാ:

മോഹമാകുമന്ധകാരസന്തതിക്കുദിച്ചുയർന്നിടുന്ന ബാല-
മോഹനാർക്കരശ്മിയായിടും സരസ്വതീപദാരവിന്ദരേണു
ചീർത്ത മൗഢ്യമായ പങ്കഭാരമാണ്ടു കണ്ണമായി മേവിടുന്ന
ചിത്തദർപ്പണം കണക്കിലൊന്നു തേച്ചഹോ തെളിച്ചിടേണമിന്ന്. – സ്വ.

231. ഏഴേഴാറായി നില്ക്കും മരഭനയഭവും ലംഗം സുവദനാ. 2

232. ഉത്പലമാലികാ ഭരനഭം ഭരലം ഗുരുവും വരുന്നതാം. 3

233. ശാർദ്ദൂലാഭൗ ഗുരുവൊന്നു ചേർത്തിടുകിലോ മത്തേഭവിക്രീഡിതം. 4

മുൻ ഛന്ദസ്സിൽ പറഞ്ഞ ശാർദ്ദൂലവിക്രീഡിതത്തിന്റെ ആരംഭത്തിൽ ഒരു ഗുരു ചേർത്താൽ അതു് 'മത്തേഭവിക്രീഡിതം'.

234. നജജനനം നഗണം ഗുരുയുഗമൊടു വരുവതു പാത്രം. 5

235. ഇഹ കില കാരീരമതാം നം യം സതനഭഗം ഗുരുവോടേ. 6

236. നനവുമഥ നനവുമഥ സനലഗവും മധുരതരം. 7

237. ഇഹവൃത്തം സഭസഭമോടേ സഭഗഗ ചേർന്നാൽ വനമാലം. 8

238. നജജനനം നഗഗം ഗണമിഹ വരുവതു ഭവസാരം. 9

239. ഇഹ കില ഗംഗാവൃത്തം കേൾ നയമനനഭഗം ഗുരുവോടേ. 10

240. ഇഹ രസപാത്രാഖ്യം നയഭം തം ന ഭഗഗ ചേർന്നിടുകിൽ കേൾ. 11

## പ്രകൃതി (21)

241. ഏഴേഴായ് മൂന്നു ഖണ്ഡം മര ഭനയയയം സ്രഗ്ദ്ധരാവൃത്തമാകും. 1

ഉദാ:

താരിൽ തന്വീകടാക്ഷാഞ്ചലമധുപകുലാ-
രാമ! രാമാജനാനാം
നീരിൽതാർബാണ! വൈരാകരനികരതമോ-
മണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊടുകുറി കളകാ-
യ്യെന്നുമേഷാ കളിക്കും-
നേരത്തിന്നിപ്പുറം, വിക്രമനൃവര! ധരാ
ഹന്ത! കല്പാന്തതോയേ! – പൂനം. ന.

242. രം നരം നര നരം നിരന്നു വരുമെങ്കിലോ കുസുമമഞ്ജരീ. 2

ഉദാ:

കണ്ടനാളമഴകിൽ തിരിച്ചനപദം രഥം
പിറകിൽ നോക്കിയും
കണ്ടനായ് ശരഭയേന പൃഷ്ഠമതു പൂർവ്വ-
കായഗതമാക്കിയും

ഇണ്ടൽകൊണ്ടു വിവൃതാനനാൽ പഥി ചവച്ച
ദർഭകൾ പതിക്കവേ,
കണ്ടുകൊൾക, കുതികൊണ്ടു കിഞ്ചിഭവനൗ ഭൃശം
നഭസി ധാവതി. – ഭാ. ശാ.

243. സലിലനിധിക്കു വേണമിഹ കേൾ നജഭം ജജജങ്ങൾ രേഫവും. 3
244. ഇഹ സം ജസം ജസ ജസം തുടർന്നവരുമെങ്കിലങ്ങു തടിനീ. 4
245. ഇരുപതുലഘുവൊരു ഗുരുവൊടൊടുവിലതിരുചിരമതാം. 5
246. നഭനഭം നഭരമൊടു ചേർന്നതു കുമുദിനീസമഭിഖ്യമാം. 6
247. ചേർന്നാൽ തനനയ നജയമുളാകം[37] ശശികലയാകിയ വൃത്തം. 7
248. നയനയനത്തോടിഹ ജയ ചേർന്നാൽ വരുവതു കേൾക്ക കളത്രം. 8
249. സഭഭത്തോടിഹ കേൾ സസനയ ചേരുകിലേർപ്പെടുമനപായം. 9
250. സനസം നജനസവുമൊത്തുവരികിലോതുക രവിരദനം. 10
251. നജയനയംനയമോടെ വരുവതു വൃത്തം നൃപതിലലാമം. 11

## ആകൃതി (22)

252. മത്തേഭസംജ്ഞമിഹ വൃത്തം ധരിക്ക തഭയത്തോടു ജം സരനഗം. 1

ഉദാ:

മുട്ടാതെയെന്നുമൊരു പട്ടാടതന്നെ തവ
കിട്ടാത്തതൊ പശുപതെ!
കേട്ടാലുമെന്തു ബത! കാട്ടാനതന്റെ തുകിൽ
കെട്ടാനരയ്ക്കു കുതുകം
പിട്ടായൊരിക്കലൊരു കാട്ടാളവേഷമതു
കെട്ടാൻ തുനിഞ്ഞതുവശാൽ
മട്ടായതെന്നുമയി! കാട്ടാനിതെന്തു കൊതി
പട്ടാങ്ങതാരുമറിയാ! – സ്വ.

253. ഭദ്രകവൃത്തമാകുമിഹ ഭം രനം രന രനം ഗ പത്തിലറുകിൽ. 2
254. ഏഴു ഭകാരമൊരേ വരിയായൊടുവിൽ ഗുരുവും മദിരയ്ക്കുവരും. 3
255. നരന രേഫ നം രനഗുരുക്കളും തുടരുകിൽ തരംഗിണിയതാം. 4
256. നയസഭനം നംസഗ ചേർന്നാലിഹ വരുവതരുളിടുക ലക്ഷ്മീ. 5

[37] ഉളാകം – ഉണ്ടാകം

257. കമലദിവാകരമിഹ നജനം സനനമ ഗുരുവോടേ വന്നാൽ. 6

## വികൃതി (23)

258. ഇഹ പതിനൊന്നിൽ നിന്നു നജഭം ജഭം ജഭലഗങ്ങളശ്വലളിതം. 1

259. മത്താക്രീഡയ്ക്കോട്ടേഴെട്ടായ് മമതനനനമൊടു നന ലഘുഗുരുവിഹ. 2

260. വരുമിഹ മഞ്ജുളാ നജഭജം ഭജം ഭലഗമൊത്തു ചേർന്നു വരികിൽ.[38] 3

261. ചേർത്തിടുകിൽ ഭഗണങ്ങളൊരേഴൊടു രണ്ടു ഗുരുക്കൾ സരോജസമാഖ്യം. 4

262. നജനസനംനഭഗഗം വരുകിൽ കില മണിഘൃണിയാമിഹ വൃത്തം. 5

## സംകൃതി (24)

263. അഞ്ചഥ പന്ത്രണ്ടിവകളിൽ മുറിയും ഭം തന സം ഭഭനയമിഹ തന്വീ. 1

264. ന ന ന നമൊടിഹ ര ര ര ര വിലാസിനീസംജ്ഞമാം വൃത്തമുണ്ടായിടും. 2

265. നജ ഭസമേഴിലും യതി പതിനെട്ടിലും ജസ ജസം ശ്രുവിക്ക ലളിതം. 3

266. അഞ്ചിണയെട്ടിൽ ക്രൗഞ്ചപദാഖ്യം ഭമസഭനന ന യഗണമിഹ ചേർന്നാൽ. 4

പത്തിലും പതിനെട്ടിലും യതി എന്നർത്ഥം.

267. നന ഭമ സനനത്തോടു സം ചേർന്നാലുളവാമിഹ മധുകരകളഭം. 5

268. സഭമോടേ ഭസനം ജനസവുമെന്നിവ വരികിൽ കില ഗുണസദനം. 6

## അഭികൃതി (25)

269. ക്രൗഞ്ചപദാഖ്യം വൃത്തമതാകും ഭമസഭ നഗണയുഗളയുഗള ഗുരു.[39] 1

270. രേഫമൊന്നു സകാരമൊന്നു ജകാരമൊരാറൊടുവിൽ ഗുരുവൊന്നു കുമുദ്വതീ. 2

271. നനഭമൊടു സസം നജനഗവും വരുകിൽ കരുതിടതാം മണിമകുടം. 3

272. ഭം നജജന സഭസം ഗുരുവും തുടരുകിലതു വൃത്താ ശശധരബിംബം. 4

---

[38] അശ്വലളിതത്തിനും മഞ്ജുളയ്ക്കും ലക്ഷണം ഒന്നുതന്നെ. എന്നാൽ അശ്വലളിതത്തിൽ പതിനൊന്നിൽ യതി വേണം.

[39] ഭ, മ, സ, ഭ, ന, ന, ന, ന ഗുരു ഇവ വന്നാൽ ക്രൗഞ്ചപദാ.

## ഉത്കൃതി (26)

273. എട്ടാൽ മുവാറോടൊന്നാലും മമത നയുഗ നരസലഗം ഭുജംഗവിജൃംഭിതം. 1

274. ജകാരസനഭത്തൊടു ജകാരസനഭം ലഘുഗുരുകളിഹ ശംഭുനടനം. 2

275. നജനനയത്തൊടു സനനഗ ഗുരുവും ചേർന്നു വരുന്നതു പറക കരംഭം. 3

276. എട്ടു ഭകാരമിരണ്ടു ഗുരുക്കളുമായ് വരികിൽ കരുതീടതു ചന്ദനസാരം. 4

277. രേഫവും ജകാരവും കലർന്നൊരെട്ടു പിന്നെ ലംഗവും ധരിക്ക കന്യകാമണിയാം. 5

**രജ രജ രജ രജ ലഗ ചേർന്നുവന്നാലെന്നർത്ഥം.**

# 3
## അർദ്ധസമവൃത്തപ്രകരണം

**അനന്തരം അർദ്ധസമവൃത്തങ്ങളെ എടുക്കുന്നു.**

### ഉക്ത (1)[1]

278. വിഷമേ സസജം ഗവും, സമേ
സഭരം ലം ഗുരുവും വിയോഗിനീ.[1] 1

**ഒന്നും മൂന്നും പാദങ്ങളിൽ സസജഗ; രണ്ടും നാലും പാദങ്ങളിൽ സഭരലഗ.**

**ഉദാ:**

**കരുണാമൃതധോരണിക്കഹോ!**
**വരുണാവാസമതായ ദേവതാ**
**അരുണാധരി വാണിയെന്നുമേ**
**തരണം മേ പ്രതിഭാഗുണങ്ങളെ.** – സ്വ.

279. വിഷമേ സസജം ഗഗം, സമത്തിൽ
സഭരേഫം യ വസന്തമാലികയ്ക്ക്. 2

**ഉദാ:**

**കരുണാമൃതധോരണിക്കപാരം**

---

[1] ഇതിന് 'ലളിത' എന്നും പേരു കാണുന്നു.

"സസജാ വിഷമേ യദാ ഗുരുഃ
സഭരാ സ്യാല്ലലിതാ സമേ ലഗൗ." (വൃത്തരത്നാകരം)

വരുണാവാസമതായിടുന്ന ദേവീ
അരുണാധരി വാണിയെന്നുമേ താൻ
തരണം മേ പ്രതിഭാഗുണങ്ങളെല്ലാം. — സ്വ.

ലക്ഷണം കൊണ്ടും ഉദാഹരണം കൊണ്ടും വിയോഗിനിയുടെ ഓരോ പാദത്തിനും ഒടുവിൽ ഒരു ഗുരു ചേർത്താൽ വസന്തമാലിക ആകുമെന്നു സ്പഷ്ടം.

280. നനരയ വിഷമത്തിലും സമത്തിൽ
പുനരിഹ നം ജജരംഗ പുഷ്പിതാഗ്രാ. 3

ഉദാ:

ഗണപതിഭഗവാനുമബ്ജയോനി-
പ്രണയിനിയാകിയ ദേവി വാണിതാനും
ഗുണനിധി ഗുരുനാഥനും സദാ മേ
തുണയരുളീടുക കാവ്യബന്ധനാർത്ഥം. – കൃ. ച.

281. ആഖ്യാനകിക്കൊറ്റയിലിന്ദ്രവജ്ര;-
യിരട്ടയിൽ പിന്നെയുപേന്ദ്രവജ്ര. 4

വിഷമപാദങ്ങളിൽ ഇന്ദ്രവജ്രയും, സമപാദങ്ങളിൽ ഉപേന്ദ്രവജ്രയും പ്രയോഗിച്ചാൽ ആ വൃത്തത്തിന് 'ആഖ്യാനകി' എന്നുപേർ. വ്യവസ്ഥയൊന്നും കൂടാതെ ഈ വൃത്തങ്ങളെ കലർത്തുന്നതിന് മുൻപ് ഉപജാതി എന്നു പേർ പറഞ്ഞിട്ടുണ്ട്.[2]

282. ഇഹൈവ പാദങ്ങൾ മറിച്ചുവെച്ചാ-
ലാഖ്യാനകീ കേൾ വിപരീതയാകും.[3]

വിഷമപാദങ്ങളിൽ ഉപേന്ദ്രവജ്ര, സമപാദങ്ങളിൽ ഇന്ദ്രവജ്ര എന്ന് നേരേ മറിച്ചാൽ അത് 'വിപരീതാഖ്യാനകി'.

283. വിഷമേ സസസം ലഗവും, സമേ
നഭഭരം ഹരിണപ്ലുതയാമിഹ. 6

---

[2] സമവിഷമപാദവ്യവസ്ഥയോടെ കലർത്തിയാൽ ആഖ്യാനകികൾ; ഈ വ്യവസ്ഥകൂടാതെ കലർത്തിയാൽ ഉപജാതി—ഇങ്ങനെ തോന്നും ഈ വാക്യങ്ങൾകൊണ്ട്. അതു ശരിയാവാൻ വയ്യ. ഇന്ദ്രോപേന്ദ്രവജ്രകളുടെ ഏതുതരം മിശ്രണവും ഉപജാതിയാണ്. എന്നുമാത്രമല്ല, വ്യവസ്ഥയോടെ കലർത്തിയ—ഈ ആഖ്യാനകിയെന്നു പറയുന്ന—ഒരു പദ്യമാണല്ലോ ഉപജാതിക്ക് ഉദാഹരണമായി മുമ്പു കാണിച്ചതന്നത്. 58-ാം വൃത്തം നോക്കുക.

[3] 281, 282 എന്നീ വൃത്തങ്ങൾക്ക് ആഖ്യാതകി—വിപരീതാഖ്യാതകി എന്ന നാമാന്തരങ്ങളുമുണ്ട്.

284\. നനരലഗമതൊറ്റയിൽ സമേ
നമപരവക്ത്രമതാം ജജംരവം.[4] 7

285\. രംജരംജമോജപാദവും സമം തു
ജരം ജരം ഗമെങ്കിലോ പരാവതി കേൾ. 8

286\. സസസം ലഗമൊറ്റയിൽ, മറ്റതിൽ
ഭം ഭഭഗം ഗവുമിങ്ങുപചിത്രം. 9

287\. ഭംഭഭ ഗംഗമതൊറ്റകളിൽ കേൾ,
നജജയ മറ്റതിലും ദ്രുതമധ്യാ. 10

288\. വിഷമേ സസസം ഗുരു, യുഗ്മേ
വേഗവതിക്കിഹ ഭത്രയഗംഗം. 11

289\. വന്നാൽ തജരം ഗമോജപാദേ,
യുഗ്മേ ഭദ്രവിരാൾ മസം ജഗം ഗം. 12

290\. വിഷമേ സജം സഗുരു വന്നാൽ,
കേതുമതീ സമേ ഭരനഗം ഗം. 13

---

[4] ഉദാ:

> പ്രണയപരവശേ, ശുഭം നിന,-
> ക്കുണരുക,യുണ്ടൊരു ദിക്കിൽ നിൻപ്രിയൻ;
> ഗുണവതി, നെടുമോഹനിദ്രവി-
> ട്ടുണരുക; ഞാൻ സഖി നിന്റെ മാധവി. – ലീല.

പുഷ്പിതാഗ്രയുടെ പാദാന്ത്യവർണ്ണങ്ങൾ കളഞ്ഞാൽ അപരവക്ത്രം. ഇവ രണ്ടും മിശ്രവൃത്തങ്ങളായി വിവരിച്ച 'ഔപച്ഛന്ദസിക'വും 'വൈതാളീയ'വും (313-ഠ 314-ഠ) തന്നെയെന്ന പണ്ഡിതാഭിപ്രായമുള്ളതായി വൃത്തരത്നാകരത്തിൽ കാണുന്നു.

> "വദന്ത്യപരവക്ത്രാഖ്യം
> വൈതാളീയം വിപശ്ചിതഃ
> പുഷ്പിതാഗ്രാഭിധം കേചി-
> ദൗപച്ഛന്ദസികം തഥാ."

'വൃത്തശില്പ'ത്തിൽ 'വൈതാളീയാദി' എന്ന ശീർഷകത്തിലുള്ള വിവരണവും നോക്കുക.

രാജപാദങ്ങൾ ഭദ്രക(73) കൊണ്ടും യുഗ്മപാദങ്ങൾ മാനിനി(100) കൊണ്ടും തീർത്തതാണ് അപരവക്ത്രം എന്നും പറയാവുന്നതാണ്.

# — 4 —

## വിഷമവൃത്തപ്രകരണം

ഇനി വിഷമവൃത്തങ്ങളെ ചൊല്ലുന്നു:

291. സജസംലമാദിയിൽ വരേണ-
മഥ നസജഗങ്ങൾ രണ്ടിലും
മൂന്നിലിഹ ഭനജലം ഗുരുവും
സജസം ജഗങ്ങളൊടു നാലിലുദ്ഗതാ. 1

ഒന്നാം പാദത്തിൽ സജസല; രണ്ടിൽ നസജഗ; മൂന്നിൽ ഭനജലഗ; നാലിൽ സജസജഗ. ഇങ്ങനെ നാലു പാദവും നാലു വിധമായ വൃത്തം 'ഉദ്ഗതാ'.

ഉദാ:

കമലോത്ഭവന്റെ മുഖമായ
വിമലകമലത്തിൽ മേവിടും
കോമളമധുകരിയെന്റെ മനഃ-
കമലത്തിൽ വന്നു കളിയാടിടേണമേ. – സ്വ.

292. ചരണം തൃതീയമതുമാത്ര-
മിഹ രനഭഗങ്ങളാവുകിൽ
ശേഷമാസകലമുദ്ഗതതൻ-
നിയമങ്ങളെങ്കിലതു സൗരഭാഭിധം. 2

ഉദ്ഗതയുടെ മൂന്നാം പാദം മാത്രം രനഭഗങ്ങളെക്കൊണ്ട് ചമച്ചാൽ അത് 'സൗരഭ'മെന്ന വൃത്തം.

ഉദാ:

കമലോത്ഭവന്റെ മുഖമായ
വിമലകമലത്തിൽ മേവിടും
കോമളാളിവധുവെന്റെ മനഃ-
കമലത്തിൽ വന്നു കളിയാടിടേണമേ. – സ്വ.

293. അതുപോലെതന്നെ പുനരത്ര
ചരണമഥ കേൾ തൃതീയകം
നയുഗളസയുഗളമാവുകിലോ
ലളിതാഖ്യയുദ്ഗതയതിന്നു വന്നിടും. 3

ഉദ്ഗതയുടെ മൂന്നാംപാദം നനസസഗണങ്ങളാക്കിയാൽ അത് 'ലളിതാ.' മുൻകാണിച്ച ശ്ലോകം തന്നെ 'ഭ്രമരതരുണി മമ മാനസമാം' എന്ന് മൂന്നാം പാദം മാറ്റിയാൽ ഉദാഹരണമാകും.

294. എട്ടക്ഷരം പാദമാദ്യം
പിന്നോരോന്നിലും മുറയ്ക്കു നന്നാലേറും
എന്നാലതു പദചതുരൂർദ്ധ്വാഭിധം വൃത്തമാകും
ഗുരുലഘുനിയമമൊന്നുമില്ലിതിന്നു ഭംഗിതാൻ പ്രമാണമാം. 4

ഒന്നാം പാദത്തിന് അക്ഷരം 8; രണ്ടിന് 12; മൂന്നിന് 16; നാലിന് 20 എന്ന് നന്നാലക്ഷരം കൂടീട്ടുള്ള പാദങ്ങളാൽ ചമയ്ക്കപ്പെട്ട വൃത്തം 'പദചതുരൂർദ്ധ്വം.' ഇതിന് ഗുരുലഘുനിയമമൊന്നുമില്ല; കേൾവിക്കുള്ള ഭംഗി നോക്കി പ്രയോഗിച്ചുകൊൾക എന്നേയുള്ളൂ. പ്രസിദ്ധവൃത്തങ്ങളുടെ ഏകദേശാംശങ്ങളെ കലർത്തിയാൽ ഒരു ഭംഗി തോന്നും. വിദൂഷകന്റെ കുപ്പായത്തിനെന്നപോലെ പലതും കൂട്ടിച്ചേർത്തുള്ള വൈചിത്ര്യമാണ് ഇതിന്റെ അഴക്. ഗുരുലഘുവിന്യാസത്തിൽ തീവ്രനിർബന്ധമുള്ള മറ്റു വൃത്തങ്ങളുടെ ഇടയിൽ ഒരു നിർബന്ധവുമില്ലാത്ത ഈ വൃത്തം പരഭാഗംകൊണ്ട് ശോഭിക്കുന്നു.

ഉദാ:

സരസ്വതി വണങ്ങുന്നേൻ
സരസീരുഹത്തിനൊത്ത നിൻചരണം
സ്വാരസ്യമേറും സാഹിത്യാദ്യമലകലകളുടെ
സാരസർവ്വസ്വവും സരസമിഹ വിലസണം മമ മാനസേ. – സ്വ.

ഇതിന്റെ പാദങ്ങളെ മാറ്റിയും മറിച്ചും ഇടുകയും ആവാം. അങ്ങനെ ചെയ്താൽ 24 വിധം വരും.

295. ഇഹ പദചതുരൂർദ്ധ്വ-
ക്രമമതിനു ശരി ലഘു നിരത്തി,

പരമൊട്ടുവിലഥ ഗുരുയുഗമിട്ടുകിലാങ്ങിൽ-
പരമയി കരുതുക വടിവുമധികമുടയൊരാപീഡം. 5

പദചതുരൂർദ്ധ്വത്തിന്റെ മുറയ്ക്ക്, പാദങ്ങൾക്ക് 8, 12, 16, 20 എന്നക്ഷരം കല്പിച്ച്, ആ അക്ഷരങ്ങളിൽ ഓരോ പാദത്തിലും ഒടുവിലെ രണ്ടക്ഷരം മാത്രം ഗുരുവാക്കിക്കൊണ്ട് ശേഷമെല്ലാം ലഘുവാക്കിയാൽ 'ആപീഡ'മെന്ന വൃത്തം. ആങ്ങിൽ പരം പീഡ 'ആപീഡം' എന്നർത്ഥം.

ഉദാ:

വിവിധലിപികൾകൊണ്ട-
ങ്ങവികലമിഹ കരചരണാദ്യം
അവയവമഖിലമപി വിരവൊടു ചമയ്ക്കും-
കുവലയമിഴിയൊരുവൾ നടനമരുളുക മമ നാവിൽ. – സ്വ.

ആപീഡത്തിന്റെ ഒന്നാംപാദത്തെ രണ്ടാംപാദവും, രണ്ടാംപാദത്തെ ഒന്നാംപാദവുമാക്കിയാൽ അതിന് 'കലിക' അല്ലെങ്കിൽ 'മഞ്ജരി' എന്നു പേർ. അതുപോലെ മൂന്നാംപാദത്തെ ഒന്നാംപാദവും ഒന്നാംപാദത്തെ മൂന്നാംപാദവുമാക്കിയാൽ 'ലവലി' എന്നു പേർ. അപ്രകാരംതന്നെ 12, 16, 20. 8 എന്ന അക്ഷരക്രമത്തിനു പാദങ്ങളെ ബന്ധിച്ച ആപീഡത്തിന് 'അമൃതധാര' എന്നുപേർ. ഉദാഹരണത്തിന് മുൻ കാണിച്ച പദ്യം തന്നെ പാദം മാറ്റി എഴുതിയാൽ മതി.

296. ഒന്നാംപാദമതൊറ്റയായ് മസം ജഭഗം ഗം
പുനരത്ര സനജരേഫഗങ്ങൾ രണ്ടിൽ
അഥ നയുഗള സഗണം
പ്രചുപിത നനനജയമുപസ്ഥിതപൂർവ്വം. 6

'ഉപസ്ഥിതം' എന്നു മുൻപിലുള്ള പ്രചുപിത 'ഉപസ്ഥിതപ്രചുപിത' എന്നു വൃത്തത്തിന്റെ പേർ. അതിന് ഒന്നാംപാദം ഒറ്റയായി തനിയേ നിന്ന് പൂർവ്വാർദ്ധമാകും; ശേഷം മൂന്നു പാദങ്ങളും ചേർന്നത് ഉത്തരാർദ്ധം എന്നൊരു വിശേഷം. ഗണനിയമം ഒന്നിന് മസജഭഗഗ; രണ്ടിന് സനജരഗ; മൂന്നിന് നനസ; നാലിന് നനനജയ എന്ന്.

ഈ ഉപസ്ഥിതപ്രചുപിതത്തിന്റെ മൂന്നാംപാദത്തിന് നനസ നനസ എന്നു ഗണങ്ങൾ ചെയ്താൽ ഉണ്ടാകുന്നതിന് 'വർദ്ധമാന'മെന്നു പേർ. അതിന്മണ്ണംതന്നെ മൂന്നാംപാദത്തെ തജരഗണങ്ങളെക്കൊണ്ട് ചെയ്താൽ അതിന് 'ശുദ്ധവിരാഡാർഷഭം' എന്നു പേർ.

297. പാദത്തിനേറ്റക്കുറവോ നിയമങ്ങൾക്കു ഭേദമോ
വരുന്ന മറ്റു വൃത്തങ്ങളെല്ലാം ഗാഥയിലുൾപ്പെട്ടും. 7

3 പാദം, 5 പാദം, 6 പാദം മുതലായി പാദസംഖ്യക്ക് ഏറ്റക്കുറവു വരുന്ന പദ്യങ്ങളും, ലക്ഷണത്തിന് ഈഷദ്ഭേദം വരുന്ന പദ്യങ്ങളും 'ഗാഥ' കൾ എന്നു പറയപ്പെടുന്നു. ഉദാഹരണം ഊഹ്യം.

# 5

## ദണ്ഡകപ്രകരണം

വർണ്ണവൃത്തങ്ങളിൽ സമവൃത്തം, അർദ്ധസമം, വിഷമം എന്ന മൂന്ന മാതിരിയുള്ളതിനെ എല്ലാം വിവരിച്ചല്ലോ. ഇനി ശേഷിച്ചിട്ടുള്ള ദണ്ഡകങ്ങളെ എടുക്കുന്നു. ഒരു പാദത്തിൽ 26-നമേൽ അക്ഷരമുള്ള സമവൃത്തം ദണ്ഡകമെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ദണ്ഡം എന്നാൽ വടി. അതുപോലെ നീണ്ടുപോകുന്നതു് ദണ്ഡകം എന്ന ശബ്ദാർത്ഥം.

298. നഗണയുഗമതിന്നുമേലേഴ രേഫങ്ങളും
ചണ്ഡവൃഷ്ടിപ്രയാതാഖ്യമാം ദണ്ഡകം. 1

രണ്ടു നഗണം കഴിഞ്ഞു് ഏഴു രഗണം ചേർന്നാൽ ഒരു പാദമെന്നുള്ള ദണ്ഡകം 'ചണ്ഡവൃഷ്ടി പ്രയാതം.'

ഉദാ:

പശുപതിയുടെ പാതിദേഹം പകുത്തോരു പൃത്ഥ്വീ-
ധരഗ്രാമണീപുത്രിയാം തഥാ
ദൃശവിപുലസരോരുഹാക്ഷീയവക്ഷഃസ്ഥലംതന്നിൽ
മേവും മഹാലക്ഷ്മിയായും പുനഃ
വിധിവദനചതുഷ്പഥം തന്നിൽ നൽക്കേളിയാടും-
വചോദേവിയായും വിളങ്ങുന്നൊരാൾ
അധികമുപചയിച്ച മോഹാന്ധകാരത്തെയെല്ലാ-
മകറ്റിത്തെളിക്കട്ടെയെന്മാനസം. – സ്വ.

299. രഗണമിതിൽ മുറയ്ക്കൊരോന്നേറിയെന്നാകിലർ-
ണ്ണാർണ്ണവവ്യാളജീമൂതലീലാകരാദ്യങ്ങളാം. 2

ചണ്ഡവൃഷ്ടിപ്രയാതദണ്ഡകത്തിൽ ഏഴു രഗണമുള്ളതിൽ ഒന്നു കൂടി ചേർത്തു് 8 ആക്കിയാൽ അതു് 'അർണ്ണം' എന്ന ദണ്ഡകം. 9 ആക്കിയാൽ 'അർണ്ണവം'. 10-ന്'വ്യാളം'. 11-ന്

'ജീമൂതം', 12-ന് 'ലീലാകരം'. ഇങ്ങനെ രഗണമോരോന്നു ചേർത്ത് എത്രയും ദണ്ഡകങ്ങൾ ഉണ്ടാക്കാം.

300. പ്രചിതകമതിനു പേർ നദ്വയത്തിന്നുശേഷം
യകാരങ്ങളേഴിങ്ങു ചേർക്കുന്നതായാൽ. 3

301. ലഘുക്കളും ഗുരുക്കളും മുറയ്ക്കു മാറിയെത്ര-
യെങ്കിലും തൊടർത്തു ചേർത്തു ചെയ്തിടുന്ന-
തിങ്ങനംഗശേഖരാഖ്യദണ്ഡകം. 4

302. യഥേഷ്ടം യകാരങ്ങളെത്താൻ തുടർത്തിങ്ങു ചെയ്തീ-
ട്ടുമദ്ദണ്ഡകം സിംഹവിക്രാന്തമാകും. 5

303(എ). യഥേച്ഛമിച്ചൊന്ന മട്ടിൽ ഗണം ഗുരുലഘുക്കളും
ഭംഗിനോക്കിക്കണക്കാക്കിച്ചെയ്യാം ദണ്ഡകമെത്രയും.
ആട്ടക്കഥകളിൽ കാണാം വേറേമാതിരി ദണ്ഡകം
ഇതിൽ താളത്തിനൊപ്പിച്ചു പാദം ഖണ്ഡിപ്പതുണ്ടു കേൾ.
ആദ്യത്തിൽ ഗുരുവേറീട്ടും ലഘുവേറീട്ടൊടുക്കവും
മധ്യേƒരണ്ടും സമം നിന്നും മൂന്നു ഖണ്ഡത്തിലിങ്ങനെ
നളന്റെ ചരിതത്തുങ്കൽ കേളർദ്ധസമലക്ഷ്മമായ്
ഉള്ളോരു ദണ്ഡകത്തിന്നു കൊള്ളാം പേരിക്ഷുദണ്ഡിക.

നളന്റെ ചരിതം = നളചരിതം ആട്ടക്കഥ. ഈ ദണ്ഡകത്തിൽ ഒന്നും മൂന്നും അതിന്മണ്ണം രണ്ടും നാലും പാദങ്ങൾക്ക് ലക്ഷണം തുല്യമാകയാൽ ഇത് അർദ്ധസമം ആകുന്നു. ഇത്, ആട്ടക്കഥാദണ്ഡകങ്ങൾക്കുള്ള സാമാന്യലക്ഷണം. 'ഇക്ഷുദണ്ഡിക'യ്ക്കു വിശേഷ ലക്ഷണം പറയുന്നു.

303(ബി). തഭലങ്ങൾ മൂന്നരു, ഗഗാന്തമാദിമം
ഭയ ചേർന്നു രണ്ടു കുറിയാം ദ്വിതീയകം.
ഭനനങ്ങൾ മൂന്നരു, ഗഗം തൃതീയവും
വിഷമത്തിൽ മൂന്നു ദലമിപ്രകാരമാം.
സജലംല മൂന്നരു, ഗഗാന്തമാദിമം
നസഗങ്ങൾ രണ്ടു കുറിയാം ദ്വിതീയകം
നനനം ല മൂന്നരു, ഗഗം തൃതീയവും
സമഖണ്ഡമായ് വരികിലിക്ഷുദണ്ഡിക. 6

വിഷമപാദങ്ങളിൽ 1-ആം ഖണ്ഡം തഭല-തഭല-തഭല-ഗഗ എന്നും; 2-ആം ഖണ്ഡം ഭയ-ഭയ എന്നും; 3-ആം ഖണ്ഡം ഭനന-ഭനന-ഭനന-ഗഗ എന്നും; സമപാദങ്ങളിൽ 1-ആം ഖണ്ഡം സജലല-സജലല-ഗഗ എന്നും; 2-ആം ഖണ്ഡം നസഗ-നസഗ എന്നും; 3-ആം ഖണ്ഡം നനനല-നനനല-നനനല-ഗഗ എന്നും വരുന്ന ദണ്ഡകത്തിന് ഇക്ഷുദണ്ഡിക എന്നു പേർ.

## ഉദാഹരണങ്ങൾ

1(i) ത ഭ ല
ദൈത്യാരി / പൂർവ്വജ / ന്ന
ദ്ദൂത്യം സ / മേത്യ ന / ിജ-
സാധ്യം വെ/ടിഞ്ഞു നി/ഷധേന്ദ്രൻ

1(ii) ഭ യ
സേനയി/ഹ ന്റത്തീ/[1]
താനഥ / നടന്നു.

1(iii) ഭ ന ന
ദാന്തദ / മഭഗി / നിയുടെ
കാന്തിന/ദിയതിൽ/ മുഴുകി
നീന്തുവ / തിന്നഴ /റി മിഴി രണ്ടും

2(i) സ ജ ല ല
ബഹളേ /ജനേ പ/ ഥിഷു
സബലേ/ ഷു ഭൂപ / തിഷു
ചപലേ /മഹീസു/രസമൂഹേ

2(ii) ന സ ഗ
പലരെ /യുമുരു/മ്മീ
പരിചൊ/ടു നട/ന്നു

2(iii) ന ന ന ല
പെരിയ/ പരിച / യമുട / യ
പരിഷ /യുടെ ന/ടുവില്വ/ ട-
നവിദി /തന്ന കു/തുകമ/വനാസീത്

3(i) ത ഭ ല
ധന്യോƒഥ/ രക്ഷിജ / ന
കണ്ണാല /ലക്ഷ്യത/ ന്ന
കന്യാപു /രത്തിന്ന/കടന്നു

3(ii) ഭ യ
കണ്ണിന/ഴൽതീർന്നു
കണ്ടു ദ / മയന്തീം.

[1] നിർത്തി—ശുദ്ധപാഠം.

3(iii) ഭ ന ന
താഞ്ച ന /ഖനിര/ കൾമുതൽ
പൂഞ്ചിക /രതതി/ യറ്റതി
വാഞ്ഛയൊ/ട്ട നിക/ടഭുവി കണ്ടു

4(i) സ ജ ല ല
അമരേ / ന്ദ്രദൂതനി / വ-
നപരാധ/മോർത്തു മ/ ന-
മുപരോ / ധനേന /വശമാക്കീ

4(ii) ന സ ഗ
മറവ / കലുവാ /നായ്
മനസി/കൊതിപൂ/ ണ്ടു

4(iii) ന ന ന ല
അതിമ/ ധുരത / രവപു / ഷ-
മരികി / ലുടനൊ / രു പുരു / ഷ-
മമൃത /മൊഴിസ/ഖികളൊ/ട്ട കണ്ടു.

– നളചരിതം

ഇവിടെ ഖണ്ഡങ്ങൾ യതിയുടെ സ്ഥാനം വഹിക്കുന്നു. പ്രാസനിയമവും ഈ ഖണ്ഡങ്ങളിലാണ് ചെയ്യുന്നത്. ഖണ്ഡങ്ങളിലെല്ലാം ദ്വിതീയാക്ഷരപ്രാസമോ പ്രഥമാക്ഷരപ്രാസമോ ഉണ്ടെന്നു കാൺക. അതിനാലാണ് സമപാദങ്ങളിലെ മൂന്നാം ഖണ്ഡം 30 ലഘുവും രണ്ടു ഗുരുവുമാണെങ്കിലും നനനല മൂന്നു പ്രാവശ്യവും ഗഗങ്ങളും എന്നു വേർതിരിച്ചു പറഞ്ഞത്. അല്ലെങ്കിൽ 10 നഗണവും രണ്ടു ഗുരുവും എന്നു തന്നെ ലക്ഷണം ചെയ്യാമായിരുന്നു.

304. യുഗ്മൗജപാദേ ഭേദത്താൽ ഖണ്ഡഭേദങ്ങൾ ചൊന്നവ
ഗണിക്കാതെ കലർത്തീടിലതിൻ പേർ വംശയഷ്ടിക. 7

ഇക്ഷുദണ്ഡികയിൽ സമപാദത്തിലും വിഷമപാദത്തിലും ഖണ്ഡങ്ങൾക്കു ലക്ഷണം ഭിന്നമാണ്. ഈ വിശേഷം വകവെയ്ക്കാതെ ഇച്ഛപോലെ തങ്ങളിൽ കലർത്താറുണ്ട്. അങ്ങനെയുള്ള ദണ്ഡകം 'വംശയഷ്ടിക.'

## ഉദാഹരണങ്ങൾ

1(i) ത ഭ ല
കല്യാണ /ഗാത്രിമ/ ണി
ചൊല്ലാർന്നൊ/ രിന്ദുമ / തി
മെല്ലേ ന /ടന്നവൾ/തെളിഞ്ഞു.

1(ii) ന സ ഗ
സ്മരനി/ഷു ചൊരി/ഞ്ഞു
യുവജ / നമുല /ഞ്ഞൂ

1(iii) ന ന ന ല
മതിത / ളിരില /തുപൊഴ്/ ന്തു
നൃപതി /തതി കൊ/തി കരു/ തി
ധൃതിസ/ ഹിതമ / വരിതി /പറഞ്ഞൂ

2(i) ത ഭ ല
സാന്ദ്രപ്ര / കാശക / ര
ചന്ദ്രൻ ക / ളുഹലി / വി-
നിർമ്മിച്ചി/തോ രുചി/രരൂപം

2(ii) ന സ ഗ
മദന /നന്നരൂ/പം
ത്രിഭുവ/ നദ്ഭുരാ /പം

2(iii) ന ന ന ല
ശശികി/രണശി/ ശിരത / ര-
മിവളു / ടയ രു / ചിനിക / ര-
മപിച /ഹൃദി ദി/ശതി ബ/തതാപം

3(i) ത ഭ ല
ശൃംഗാര / മുഖ്യര / സി-
കാംഗോദ്ഭ/വേന കി/ മു-
താംഗീകൃ /തന്നു വി/ധി യത്നം

3(ii) ന സ ഗ
യുവതി / കുലര /ത്നം
സൃഷ്ടിയ/തിൽ നൂനം

3(iii) ന ന ന ല
അധിക/തരഗു/ണമിളി/ ത-
മതിനു /മുപക/ രണമി / ഹ
മധുക /സുമമ/ മൃതമി /വ കൃത്സ്നം

4(i) ത ഭ ല
അല്ലാതെ / വേറെ / ന്തു
ചൊല്ലിക്ക/ളുഹല/ വൃ-
മില്ലാപ്പു /രാണമു/നിനാലം

4(ii) ഭ യ
സ്രഷ്ടമി/ഉ ലോലം/
ഇഹ ക/ രണജാ /ലം

4(iii) ന ന ന ല
മധുസ / മയകൃ /തമിദ/ കി-
മധിക / തരസു / പരിമ / ളം[2]
ത്രുടതി/ഖല്യ ഹ്യ/ ദയമ /തിവേലം.

– ഇന്ദുമതീസ്വയംവരം.

ഇതിൽ നാലുപാദവും ഒട്ടൊന്നുപോലെതന്നെ. എന്നാൽ നാലാംപാദത്തിന്റെ രണ്ടാംഖണ്ഡം മാത്രം ഭേദിച്ചിട്ടുണ്ട്. ഈ ദണ്ഡകം ഇക്ഷുദണ്ഡികയുടെ സമപാദതുല്യങ്ങളായി മൂന്നു പാദങ്ങളേയും ചെയ്തുതീർത്തതാകുന്നു; നാലാംപാദത്തിൽ മാത്രം രണ്ടാംഖണ്ഡം ഇക്ഷുദണ്ഡികയിലെ വിഷമപാദത്തിന്റെ രണ്ടാംഖണ്ഡത്തിനു തുല്യമായിരിക്കുന്നു.

305. പാദം നാലിൽ കുറഞ്ഞിട്ടോ ഖണ്ഡത്തിൻമട്ടു മാറിയോ
വരും ദണ്ഡകഭേദങ്ങൾക്കെല്ലാംതാൻ പേർ ത്രിഖണ്ഡിക. 8

മൂന്നോ രണ്ടോ പാദമായുള്ള ദണ്ഡകം, ഖണ്ഡങ്ങളിൽ ലക്ഷണഭേദമുള്ള ദണ്ഡകം ഇത്യാദി വ്യത്യസ്തങ്ങളായി കാണുന്ന ദണ്ഡകത്തിനെല്ലാം പൊതുവേ ത്രിഖണ്ഡിക എന്നു പേർ. മൂന്നു ഖണ്ഡങ്ങളുള്ളതെന്നോ മൂന്നു പാദങ്ങളുള്ളതെന്നോ സംജ്ഞയ്ക്കർത്ഥയോജന. ഉദാ.

1(i) ത ഭ ല
വേദാന്ത / വേദ്യന / ഥ/
വാദം ഉ / ടർന്നള / വിൽ
മോദം ക/ലർന്നു യ/ദുവൃന്ദം

1(ii) ന സ ഗ
തദനു/ബലദേ/വേ
മൃദുല / തരഭാ /വേ

1(iii) ന ന ന ല
ശമിത /ഋഷി സു/ജനപു/ ഷി
ജിതവി/ദ്വഷി സി/തവപു/ ഷി
സകല / ബലച /യമപി/സുശാന്തം

2(i) ത ഭ ല
ഇന്ദ്രാനു /ജൻ വിര/ വി-
ലിന്ദ്രാത്മ/ജൻ നഗ/ ര-
മുദ്യോഗ /ശാലി ഗ/മനാർത്ഥം

[2] 'ളം' ലഘുവായി കരുതണം. ഗുരുവിനെ പാടിക്കുറുക്കി ലഘുവാക്കലുണ്ടല്ലോ ഭാഷാവൃത്തങ്ങളിൽ.

2(ii) ന സ ഗ
സകല /ജനര/മ്യൻ
പ്രണത/ജനഗ/മ്യൻ

2(iii) ന ന ന ല
നിജജ/നകന/ഥജന / നി
മുസല / ധരന /മിതബ/ ല-
നിവരു/മതികു/ തുകഭ /രമോടേ

3(i) ത ഭ ല
എല്ലാവ / രോട്ടമു / ട-
ന്നല്ലാസ /മാർന്നു ഗി/ രി-
സാനും ക/ ടന്നഥ /നടന്നു

3(ii) ന സ ഗ
അനുപൊ/ ഴുതു ക /ണ്ടു
കുതുക /മപി പൂ/ണ്ടു

3(iii) ന ന ന ല
സമര /ഭുവി ക/വചര/ ഥ
മനവി/ശിഖശ/കലട്ടു/ തി
ശരശ /കലിത/രഥവു/മനേകം[3]

– വടക്കൻ സുഭദ്രാഹരണം

---

[3] ഇക്ഷുദണ്ഡിക തുടങ്ങി ഇതിൽ വിവരിച്ചിട്ടുള്ള ഭാഷാദണ്ഡകങ്ങളെല്ലാം യഥാർത്ഥത്തിൽ, അയ്യഞ്ചു മാത്രയിലുള്ള ഗണങ്ങളാൽ ഗ്രഥിതമാണ്. ദലാന്തങ്ങളിലും മറ്റും ഊനഗണത്വം കാണും – അവിടെ നീട്ടിച്ചൊല്ലൽ.

വേദാന്ത/വേദ്യനഥ/വാദം തു/ടർന്നളവു
മോദം ക/ലർന്നു യദു/വൃന്ദം —-
തദനുബല/ ദേവേ–/ മൃദുലതര/ ഭാവേ–

ഇമ്മട്ടിലാണ് ഗണസ്വരൂപം.

# 6

## മാത്രാവൃത്തപ്രകരണം

ഇനി മാത്രാപ്രധാനങ്ങളായ വൃത്തങ്ങളെ വിവരിക്കുന്നു. മാത്രാവൃത്തങ്ങളിൽ നാലു മാത്ര ഒരു ഗണം എന്നാണ് നിയമമെന്നും സർവ്വഗുരു, ആദിഗുരു, മദ്ധ്യഗുരു, അന്തഗുരു, സർവ്വലഘു എന്ന് അത് അഞ്ചുവിധമാണെന്നും പറഞ്ഞിട്ടുള്ളത് ഇവിടെ ഓർമ്മിക്കേണ്ടതാകുന്നു.[1] മാത്രാവൃത്തങ്ങളിൽ പ്രധാനമായ 'ആര്യ'യ്ക്ക് ലക്ഷണം പറയുന്നു.

306(എ). ഏഴു ഗണം ഗുരുവൊന്നും
വേണം ജഗണം വരാതെയൊറ്റകളിൽ
ഷഷ്ഠമിതോ ലഘുമയമോ
വരണമിതാര്യയ്ക്കു പൂർവ്വാർദ്ധം. 1

ഏഴു മാത്രാഗണവും ഒടുവിൽ ഒരു ഗുരുവും കൂടിയത് ആര്യയുടെ പൂർവ്വാർദ്ധം ആകും; ഏഴു ഗണമുള്ളതിൽ ഒറ്റകളായി 1, 3, 5, 7 ഈ ഗണങ്ങളിൽ മദ്ധ്യഗുരുവായ മാത്രാഗണം (വർണ്ണഗണങ്ങളിൽ ജഗണം) വരരുത്. ആറാമത്തെ ഗണം ഈ മദ്ധ്യഗുരുഗണമോ അല്ലെങ്കിൽ സർവ്വലഘുഗണമോ ആകയും വേണം. ഏഴു ഗണത്തിന് $4 \times 7 = 28$ മാത്ര; ഒരു ഗുരുവിന് രണ്ടു മാത്ര; ഇങ്ങനെ വക രണ്ടിൽ 30 മാത്രയ്ക്ക് ഏഴരഗ്ഗണം. എന്നാൽ ഒടുവിലത്തെ രണ്ടു മാത്രയ്ക്ക് രണ്ടു ലഘു ചെയ്താൽ പോരാ; ഒറ്റ ഗുരുവായിത്തന്നെ ഇരിക്കണം. അതിനാലാണ് ഏഴരഗ്ഗണം എന്നു പറയാതെ 'ഏഴു ഗണം ഗുരുവൊന്നും' എന്നും ലക്ഷണത്തിൽ വേർതിരിച്ചു പറഞ്ഞത്. ഇനി യതിനിയമവും ഉത്തരാർദ്ധലക്ഷണവും പറയുന്നു:

306(ബി). ഷഷ്ഠം ലഘുമയമായാ-
ലതിൽ മുൻലഘുവിങ്കലിഹ യതി വരേണം
ഉത്തരമർദ്ധമതിൽ പി-
ന്നാറാം ഗണമൊറ്റ ലഘുമാത്രം. 2

[1] പരിഭാഷാപ്രകരണം 23-ാം കാരിക നോക്കുക.

ഏഴരഗണങ്ങളിൽ ആറാം ഗണം മദ്ധ്യഗുരുവോ സർവ്വലഘുവോ ആവാമെന്നു പറഞ്ഞല്ലോ. മദ്ധ്യഗുരുവാകുന്നപക്ഷം യതിനിയമമൊന്നുമില്ല; സർവ്വലഘു ആണെങ്കിൽ ആ സർവ്വലഘുഗണത്തിന്റെ ഒന്നാമത്തെ ലഘുവിൽ പദം നിൽക്കണം. ഇത്രയും യതിയെക്കുറിച്ച്.

പിന്നെ ഉത്തരാർദ്ധത്തിനു ലക്ഷണം പറയുന്നു: ഉത്തരാർദ്ധത്തിനും ഏഴര ഗണം തന്നെ; എന്നാൽ അതിൽ ആറാം ഗണം സാധാരണ ചതുർമ്മാത്രാഗണമല്ല; ഒറ്റയായ ഒരു ലഘു മാത്രം മതി. അപ്പോൾ ഉത്തരാർദ്ധത്തിന് പൂർവ്വാർദ്ധത്തിലേക്കാൾ മൂന്നു മാത്ര കുറഞ്ഞ് 27 മാത്രകളേ ഉള്ളൂ. അർദ്ധങ്ങൾക്ക് ലക്ഷണം ചെയ്തതുകൊണ്ട് ആര്യയിൽ വർണ്ണവൃത്തങ്ങളെപ്പോലെ പാദങ്ങളെ മുറിക്കുന്നതിൽ തീവ്രമായ നിർബ്ബന്ധം ഇല്ലെന്നു ദ്യോതിപ്പിക്കുന്നു. എങ്കിലും ഒന്നാം പാദത്തിന് 12 മാത്ര; രണ്ടിന് 18; മൂന്നിന് 12; നാലിന് 15 എന്നാണ് മാത്രകളുടെ വ്യവസ്ഥ.[2] ഗണങ്ങളെക്കൊണ്ട് വ്യവഹരിക്കയാണെങ്കിൽ ഒന്നാം പാദത്തിന് 3 ഗണം; രണ്ടിന് നാലര; മൂന്നിന് 3; നാലിന് മൂന്നര. ഇവിടെയും ലക്ഷണശ്ലോകങ്ങൾ തന്നെ ഉദാഹരണങ്ങളുമാകുന്നു. അതിൽ ഒന്നാം ശ്ലോകം ആറാം ഗണം മദ്ധ്യഗുരുവാകുന്നതിനും, രണ്ടാമത്തേത് സർവ്വലഘുവാകുന്നതിനും ഉദാഹരണം. അതിൽ 'കലിഹയ' എന്ന സർവ്വലഘുഗണത്തിൽ 'കൽ' എന്ന് ഒന്നാം ലഘുവിൽ പദം മുറിയുന്നതിനാൽ യതിയും ശരിയായിട്ടുണ്ടെന്നു കാൺക. ഉദാഹരണാംശം സ്പഷ്ടമാക്കുന്നതിനുവേണ്ടി ഈ ലക്ഷണശ്ലോകങ്ങളെ ഗണങ്ങളായി വിഭജിച്ച് താഴെ എഴുതുന്നു:

1 2 3<br>
ഏഴുഗ / ണംഗുരു / വൊന്നും<br>
4 5 6 7<br>
˘ – ˘<br>
വേണം / ജഗണം / വരാതെ /യൊറ്റക/ളിൽ<br>
1 2 3<br>
ഷഷ്ഠമി /തോ ലഘു/ മയമോ<br>
4 5 6 7<br>
വരണമി / താര്യ / യ്ക്കു /പൂർവ്വാർ/ ദ്ധം<br>
1 2 3<br>
ഷഷ്ഠം / ലഘുമയ / മായാ–<br>
4 5 6 7<br>
˘ ˘ ˘ ˘<br>
ലതിൽ മുൻ/ലഘുവിൽ/കലിഹയ/ തിവരേ / ണം<br>
1 2 3

[2] 'ശ്രുതബോധ'ത്തിലെ ആര്യാലക്ഷണത്തിൽ ഈ വ്യവസ്ഥയേയുള്ളൂ: ഗണവിഭജനമില്ല.

"യസ്യാഃ പ്രഥമേ പാദേ<br>
ദ്വാദശമാത്രാസ്തഥാ തൃതീയേƒപി<br>
അഷ്ടാദശ ദ്വിതീയേ<br>
ചതുർത്ഥകേ പഞ്ചദശ സാƒര്യാ"

ഉത്തര / മർദ്ധമ /തിൽപി—

4 5 6 7

ന്നാറാം / ഗണമൊ / റ്റ / ലഘുമാ / ത്രം.

വേറെയും ഉദാഹരണം:

1 2 3

മഞ്ജുള / ബകുള / പൂമലർ

4 5 6 7

മഞ്ജരി/ യേന്തും /കരത്തൊ/ ടേ കൃ /ഷ്ണൻ

1 2 3

ചെല്ല /മ്പോൾ[3] വാടി/ ടുന്നൂ

4 5 6 7

വല്ലാ / തേ വ / ല്ല /വിക്കു മു/ ഖം. —സ്വ.

ഇതിൽ രണ്ടാം പാദത്തിൽ 'കരത്തൊ' എന്ന ഷഷ്ഠഗണം മദ്ധ്യഗുരുവാകുന്നു. ആ പാദം തന്നെ,

4 5 6 7

മഞ്ജരി/യേന്തും/കരമുട/ടൊരുകൃ/ഷ്ണൻ

എന്നു മാറ്റിയാൽ ഷഷ്ഠഗണം സർവ്വലഘുവാകും; എന്നാൽ അവിടെ 'ക' എന്ന ഒന്നാം ലഘുവിൽ പദം മുറിയായ്കയാൽ യതിഭംഗം വരുന്നു.

4 5 6 7

മഞ്ജരി/യേന്തു/ന്ന കരമു/ടയ കൃ/ഷ്ണൻ

എന്നാണ് മാറ്റുന്നതെങ്കിൽ 'ഏന്തുന്ന' എന്ന പദച്ഛേദമുള്ളതിനാൽ യതിഭംഗവുമില്ല.

307. ആര്യയുടെയോജപാദം
മൂന്നു ഗണത്താൽ നിറുത്തുകിൽ പത്ഥ്യാ,
ഇല്ലെങ്കിലോ വിപുലയെ-
ന്നു പേരതിന്നോതിടുന്നു ബുധർ. 3

ആര്യയുടെ വിഷമപാദങ്ങൾ (ഒന്നും, മൂന്നും)ക്ക് മുമ്മൂന്നു ഗണങ്ങളാണല്ലോ. ആ ഗണങ്ങളുടെ അവസാനത്തിൽ പദം മുറിഞ്ഞ് യതി വന്നാൽ അത് 'പത്ഥ്യാര്യാ'; യതി കൂടാതെ അടുത്ത പാദത്തോടു കലർന്നു വന്നാൽ അത് 'വിപുലാര്യാ'. ലക്ഷണശ്ലോകത്തിൽ ഒന്നും രണ്ടും പാദങ്ങൾ യതികൊണ്ടു വേർതിരിഞ്ഞിട്ടുള്ളതിനാൽ പൂർവ്വാർദ്ധം പത്ഥ്യാര്യാ; മൂന്നും നാലും പാദങ്ങൾ കലർന്നിരിക്കുന്നതിനാൽ ഉത്തരാർദ്ധം വിപുലാര്യാ.

[3] ൾ ലഘുപ്രയത്നം.

308. ഇഹ രണ്ടുമഞ്ചു നാലും
ഗണങ്ങളർദ്ധങ്ങൾ രണ്ടിലും കേൾക്ക
ഗുരുവോടെ മുൻപു പിൻപും
ജകാരമായാലതോ ചപലാ. 4

ആര്യയ്ക്ക് ഓരോ അർദ്ധത്തിലും ഏഴു ഗണങ്ങളുള്ളതിൽ രണ്ടും നാലും ഗണങ്ങൾ ജഗണ — (മദ്ധ്യഗുരു)— രൂപങ്ങളായും അപ്പുറവും ഇപ്പുറവും ഗുരുക്കളുള്ളതായും വന്നാൽ അത് 'ചപലാ'. ഇരുപുറവും ഗുരു വരുന്നതിന് ഒന്നും മൂന്നും ഗണങ്ങൾ അന്ത്യഗുരുക്കളും മൂന്നും അഞ്ചും ഗണങ്ങൾ ആദിഗുരുക്കളും ആയിരിക്കണം. അപ്പോൾ മൂന്നാം ഗണം സർവ്വഗുരുതന്നെ വേണമെന്നു വരുന്നു. ഈ ലക്ഷണമെല്ലാം ലക്ഷണശ്ലോകത്തിലൊത്തിട്ടുണ്ടെന്നു കാൺക. എങ്ങനെയെന്നാൽ,

1 2 3
ഇഹരണ്ടു / മഞ്ചുനാ / ലും
4 5
ഗണങ്ങളർദ്ധ/ങ്ങൾ രണ്ടി/ലും കേൾ/ ക്ക
1 2 3
ഗുരുവോ / ടെമുൻപു / പിൻപും
4 5
ജകാര / മായാ / ല /തോ ചപ/ലാ

പൂർവ്വാർദ്ധത്തിൽ മാത്രം ചപലാലക്ഷണമുള്ള ആര്യയ്ക്ക് 'മുഖചപലാ' എന്നും, ഉത്തരാർദ്ധത്തിൽ മാത്രം ചപലാലക്ഷണമുള്ള ആര്യയ്ക്ക് 'ജഘനചപലാ' എന്നും പേരുകൾ.

309. ആര്യാപൂർവ്വാർദ്ധത്തി —
ന്നരചെയ്തിട്ടുള്ള ലക്ഷണം തന്നെ
മാറ്റാതെയുത്തരാർദ്ധ —
ത്തിനുമുപയോഗിക്ക ഗീതിയാമെന്നാൽ. 5

ആര്യയുടെ ഉത്തരാർദ്ധംകൂടി പൂർവ്വാർദ്ധതുല്യമാക്കിയാൽ അത് 'ഗീതി'. ലക്ഷണശ്ലോകത്തിൽ പൂർവ്വാർദ്ധത്തെ പത്ഥ്യയായിട്ടും ഉത്തരാർദ്ധത്തെ വിപുലയായിട്ടും കാണിച്ചിരിക്കുന്നത് രണ്ടുമാതിരി ആര്യയേയും ഗീതിയാക്കാമെന്നു സൂചിപ്പിക്കാനാകുന്നു—ആര്യയ്ക്ക് മുൻപു പറഞ്ഞ 'മഞ്ജുളബകുള....' എന്ന ശ്ലോകത്തിൽത്തന്നെ നാലാം പാദം,

'വല്ലതേ വാടിടുന്നു മുഖകമലം'[4]

എന്നു ഭേദപ്പെടുത്തിയാൽ അത് ഗീതിക്ക് ഉദാഹരണമാകും.

4 'വല്ലാതേ വല്ലവിക്കു മുഖകമലം'—എന്നു തിരുത്തിപ്പഠിക്കേണ്ടതാണ്. (അല്ലെങ്കിൽ വാക്യം ശരിയാവില്ലല്ലോ).

310. ആര്യോത്തരാർദ്ധതുല്യം
പൂർവ്വാർദ്ധവുമെങ്കിലുപഗീതി
ആര്യാർദ്ധങ്ങൾ മറിഞ്ഞാ —
ലുദ്ഗീതി, ധരിക്ക, പേരതിന്. 6

മറിച്ച് പൂർവ്വാർദ്ധംകൂടി ഉത്തരാർദ്ധംപോലെ ആക്കിയാൽ അത് 'ഉപഗീതി'. ലക്ഷണശ്ലോകം തന്നെ ഉദാഹരണം. ഇതിനു പുറമേ ആര്യയുടെ പൂർവ്വാർദ്ധത്തെ ഉത്തരാർദ്ധവും; ഉത്തരാർദ്ധത്തെ പൂർവ്വാർദ്ധവുമാക്കി മറിച്ചിട്ടാൽ അതിന് 'ഉദ്ഗീതി' എന്നു പേർ. ഉദാഹരണത്തിന് ആര്യയ്ക്ക് കൊടുത്ത ഉദാഹരണത്തെത്തന്നെ അർദ്ധങ്ങൾ മറിച്ചു വായിച്ചുകൊൾക.

311. ആര്യാപൂർവ്വാർദ്ധമതിൽ
ഗുരുവൊന്നൊടുവിൽ തുടർത്തു ചേർത്തിടുകിൽ കേൾ!
അർദ്ധം രണ്ടും തുല്യവു -
മെന്നു വരുന്നാകിലായതാര്യാഗീതി. 7

ഗീതിക്കു പറഞ്ഞതുപോലെ ആര്യയുടെ പൂർവ്വാർദ്ധതുല്യമായിട്ടുതന്നെ ഉത്തരാർദ്ധവും കല്പിച്ച് രണ്ടർദ്ധത്തിനും ഒടുവിൽ ഓരോ ഗുരുകൂടി ചേർത്താൽ അത് 'ആര്യാഗീതി'. അപ്പോൾ ആര്യാഗീതിയുടെ ഓരോ അർദ്ധത്തിനും എട്ടെട്ടു ഗണവും മുപ്പത്തിരണ്ടു മാത്രവീതവും വരുന്നു. ആര്യയുടെ രണ്ടർദ്ധത്തിലും ഒടുവിൽ ഒരു ഗുരുവുള്ളതോടുകൂടി വേറെ ഒരു ഗുരുകൂടി ചേർക്കേണ്ടതിനാൽ ആര്യാഗീതിയിൽ എട്ടാം ഗണം സർവ്വഗുരുതന്നെ വേണമെന്നു വരുന്നു. അങ്ങനെതന്നെയാണ് ലക്ഷണശ്ലോകത്തിൽ ചെയ്തിട്ടുള്ളതും. എന്നാൽ കവികൾ ഈ നിർബ്ബന്ധം വകവെച്ചിട്ടില്ല. എങ്ങനെയെന്നാൽ;

അരിവമ്പടയും പടയും
പരിചിനൊടിടിനാദമൊക്കെ വെടിയും വെടിയും
മുകിൽനടുകൊടിയും കൊടിയും
പരിപശ്യ സുരേന്ദ്രദ്വേഷി പൊടിയും പൊടിയും. – പുനം. ന.

ഇനി വേറെ ഒരുവിധം മാത്രാവൃത്തങ്ങളുള്ളവയെ സംഗ്രഹിച്ചു പറയുന്നു:

312. പാദത്തിൽ പലമട്ടായിപ്പതിനാറിഹ മാത്രകൾ
അടങ്ങിടും വൃത്തവർഗ്ഗം മാത്രാസമകസംജ്ഞമാം. 8

ഏതുവിധമായിട്ടെങ്കിലും ഒരു പാദത്തിന് പതിനാറു മാത്ര എന്നു നിയമം കല്പിച്ചു ചെയ്യുന്ന വൃത്തങ്ങൾക്ക് 'മാത്രാസമക'ങ്ങളെന്നു പേർ. ഇതിൽ (1) എല്ലാം ലഘുവായാൽ 'അചലധൃതി'; (2) ഒമ്പതാം അക്ഷരം ലഘുവും, അന്ത്യം ഗുരുവും, ശേഷം ഇച്ഛപോലെയും ആയാൽ സാധാരണ 'മാത്രാസമകം'; (3) നാലു മാത്ര കഴിഞ്ഞ് ജഗണമോ സർവ്വലഘുവോ ആയാൽ 'വിശ്ലോകം'; (4) ജഗണമോ സർവ്വലഘുവോ 8 മാത്ര കഴിഞ്ഞായാൽ 'വാനവാസികാ' — ഇത്യാദി പല അവാന്തരവിഭാഗങ്ങളും ഉണ്ട്. എന്നാൽ അവയെല്ലാം അപ്രസിദ്ധങ്ങളാകയാൽ പ്രത്യേകം ലക്ഷണവും ലക്ഷ്യവും അവയ്ക്ക് ഇവിടെ ചെയ്യുന്നില്ല. എന്നു മാത്രമല്ല,

ഇവയെല്ലാം ഭംഗി വേണമെങ്കിൽ സമമാത്രകൾ അടുത്ത വിഷമമാത്രകളിൽ ഒട്ടാതിരിക്കണം. അതായത് ദ്വിമാത്രകഗണങ്ങളെക്കൊണ്ട് മുറിക്കണമെന്നു വരുന്നു. അപ്പോൾ ഇവയെല്ലാം മേൽ ഭാഷാവൃത്തപ്രകരണത്തിൽ പറയാൻ പോകുന്ന തരംഗിണി മുതലായ തുള്ളൽപ്പാട്ടുവൃത്തങ്ങളിൽ ഉൾപ്പെട്ടുപോകയും ചെയ്യും.

# 7
## മിശ്രവൃത്തപ്രകരണം

ഇനി ഏതാനും ഭാഗത്തിൽ മാത്രകൾക്കും മറ്റു ഭാഗത്തിൽ ഗുരു–ലഘുക്കൾക്കും നിയമം ചെയ്തിട്ടുള്ള ചില വൃത്തങ്ങൾ ഉള്ളവയെ പറയുന്നു.

313. ഒറ്റയിലൊരാറെട്ടു മറ്റതിൽ
കല, യറ്റത്തഥ രേഫലം ഗവും
വൈതാളീയം, പരത്തിലൊ-
ട്ടരുതു സമം; ലഘുവെട്ടുമാകൊലാ! 1

കലയെന്നാൽ മാത്ര. വിഷമപാദങ്ങളിൽ ആറു മാത്ര; സമങ്ങളിൽ എട്ട്; രണ്ടിനും ഇത്രയും മാത്രകൾ കഴിഞ്ഞാൽ ഓരോ രഗണവും, ലഘുവും ഗുരുവും. ഇത് 'വൈതാളീയ'മെന്ന വൃത്തം. ഇതിൽ ആദ്യമുള്ള മാത്രകളിൽ സമസംഖ്യകളായ 2, 4, 6 എന്ന മാത്രകൾ മുറയ്ക്ക് അടുത്ത 3, 5, 7 എന്ന മാത്രകളിൽ ഒട്ടരുത്. 2, 3; 4, 5; 6, 7 എന്ന സ്ഥാനങ്ങളിൽ ഗുരു വരരുത് എന്നർത്ഥം. സമപാദത്തിന് ആരംഭത്തിൽ എട്ടു മാത്രയുള്ളതെല്ലാം ലഘുക്കളാകയും അരുത്; ലഘുവും ഗുരുവും കലർന്നിരിക്കണം. എല്ലാം ഗുരുവാകുന്നതിന് വിരോധം ഇല്ലതാനും. ഈ ലക്ഷണം കുറേ വ്യാമിശ്രമാകയാൽ വേറെ ഒരു വിധത്തിലും പറയാം:

സമമാത്രകൾ അടുത്ത വിഷമമാത്രകളിൽ ഒട്ടാതിരിക്കണമെങ്കിൽ ദ്വിമാത്രകളായ ഗണങ്ങളെ കല്പിക്കണം; അപ്പോൾ വൈതാളീയത്തിന് വിഷമപാദങ്ങളിൽ ആകെ 14 മാത്രകൾ; അതിൽ ആദ്യത്തെ ആറു മാത്രകൾ മൂന്നു ദ്വിമാത്രഗണങ്ങളും, ശേഷം എട്ടെണ്ണം വർഗ്ഗഗണത്തിലെ രഗണവും ലഘുഗുരുക്കളും ആയിരിക്കണം. സമപാദങ്ങളിൽ ആകെ 16 മാത്രകൾ; അതിൽ ആദ്യത്തെ എട്ടു മാത്രകൾ നാലു ദ്വിമാത്രഗണങ്ങളും ശേഷം എട്ട് മുൻപറഞ്ഞതുപോലെതന്നെ രലഗങ്ങളും ആയിരിക്കണം. ഈ സമപാദങ്ങളിലെ ആദ്യമുള്ള എട്ടു മാത്രകൾ എട്ടും ലഘുക്കളാകരുത് എന്നുകൂടി ഒരു വിശേഷം. ഇങ്ങനെ വൈതാളീയത്തിന്റെ പാദങ്ങളിൽ ആദ്യഭാഗം മാത്രാപ്രധാനവും അന്ത്യഭാഗം വർണ്ണപ്രധാനവും ആകുന്നു. ഈ സംഗതികളെല്ലാം ലക്ഷണശ്ലോകത്തിലും വന്നിട്ടുണ്ടെന്നു കാൺക.

ഒ/റ്റയി/ലാ/റെട്ടു/റ്റതിൽ
കല/യ/റ്റ /തഥ/രേഫലം/ഗവും
വൈ/താ/ളീ/യംപര/ത്തിലൊ-
ട്ടരു/ശ സ/മം/ലഘു/വെട്ടമാ/കൊലാ.

വേറെയും ഉദാഹരണം:

കവി/മാ/തേ/കൈതൊഴു/ന്ന ഞാൻ
കൈ/വ/ല്യ/പ്രദ/മായകാ/ലിണ
കവി/താ/ഗുണ/ജാലമൊ/ക്കവേ
കൈ/വരു/വാൻ/കൃപ/ചെയ്തിടേ/ണമേ/ – സ്വ.

314. ഒടുവിൽ ഗുരുവൊന്നു ചേർത്തുവെന്നാ-
ലൗപച്ഛന്ദസികാഖ്യമാമിതേ താൻ. 2

വൈതാളീയത്തിന്റെ അവസാനത്തിൽ എല്ലാ പാദങ്ങളിലും ഓരോ ഗുരു കൂടി ചേർത്താൽ അത് 'ഔപച്ഛന്ദസിക'മെന്ന വൃത്തമാകും.

ഉദാ:

കവിമാതേ കൈതൊഴുന്ന ഞാൻ കേൾ
കൈവല്യപ്രദമായ കാലിണയ്ക്ക്
കവിതാഗുണജാലമൊക്കവേ താൻ
കൈവരുവാൻ കൃപചെയ്തിടേണമേ നീ.

315. ആപാതളികാഖ്യയിതേ താൻ
ഭം ഗുരുയുഗവുമെങ്കിലൊടുക്കം. 3

വൈതാളീയത്തിന്റെ അവസാനഭാഗത്തിലുള്ള രലഗങ്ങൾക്കു പകരം ഭഗഗങ്ങൾ വെച്ചാൽ അത് 'ആപാതളികാ.'

ഉദാ:

കവി/മാ/തേ/കൈതൊഴു/കാം/ഞാൻ
കൈ/വ/ല്യ/പ്രദ/മായപ/ദത്തിൽ
കവി/താ/ഗുണ/ജാലമ/തെല്ലാം
കൈ/വരു/വാൻ/കൃപ/ചെയ്തിട/ണം നീ.

316. എഴുപത്തിരണ്ടാമതൊക്കവേ
ഗുരുക്കളായാൽ ദക്ഷിണാന്തികാ. 4

വൈതാളീയം, ഔപച്ഛന്ദസികം, ആപാതളികാ ഈ മൂന്നിലും 'പരത്തിലൊട്ടരുതു സമം' എന്നുള്ള നിയമത്തെ ലംഘിച്ച്, എല്ലാ പാദങ്ങളിലും രണ്ടാമത്തേയും മൂന്നാമത്തേയും മാത്രകളെ മാത്രം ഒന്നിച്ചുചേർത്ത് ഒരു ഗുരുകൊണ്ട് നിർദ്ദേശിച്ചാൽ ആ വൃത്തം 'ദക്ഷിണാന്തികാ.'

317. ഉദീച്യവൃത്ത്യാഖ്യമാമിതേ
രണ്ടാം ഗുരു വിഷമത്തിൽ മാത്രമായ്. 5

രണ്ടാമക്ഷരം ഗുരുവാക്കുന്നത് വിഷമപാദങ്ങളിൽ മാത്രമായാൽ അത് 'ഉദീച്യവൃത്തി.'

318. അഞ്ചാംകല യുഗ്മപാദഗം
പ്രാച്യവൃത്തിയിഹ നാലിലൊട്ടുകിൽ. 6

സമപാദങ്ങളിൽ മാത്രം നാലും അഞ്ചും മാത്രകളെ ഗുരുകൊണ്ട് ഒന്നിച്ചാൽ അത് 'പ്രാച്യവൃത്തി.'

319. ഇരണ്ടുപാദത്തിലും കല-
യ്യൊട്ടലെങ്കിലതു കേൾ പ്രവൃത്തകം. 7

വിഷമപാദങ്ങളിൽ 2-ഉം, 3-ഉം മാത്രകളും സമപാദങ്ങളിൽ 4-ഉം, 5-ഉം മാത്രകളും ഒന്നിച്ചാൽ 'പ്രവൃത്തക' മെന്ന വൃത്തം.

320. യുഗ്മമാത്രമിതിഹാപരാന്തികാ.[1] 8

പ്രവൃത്തകത്തിന്റെ സമപാദംകൊണ്ടുതന്നെ ശ്ലോകം മുഴുവനും ചമച്ചാൽ അത് 'അപരാന്തികാ'.

321. അയുഗ്മമേ ചാരുഹാസിനീ. 9

പ്രവൃത്തകത്തിന്റെ വിഷമപാദംപോലെതന്നെ നാലു പാദവും ആയാൽ അത് 'ചാരുഹാസിനീ'.

[1] രഥോദ്ധതയുമായി ഒത്തുനോക്കുക.

# 8

## ഭാഷാവൃത്തപ്രകരണം

സംസ്കൃതത്തിൽ പലമാതിരിയിലും ഉള്ള വൃത്തങ്ങളെ വിവരിച്ചതിന്റെശേഷം മലയാളത്തിൽ പ്രത്യേകമുള്ള വൃത്തങ്ങളെ ആരംഭിക്കുന്നു. വൃത്തശാസ്ത്രപരിഭാഷകളെല്ലാം ഭാഷയിലും പ്രായേണ സംസ്കൃതത്തിലുള്ളവതന്നെ ആണെങ്കിലും പ്രധാനപ്പെട്ട ചില അംശങ്ങളിൽ വ്യത്യാസമുള്ളതിനാൽ ഭാഷാവൃത്തശാസ്ത്രത്തിനു പൊതുവേ ഉള്ള ചില വിധികളെ ആദ്യമായി ചൊല്ലുന്നു:

> പ്രായേണ ഭാഷാവൃത്തങ്ങൾ തമിഴിന്റെ വഴിക്കുതാൻ
> അതിനാൽ ഗാനരീതിക്കു ചേരുമീരടിയാണിഹ. 1

മലയാളം ദ്രാവിഡവർഗ്ഗത്തിൽ ചേർന്ന ഒരു ഭാഷയാകയാൽ അതിനു സ്വന്തമായുള്ള കവിതാരീതി തമിഴിലുള്ളപോലെ ആകുന്നു. തമിഴിനും സംസ്കൃതത്തിനും വൃത്തശാസ്ത്രവിഷയത്തിൽ വളരെ വ്യത്യാസമുണ്ട്. സംസ്കൃതത്തിൽ രണ്ടർദ്ധങ്ങളായിപ്പിരിയുന്ന നാലു പാദങ്ങൾ ചേർന്നുള്ള ഒരു ശ്ലോകമെന്നു പറയുന്നതാണ്, ഗദ്യകൃതികളിലെ ഒരു വാക്യത്തിന്റെ സ്ഥാനത്തു നിൽക്കുന്ന ഒരൊറ്റയായ എണ്ണം. തമിഴിൽ ശ്ലോകത്തിനുപകരം രണ്ടു പാദം ചേർന്ന ഒരീരടിയാണ്.[1] ശ്ലോകത്തിലെപ്പോലെ ഈരടികളിൽ അന്വയം പൂർണ്ണമാകണമെന്നു നിർബ്ബന്ധമില്ല. ഈരടി ശ്ലോകം പോലെ ഒന്ന് എന്നെണ്ണാവുന്ന ഒരൊറ്റ പരിപൂർണവസ്തുവല്ല. ഒരു പാദം തന്നെ ചിലപ്പോൾ ഒരു യതി മുറിയുന്നിടത്തു നിന്നുപോയി എന്നു വരാം. എങ്ങനെയെന്നാൽ,

> ഭോഷ്കല്ല ബോധിക്കേണം ഓർക്കുമ്പോഴിപ്രയോഗം
> ആർക്കും വരുന്നതല്ല പാർക്കാതവരെക്കാട്ടി-
> ലാക്കാനുള്ളുപദേശമാർഗ്ഗം മാതുലനല്ലാ-
> താർക്കാനും സാധിക്കുമോ? – ഘോ. യാ.

[1] തമിഴിൽ ഈരടികൾ മാത്രമല്ല, നാലടി വൃത്തങ്ങളുമുണ്ട്.

ഇവിടെ ഒടുവിലെ പാദം ഒന്നാം യതിയിൽ നിന്നിരിക്കുന്നു. ഈ വൃത്തത്തിൽ ഓരോ പാദമായി കാണിച്ചതു രണ്ടു പാദമാക്കി മുറിക്കാവുന്നതാണെന്നു വിചാരിക്കുന്നപക്ഷവും പ്രകൃതപുസ്തകത്തിൽ ആകെ ഈ വൃത്തത്തിലുള്ള വരികളുടെ സംഖ്യ വിഷമമാകുന്നതിനാൽ ഈരടിയായി പിരിക്കുമ്പോൾ ഒന്ന് ഒറ്റയടിയായി നിൽക്കുകതന്നെ ചെയ്യും. അതിനാൽ ഈരടി, ശ്ലോകംപോലെ ഒരു പരിപൂർണ്ണവസ്തുവല്ലെന്നു തീർച്ചപ്പെടുന്നു.

ഇതിനുപുറമെ തമിഴിൽ സംസ്കൃതത്തിലെപ്പോലെ ഗുരുലഘു നിയമമോ, മാത്രാനിയമമോ, അക്ഷരനിയമമോ ഇല്ല. സംസ്കൃതത്തിലെ മാത്രയുടെ സ്ഥാനത്ത് തമിൾകവി ഇലക്കണത്തിൽ 'അശ' എന്നൊന്നു കാണുന്നുണ്ട്. എന്നാൽ ഇതിന്റെ സ്വഭാവം വേറെയാണ്. നേരശ എന്നും നിരയശ എന്നും അശ രണ്ടുവിധം. പ, പൽ, പാ, പാൽ ഇങ്ങനെ ഒന്നിലധികം സ്വരമില്ലാത്ത വർണ്ണസമുദായത്തിന്നു 'നേരശ' എന്നും പര, പരൽ, പരാ, പരാൻ ഇങ്ങനെ രണ്ടു സ്വരം ചേർന്ന വർണ്ണസമുദായത്തിന് 'നിരയശ'[2] എന്നും പേർ. ഈ അശകളെക്കൊണ്ടാണ് തമിഴർ ഗണം (ചീർ) ഉണ്ടാക്കുന്നത്. ഇത്രയുംകൊണ്ട് തമിഴിലും സംസ്കൃതത്തിലുമുള്ള വൃത്തവ്യവസ്ഥ ഭിന്നമാണെന്നു സ്പഷ്ടമാകുന്നു. എന്നാൽ ഭാഷയിൽ വർണ്ണനിയമമോ, മാത്രാനിയമമോ രണ്ടാലൊന്ന് ഒരു വിധത്തിൽ കാണുന്നുണ്ട്. അതിനാലാണ് സൂത്രത്തിൽ 'പ്രായേണ' എന്നു പറഞ്ഞത്. ഭാഷാവൃത്തങ്ങൾ മുഖ്യമായി തമിഴുരീതിയെ അനുസരിക്കുന്നത്, രണ്ടും പാട്ടുകളായിട്ടു പാടാനുള്ള വരികളാണെന്നുള്ള അംശത്തിലാകുന്നു. ഈവക വ്യത്യാസങ്ങളെത്തന്നെ ഓരോന്നായിട്ടെടുത്തു കാണിക്കുന്നു.

> അടികൾക്കും കണക്കില്ല, നിൽക്കയും വേണ്ടൊരേടവും. 2

ഭാഷാവൃത്തങ്ങൾക്ക് ഇത്ര അടി ഒരു ശീലെന്നു ക്ലിപ്തമില്ല. അന്വയം നിറുത്തുന്നതും എവിടെയെങ്കിലുമാവാം. ഈ ശീലുകൾ ശ്ലോകം പോലെ ഒറ്റതിരിയുന്നില്ല. ധാരമുറിയാതെ ഒഴുകുന്നു. ഇപ്പറഞ്ഞതും 'പ്രായേണ' എന്നേയുള്ളു. കീർത്തനങ്ങളിലും മറ്റും ശീലുകൾക്ക് പാദസംഖ്യാനിയമമുണ്ട്. സംഖ്യാനിയമം ചെയ്യുന്നപക്ഷം സംസ്കൃതത്തിലെപ്പോലെ നാലു പാദം ഒരു ശീലെന്നുതന്നെയാണ് മിക്ക ദിക്കിലും വ്യവസ്ഥ.

> വ്യവസ്ഥയെല്ലാം ശിഥിലം, പ്രധാനം ഗാനരീതിതാൻ. 3

ഇവിടെ പ്രാധാന്യം പാടാനുള്ള സൗകര്യത്തിനാകയാൽ സംസ്കൃതത്തിലെപ്പോലെ ഗുരുലഘ്വാദി നിയമങ്ങളെ അധികം ഗണിക്കാറില്ല. ഈ ഭാഗത്തെത്തന്നെ വിസ്തരിക്കുന്നു:

> മാത്രയ്ക്കു നിയമം കാണും ഗാനം താളത്തിനൊക്കുകിൽ;
> ഇല്ലെങ്കിൽ വർണ്ണസംഖ്യയ്ക്കു നിയമം മിക്ക ദിക്കിലും. 4

കിളിപ്പാട്ട് പ്രായേണ താളമിട്ടു പാടാത്തതാകയാൽ അതിൽ അക്ഷരനിയമം കാണുന്നുണ്ട്. തുള്ളൽപ്പാട്ടു മുതലായതിൽ അതുപോലെ മാത്രാനിയമം ഉണ്ട്.

---

2 രണ്ടും ഹ്രസ്വമോ, മുമ്പു ഹ്രസ്വവും പിമ്പു ദീർഘവുമോ ആയി രണ്ടു സ്വരം ചേർന്ന വർണ്ണ സമുദായം നിരയശ.

ഗുരുവാക്കാമിച്ഛപോലെ പാടി നീട്ടി ലഘുക്കളെ
അതുപോലിഹ ദീർഘത്തെക്കുറുക്കുന്നതപൂർവമാം. 5

ലഘുവിനെ പാടുമ്പോൾ നീട്ടി ഗുരുവാക്കാം. അതുപോലെ ദീർഘത്തെ പാടിക്കുറുക്കുകയും ആകാമെങ്കിലും അതു മറ്റേതുപോലെ സാധാരണമല്ല. ലഘുവിനെ ഗുരുവാക്കുന്നതിന് ഉദാഹരണം:

ഹരിണഹരി കരി കരടി ഗിരി കിരി
ഹരിശാർദ്ദൂലാദികളമിതവന്യമൃഗം. – ആദ്ധ്യാ. രാ.

ഇവിടെ ആദ്യപാദത്തെ വായിക്കുന്നത്

ഹരിണാ ഹരീ കരീ കരടീ ഗിരി കിരീ

എന്നാകുന്നു. ഗുരുവിനെ ലഘുവാക്കുന്നതിന് ഉദാഹരണം:

സുരവരജസുതനുമഥ നിന്നു വിഷണ്ണനായ്
സൂക്ഷിച്ചു മായമറിഞ്ഞിട്ടിരാവാനും. – ഭാര.

ഇവിടെ 'ഇരാവാനും' എന്നതിനെ 'ഇരാവനും' എന്നു പാടിയാലേ വൃത്തം യോജിക്കൂ. ഈ വക അവ്യവസ്ഥ എല്ലാം പഴയ സംസ്കൃതത്തിലും ഉണ്ടായിരുന്നതുതന്നെ.

'അപി മാഷം മഷം കുര്യാച്ഛന്ദോഭംഗം ന കാരയേത്'

എന്ന വചനം നോക്കുക. 'മാമിയം ചലിതാ വിലോക്യ വൃന്ദാവനാത്' ഇത്യാദി അഷ്ടപദിയും മറ്റും ലഘുക്കളെ ധാരാളം ഗുരുകരിക്കാറുണ്ട്.

ആര്യയിൽ ചൊന്ന രീതിക്കു ഗണകല്പനയുണ്ടിഹ
എന്നാലതിന്നു മാത്രയ്ക്കു നിയമം വേറെയാണു കേൾ. 6
ആര്യാജാതിഗണത്തിന്ന് മാത്ര നാലെന്നു നിശ്ചിതം
രണ്ടും മൂന്നും നാലുമഞ്ചുമാകാം പിന്നിവിടത്തിലോ. 7
ദ്വിമാത്രാഗണവും പിന്നെ ത്രിമാത്രാഗണവും തഥാ
ചതുർമ്മാത്രം പഞ്ചമാത്രമെന്നു താൻ ഗണ സംജ്ഞകൾ. 8

ആര്യയിൽ നാലുമാത്രകൾ കൂടിയത് ഒരു ഗണം എന്നുപറഞ്ഞതുപോലെ ഇവിടെയും ഇത്ര മാത്രകൾ കൂടിയത് ഒരു ഗണമെന്ന വ്യവസ്ഥയുണ്ട്. എന്നാൽ ഗണങ്ങൾക്കു മാത്ര[3]

[3] മാത്രാനിയമം താളാനുസാരിയെന്നു വിധിച്ച നിലയ്ക്ക് ഇരുമാത്രഗണനിയമം വേണ്ടിയിരുന്നില്ല. കുറഞ്ഞ താളഗതി (ത്ര്യശ്ര) മാത്ര മൂന്നാണല്ലോ.

രണ്ടോ മൂന്നോ അഞ്ചോ ആയിരിക്കും; ശേഷം വേണ്ടിവന്നാൽ നാലു രണ്ടിലും, ആറു മൂന്നിലും എന്ന മട്ടിൽ ഇവയിൽത്തന്നെ ഉൾപ്പെട്ടുകൊള്ളും. ഇവയ്ക്കു യഗണം, മഗണം എന്നും മറ്റും പറഞ്ഞതുപോലെ പേരുകൾ ഇടുന്നില്ല. സംസ്കൃത ഗാനങ്ങളിലും പ്രാകൃത വൃത്തങ്ങളിലും ഇതുപോലെ പലമാതിരി മാത്രാഗണങ്ങൾ ഉള്ളതിന് അക്ഷരംകൊണ്ടു പേരിട്ടിട്ടുണ്ട്. അവയെ അധികം പ്രയോജനമില്ലാത്തതിനാൽ ഇവിടെ സ്വീകരിക്കുന്നില്ല. ദ്വിമാത്രം, ത്രിമാത്രം ഇത്യാദികളെത്തന്നെയേ ഉപയോഗിക്കുന്നുള്ളൂ. ഒരു ഗണത്തിന് ആകെ ഇത്ര മാത്രവേണമെന്നല്ലാതെ അതിൽ ആദിഗുരു, മദ്ധ്യഗുരു മുതലായ പ്രകാരഭേദങ്ങളെ ഭാഷാവൃത്തങ്ങൾ ഗണിക്കുന്നുമില്ല. ഇത്രയും സാമാന്യവിധികൾ.

ഇനി ഓരോതരം പാട്ടുകളെ എടുത്ത് അതാതിൽ അരങ്ങിയിട്ടുള്ള വൃത്തങ്ങളെ പറയുന്നു. ഒരു വൃത്തംതന്നെ പലതരം പാട്ടുകളിലും വരുന്നതിനെ പ്രധാനമായി ആദ്യം എടുക്കുന്നിടത്തു വിവരിച്ചുകൊണ്ട് മറ്റു പാട്ടുകളിൽ അതിന് പ്രവേശമുള്ളതിനെ ചൂണ്ടിക്കാണിക്കമാത്രം ചെയ്തിരിക്കുന്നു. അതിൽ ആദ്യമായി,

## 1 കിളിപ്പാട്ട്

322. മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തുള്ളീരടിക്കു ചൊല്ലാം കാകളിയെന്നു പേർ. 1

അഞ്ചുമാത്ര കിട്ടുന്ന വിധത്തിൽ മൂന്നക്ഷരം ചേർത്തത് ഒരു ഗണം. അതായത് രണ്ടു ഗുരുവും ഒരു ലഘുവും ഉള്ള രഗണമോ, തഗണമോ, യഗണമോ ആവും. സർവലഘുവിന് അക്ഷരം മൂന്നിലധികം വരുന്നതിനാൽ ഇവിടെ ഗണിക്കാനില്ല. ഇങ്ങനെയുള്ള നാലുഗണം കൂടിയത് ഒന്നാം പാദം; അതുപോലെതന്നെ രണ്ടാം പാദവും. അപ്പോൾ എട്ടുഗണം ചേർന്നത് ഒരീരടി. ഈവിധമുള്ള ശീലിനു 'കാകളി'യെന്നു പേർ. പഞ്ചമാത്രഗണങ്ങൾ മൂന്നുള്ളതിൽ അധികം രഗണത്തേയും, പിന്നീടു തഗണത്തേയും, അതിലും കുറഞ്ഞു യഗണത്തേയും ആണുപയോഗിച്ചുകാണുന്നത്. ലഘുക്കളെ നീട്ടി ഗുരുവാക്കാവുന്നതിനാൽ നഗണം, ഭഗണം, സഗണം, ജഗണം എന്ന ശേഷം നാലുഗണങ്ങളേയും ഉപയോഗിക്കാം. ഗുരുവിനെക്കുറുക്കുക അപൂർവമാകയാൽ മാത്ര ഏറിപ്പോകുന്ന മഗണം മാത്രം ഈ വൃത്തത്തിൽ പ്രയോഗിപ്പാൻ പാടില്ലെന്നുവരുന്നു.[4]

ഉദാ:

ശാരിക/പ്പൈതലേ/ചാരുശീ/ലേവരി/
കാരോമ/ലേക/ഥാ/ശേഷവും/ചൊല്ലുനീ — അദ്ധ്യാ. രാ.

അദ്ധ്യാത്മം, അയോദ്ധ്യാകാണ്ഡം, സഭാപർവം, ചാണക്യസൂത്രം, രണ്ടാം പാദം ഇത്യാദികൾ ഈ വൃത്തത്തിലുള്ളവയാകുന്നു.

4 കാകളിയിൽ മഗണവും വരും—യഗണത്തെക്കാൾ ഏറെ. (പാടിക്കുറുക്കി ഐമാത്രഗണമാക്കുന്നു.)

323. കാകളിക്കാദ്യപാദാദൗ രണ്ടോ മൂന്നോ ഗണങ്ങളെ
ഐയഞ്ചു ലഘുവാക്കീടിലുളവാം കളകാഞ്ചികേൾ. 2

ഉദാ:

1. സുരവരജ/സുതനമഥ/നിന്നു വി/ഷണ്ണനായ്
   സൂക്ഷിച്ചു/മായമ/റിഞ്ഞിട്ടി/രാവാനും.[5] – ഭാര.
2. സകലശുക/കുലവിമല/തിലകിതക/ളേബരേ
   സാരസ്യ/പീയൂഷ/സാരസ/ർവ്വസ്വമേ – – അദ്ധ്യാ. രാ.

ഇവിടെ ഒന്നാമുദാഹരണത്തിന്റെ ഒന്നാം പാദത്തിൽ ആദ്യത്തെ രണ്ടു ഗണവും രണ്ടാമത്തേതിൽ മൂന്നു ഗണവും ലഘുമയം. രണ്ടിലും രണ്ടാം പാദം കാകളി തന്നെ. ഈ ലക്ഷണപ്രകാരം കാകളി സമവൃത്തവും കളകാഞ്ചി അർദ്ധസമവൃത്തവുമെന്നു വരുന്നു. നാലു പാദം ഒരു ശീൽ എന്നു നിയമമില്ലാത്തതിനാൽ അർദ്ധസമമെന്ന പേർ ഭാഷാവൃത്തങ്ങൾക്കു യോജിക്കയില്ല. മുറയ്ക്കു നോക്കിയാൽ സമമെന്നും വിഷമമെന്നും രണ്ടു വിഭാഗമേ ഭാഷയിൽ സംഭവിക്കയുള്ളൂ. സംസ്കൃത സമ്പ്രദായപ്രകാരം നോക്കിയാൽ കളകാഞ്ചിയെ അർദ്ധസമമെന്നു വിളിക്കാമെന്നേ ഇവിടെ പറഞ്ഞതിനു താല്പര്യമുള്ളൂ. വേറെയും ഒരു ഭേദം ഈ വൃത്തങ്ങൾക്കു തങ്ങളിലുണ്ട്. കാകളിയിലെല്ലാം ത്ര്യക്ഷരഗണങ്ങളാകയാൽ പാദമൊന്നിന് അക്ഷരം പന്ത്രണ്ട് എന്നു നിയമം ഉണ്ട്; കളകാഞ്ചിയിൽ സർവ്വലഘുഗണങ്ങളുള്ളതിനാൽ ഒന്നാം പാദത്തിൽ മാത്രം അക്ഷരം പതിനാറോ പതിനെട്ടോ ആകാം. പാദത്തിൽ മാത്രകളുടെ ആകെത്തുക രണ്ടു വൃത്തത്തിനും 20 തന്നെ.

324. കാകളിക്കുള്ള പാദങ്ങൾ രണ്ടിലും പിന്നെയാദിമം
ഗണം മാത്രം ലഘുമയമായാലോ മണികാഞ്ചിയാം. 3

ഉദാ:

പരമപുരു/ഷൻ മഹാ/മായ തൻ/വൈഭവം
പറകയുമ/നാരതം/കേൾക്കയും/ചെയ്കിലോ/[6] – ഭാര.

ഇനി മണികാഞ്ചിയെ കളകാഞ്ചിയുടെ ഇടയ്ക്കല്ലാതെ ഒരു പർവത്തിലോ അദ്ധ്യായത്തിലോ മുഴുവൻ ഉപയോഗിച്ചുകണ്ടിട്ടില്ല.

325. ഇച്ഛപോലെ ചിലേടത്തു ലഘുപ്രായഗണങ്ങളെ[7]
ചേർത്തും കാകളി ചെയ്തിടാമതിൻപേർ മിശ്രകാകളി. 4

---

5 'മായമ' പാടിനീട്ടിയും 'രാവാനും' പാടിക്കുറുക്കിയും അഞ്ചുമാത്രയിലാക്കുന്നു.

6 അതിസമ്മതയുമായി തട്ടിച്ചുനോക്കുക.

7 മുകളിൽപ്പറഞ്ഞ ലഘുമയഗണമോ ലഘുപ്രായഗണമോ രണ്ടിനവുമോ ചേർക്കുന്നത് എന്നു വിവക്ഷ. ഉദാഹരണങ്ങൾ നോക്കുക.

ഉദാഃ

1. ജനിമൃതിനി/വാരണം/ജഗദുദയ/കാരണം/
   ചരണനത/ചാരണം/ചരിതമധു/പൂരണം/

ഇതിൽ രണ്ടടികളിലും ഒന്നും മൂന്നും ഗണങ്ങൾ ലഘുമയങ്ങൾ.

2. ശിവ ശിവ മ/നോഹരേ/ശീലവതി/സാദരം/
   ജന്മസാ/ഫല്യദം/ചൊല്ലുകൈ/വല്യദം/ – ഭാര.

ഇതിൽ ആദ്യപാദത്തിൽ ഒന്നാംഗണം ലഘുമയം തന്നെ; മൂന്നാം ഗണത്തിൽ ഒരു ഗുരുവും മൂന്നുലഘുവും ചെയ്തിരിക്കുന്നു. അതിനാലാണ് 'ലഘുപ്രായ – (ലഘുവധികപ്പെട്ട) ഗണങ്ങളെ' എന്നു ലക്ഷണം ചെയ്തത്. ഈ ലക്ഷണപ്രകാരം ചാണക്യസൂത്രത്തിൽ 'ശുകതരുണി സാദരം സുശീല ഗുണഭാസുരം' എന്നു കാണുന്നതു 'സാദരം ശീലഗുണ' എന്നാക്കണം. 'സു' അധികമാണെന്നു പാട്ടുകാരും സമ്മതിക്കുന്നു.

326. രണ്ടാം പാദാവസാനത്തിൽ വരുന്നോരു ഗണത്തിനു
വർണ്ണമൊന്നു കുറഞ്ഞീടിലൂനകാകളിയാമത്. 5

ഉദാ:

തത്തേവ/രികരി/കത്തങ്ങി/രിമമ/
ചിത്തംമു/ഹർപി/തെളിഞ്ഞി/തയ്യാ[8] – ഭാര.

ഇതിൽ രണ്ടാം പാദത്തിലെ അന്ത്യഗണത്തിന് രണ്ടക്ഷരമേ ഉള്ളു; മാത്രയും നാലായിപ്പോയി. ഒരക്ഷരം ലഘുവായാൽ മാത്ര മൂന്നുമാകും. ഇതിനെ എഴുത്തച്ഛൻ പർവാരംഭങ്ങളിൽ ഒരു വൈചിത്ര്യത്തിനു മാത്രമേ ഉപയോഗിക്കാറുള്ളു. അഞ്ചാറുവരി കഴിഞ്ഞാൽ സാധാരണ കാകളിതന്നെ എടുക്കും. രണ്ടാം പാദത്തിൽ നാലക്ഷരം കുറച്ച് ഒരുവിധം ഊനകാകളി മാരൻ പാട്ടിലും മറ്റും കാണുന്നുണ്ട്.[9]

ഉദാ:

കുങ്കുമ/ച്ചാറണി/ഞ്ഞാലും കു/ചങ്ങളിൽ/
കുംഭീന്ദ്ര/ഗാമിനീ/യാളേ/

ഇതിൽ രണ്ടാം പാദത്തിന് രണ്ടു ഗണവും രണ്ടക്ഷരവുമേ ഉള്ളു.

327. രണ്ടു പാദത്തിലും പിന്നെയന്ത്യമായ ഗണത്തിന്
വർണ്ണമൊന്നു കുറഞ്ഞെന്നാൽ ദ്രുതകാകളി കീർത്തനേ. 6

---

8 ഈ ഉദാഹരണം ഊനകാകളിക്കു വല്ലപാട്ടും ഒപ്പിക്കാമെന്നു മാത്രം. യഥാർത്ഥത്തിൽ ചതുർമ്മാത്രഗണഘടിതമല്ലേ ശീല്?

9 ഈ വൃത്തത്തിന് 'മാരകാകളി' എന്നൊരു പേരു പതിഞ്ഞിട്ടുണ്ട്.

രണ്ടടികളിലും ഒടുവിലെ ഗണത്തിനുമാത്രം അക്ഷരം രണ്ടാക്കിയാൽ കീർത്തനങ്ങളിലും മറ്റും കാണുന്ന ഒരു വൃത്തം ആകും. അതിന് 'ദ്രുതകാകളി' എന്നു പേർ. അക്ഷരമൊന്നു കുറയ്ക്കണമെന്നു പറഞ്ഞതിനാൽ മാത്ര മൂന്നോ നാലോ ആകാം. എങ്കിലും മൂന്നു മാത്രയാണ് അധികം ദിക്കിലും കാണുന്നത്.

ഉദാഃ

1. കാള മേ/ഘകളാ/യങ്ങളെ/ക്കാളും/
   കാളനാ/ളികപാ/ളികളെ/ക്കാളും/
   കാളി മ/കൊണ്ടുകാ/ളും കളേ/ബരം/
   പനേന്നാർ/കാവിലീ/ശ്വരീ പാ/ഹിമാം. – കാളീസ്തോത്രം
2. പണ്ടുപ/ണ്ടുള്ള വി/ത്തുകളെ/ല്ലാമേ
   കണ്ടാലു/മറിയാ/തേ മറ/ഞ്ഞുപോയ് – ഭാ. ച. കൃ. പാ.

ഈ ദ്രുതകാകളിയിൽ മഗണവും ചേർക്കാറുണ്ട്.

ഉദാഃ

തൃപ്പൂണി/ത്തുറമേ/വും ഭ ഗ/വാന്റെ
തൃപ്പാദ/ത്താരടി/യിണ ചേ/രുവാൻ [10] – കീർത്ത.

പാനപ്പാട്ടുകൾക്കും ഇതുതന്നെയാണു വൃത്തം. [11]

ഉദാ:

മാളിക/മുകളേ/റി യ മ/ന്നന്റെ
തോളിൽ മാ/റാപ്പുകേ/റ്റുന്നതും/ഭവാൻ[12] – ജ്ഞാനപ്പാന

കിളിപ്പാട്ടിലുൾപ്പെട്ടതല്ലെങ്കിലും ദ്രുതകാകളിയെ ഇവിടെ പറഞ്ഞത് കാകളി പ്രസ്താവത്തിലാകുന്നു.

328. മൂന്നും രണ്ടും രണ്ടും മൂന്നും രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറു ഗണം പാദം രണ്ടിലുമൊന്നുപോൽ,
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ ഗണത്തിലും,
നടുക്കു യതി പാദാദിപ്പൊരുത്തമിതു കേകയാം. 7

[10] ചിലേടത്തൊക്കെ ഗുരുലഘുക്കൾ അടയാളപ്പെടുത്തിയിരിക്കുന്നത് പാടിനീട്ടേണ്ടതും കുറുക്കേണ്ടതുമായ വർണ്ണങ്ങൾ കാണിക്കാനാണ്.
'തൃപ്പാദത്താരിണയിടചേരുവാൻ' —എന്നതായിരിക്കില്ലേ ശുദ്ധപാഠം?

[11] ഇതേ പാനപ്പാട്ടുവൃത്തംതന്നെയാണ് 'ഇരുപത്തിനാലുവൃത്ത'ഭാഗത്തു ലക്ഷണം കല്പിച്ചിരിക്കുന്ന 'സർപ്പിണി'യും.

[12] സർപ്പിണിയുടെ ഉദാഹരണങ്ങളുമായി തട്ടിച്ചുനോക്കുക.

ഓരോ പാദത്തിലും 3, 2, 2, 3, 2, 2 എന്ന ക്രമത്തിൽ അക്ഷരങ്ങളോടുകൂടെ ആറു ഗണങ്ങൾ; 14 അക്ഷരം. ഈ ഗണങ്ങളിൽ ഓരോന്നിലും ഓരോ ഗുരുവെങ്കിലും വേണം; എല്ലാം ഗുരുവായാലും വിരോധമില്ല. അപ്പോൾ ഒരു പാദത്തിൽ കുറഞ്ഞപക്ഷം ഗുരു 6, ശേഷം 8 ലഘു എന്നു മാത്ര 20; എല്ലാം ഗുരുവായാൽ മാത്ര 28; അതുകൊണ്ട് മാത്ര ഇരുപതിനും ഇരുപത്തിയെട്ടിനും മദ്ധ്യേ നിൽക്കുമെന്നു വന്നുകൂടി. അക്ഷരം 14 എന്നു ക്ലിപ്തം തന്നെ. എന്നാൽ മാത്ര സാധാരണയിൽ രണ്ട് അറ്റങ്ങൾക്കും മദ്ധ്യേ ഇരുപത്തിരണ്ടോ ഇരുപത്തിനാലോ ആയിരിക്കും. ഇതിനുപുറമേ പാദാദികൾക്കും പൊരുത്തം വേണം. എന്നുവച്ചാൽ ഒന്നാം പാദം ഗുരുകൊണ്ടു തുടങ്ങിയാൽ രണ്ടാം പാദവും ഗുരുകൊണ്ടുതന്നെ തുടങ്ങണം; ലഘുകൊണ്ടായാൽ ലഘുകൊണ്ട് എന്നുള്ള നിയമം. പാദങ്ങൾക്കു മദ്ധ്യേ യതിവേണം; 3, 2, 2, എന്ന ആദ്യത്തെ മൂന്നു ഗണം ഒരു യതി; അതുപോലെതന്നെ പിന്നെയും മൂന്നു ഗണങ്ങൾ ഒരു യതി എന്ന്.

ഉദാഃ

| | | |
|---|---|---|
| 1) | സുരവാ/ഹിനി/പതി/തനയൻ/ഗണ/പതി | 20 മാത്ര |
| | സുരവാ/ഹിനി/പതി/പ്രമഥ/ഭൃത്/പതി | 20 മാത്ര |
| 2) | ശക്രനോ/കൃതാ/ന്തനോ/പാശിയോ/കുബേ/രനോ/ | 22 മാത്ര |
| | ദുഷ്കൃതം/ചെയ്തു/തവൻ/തന്നെഞാ/നൊട്ടു/ക്കുവെൻ | 22 മാത്ര |
| 3) | കൈലാസാ/ചലേ/സൂര്യ/കോടിശോ/ഭിതേ/വിമ/- | 24 മാത്ര |
| | ലാലയേ/രത്ന/പീഠേ/സംവിഷ്ടം/ധ്യാന/നിഷ്ഠം/ | 26 മാത്ര |
| 4) | മാതംഗാ/ഭാസ്യൻ/ദേവൻ,/മംഗല്യാ/ധാന/പ്രീതൻ | 28 മാത്ര |
| | മാതംഗീ/വാചാ/ന്ദേവീ,/മാനാഥൻ/ഗൗരീ/കാന്തൻ/ | 28 മാത്ര |

ഈ ഉദാഹരണങ്ങളിലൊക്കെയും പാദാദിപ്പൊരുത്തവുമുണ്ടെന്നു കാൺക. മിക്ക ദിക്കുകളിലും യതികളുടെ ആദിക്കും പൊരുത്തം കാണും; ഇവിടെ എടുത്ത ഉദാഹരണങ്ങളിലെല്ലാം അതുണ്ടെങ്കിലും അതില്ലാത്ത വരികൾ അപൂർവമല്ല.

പുരുഷ/സ്ത്രീജാ/തിനാ/മാശ്രമാ/ദിക/ളല്ല
കാരണം/മമ/ഭജ/നത്തിനു/ജഗ/ത്ത്രയേ/

എന്നു ചില പുസ്തകങ്ങളിൽ കാണുന്നത് 'പുരുഷസ്ത്രീ' എന്നു വായിച്ചാൽ പൊരുത്തം തെറ്റുന്നില്ല.[13]

ദ്രോണരോ/ടൊരു/മിച്ചു/പഠിച്ചു/വിദ്യകളും
സുരലോ/കം പു/ക്കുപു/ഷതമ/ഹീപതിയും

[13] പൊരുത്തം ദീക്ഷിക്കാത്ത ചില ശീലുകൾ പല കിളിപ്പാട്ടിലും കാണുന്നുണ്ട്.

എന്ന ഭാരതം സഭാപർവത്തിൽ കാണുന്നത് പാദാദിപ്പൊരുത്തത്തിന് ഒരപവാദംപോലെ തോന്നുന്നു. എന്നാൽ വാസ്തവത്തിൽ ഇവിടെ മദ്ധ്യേവരികൾ വിട്ടുപോയിരിക്കണം. അർത്ഥത്തിലുള്ള ചേർച്ചക്കേട് ഈ ഊഹത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു.[14] മുൻ കാണിച്ച,

1. 'കാരണം മമ ഭജ/നത്തിനു ജഗത്ത്രയേ'
2. 'അഗതിയായോരടി/യനനുഗ്രഹിക്കണം'

ഇത്യാദികളിൽ യതിഭംഗം വന്നുകാണുന്നുണ്ട്.

329. ലഘുപൂർവം ഗുരു പരമീമട്ടിൽ ദ്വ്യക്ഷരം ഗണം,
ആറെണ്ണം മദ്ധ്യയതിയാലർദ്ധിതം, മുറി രണ്ടിലും,
ആരംഭേ നിയമം നിത്യമിതന്നനടയെന്ന ശീൽ.[15]

പാദമൊന്നിനു മുൻലഘുവും പിൻഗുരുവുമായിട്ട് ഈരണ്ടക്ഷരമുള്ള ഗണം ആറ്; നടുക്കു യതിചെയ്ത് പാദത്തെ രണ്ടർദ്ധമായിട്ട് മുറിക്കണം; രണ്ടു മുറിയുടെയും ആദ്യഗണത്തിൽ മുൻലഘു, പിൻഗുരു എന്നുള്ള നിയമം അവശ്യമനുഷ്ഠിക്കണം; ശേഷം നാലു ഗണങ്ങളിൽ തെറ്റിയാലും തരക്കേടില്ല. ഇത് 'അന്നനട'.

ഉദാ:

1) ഹരാ/ഹരാ/ഹരാ/ശിവാ/ശിവാ/ശിവാ/
പുര/ഹരാ/മുര/ഹരാ/നത/പദാ/
2) വിവി/ധമി/ത്തരം,/പറ/ഞ്ഞുകേ/ഴ്ന്നോ-
രര/ചനെ/ത്തൊഴു/തുര/ചെയ്താൻ/സൂതൻ.

രണ്ടാമുദാഹരണത്തിൽ അന്ത്യഗണങ്ങൾക്കു ലഘുഗുരുവ്യവസ്ഥ തെറ്റിയിരിക്കുന്നു. യത്യാരംഭമായ ഒന്നും നാലും ഗണങ്ങളിലാകട്ടെ നിയമം ശരിതന്നെ എന്നു കാൺക.[16]

## 2 തുള്ളൽപ്പാട്ട്

തുള്ളൽപ്പാട്ടിന് (1) ഓട്ടൻ, (2) ശീതങ്കൻ, (3) പറയൻ എന്നു മൂന്ന് വകഭേദമുണ്ട്. ഇതിൽ ഓരോന്നിലും ഉള്ള വൃത്തങ്ങൾ വെവ്വേറെ ആണെങ്കിലും ചിലതു സാധാരണമായിട്ടു കാണുന്നു. അതിൽ ആദ്യം ഓട്ടനിൽ പ്രധാനമായുള്ള വൃത്തങ്ങളെടുക്കുന്നു.

---

[14] 'ദ്രോണരോടൊരുമിച്ചു പഠിച്ച വിദ്യകളും
ക്ഷീണമെന്നിയേ സൗഖ്യംപൂണ്ടു വാണീടുംകാലം
സുരലോകവും പുക്കു പൃഷതമഹീപതി
നരപാലകനായാൻ ദ്രുപദനതുകാലം' എന്നാണ് 'ഭാരത'ത്തിന്റെ പല പതിപ്പുകളിലും കാണുന്നത്.

[15] 'ആരംഭേ നിയമം' നിത്യമല്ല, ലക്ഷ്യങ്ങളിൽ; ആ ഗണങ്ങളും മറ്റുള്ളവയെപ്പോലെ പാടിയൊപ്പിക്കേണ്ടിയിരിക്കുന്നുവല്ലോ.

[16] അല്ല—ഉദാഹരിച്ച ലക്ഷ്യത്തിൽത്തന്നെ നാലു യത്യാരംഭഗണങ്ങളിൽ മൂന്നിലും നിയമം ശരിയായിട്ടല്ലല്ലോ കാണുന്നതു്.

## ഓട്ടൻ (1)

330. ദ്വിമാത്രം ഗണമെട്ടെണ്ണം യതിമദ്ധ്യം തരംഗിണി. 1

രണ്ടു മാത്രയിലുള്ള ഗണം എട്ട്ചേർത്ത് ഒരു പാദം ചെയ്യുന്ന വൃത്തത്തിനു 'തരംഗിണി' എന്നു പേർ. ഇതിനു പാദമദ്ധ്യമായ നാലാം ഗണത്തിന്റെ അവസാനത്തിൽ യതിയും വേണം. സംസ്കൃതത്തിൽ ഈ വൃത്തം മാത്രാസമകവർഗ്ഗത്തിലുൾപ്പെടും. എന്നാൽ ഇങ്ങനെയൊരു ലക്ഷണവും പേരും സംസ്കൃതവൃത്തശാസ്ത്രഗ്രന്ഥങ്ങളിൽ കണ്ടിട്ടില്ല.

ഉദാ:

(1) അണി/മതി/കല/യും/സുര/വാ/ഹിനി/യും
ഫണി/പതി/ഗണ/ഫണ/മണി/കളു/മണി/യും – ഘോ. യാ.

(2) ദോ/ഷ/ഗ്രാ/ഹിക/ളി/ല്ലാതു/ള്ളോരു/
ദോ/ഷ/ജ്ഞ/ന്മാ/രുടെ/സഭ/തു/ച്ഛം/ – ഘോ. യാ.

ഇതിൽ രണ്ടാമുദാഹരണത്തിൽ യതിഭംഗമുണ്ട്. പാടുമ്പോൾ അത് തെളിയുകയും ചെയ്യുന്നു. സംസ്കൃതത്തിൽ,

'ഭജ ഗോവിന്ദം ഭജ ഗോവിന്ദം'

എന്നുള്ള കീർത്തനം ഈ വൃത്തത്തിലാകുന്നു. ഇരുപത്തിനാലുവൃത്തത്തിൽ പതിനാലും പത്തൊമ്പതും വൃത്തങ്ങളിലും ഈ വൃത്തം പ്രയോഗിച്ചുകാണുന്നു.

ഉദാ:

(1) കൊണ്ടാ ലക്ഷ്മണ! വില്ലും ശരവും
കണ്ടീലേതും വരുണമിദാനീം
കണ്ടാലും മമ വീര്യം ജലനിധി
മണ്ടിവരുന്നതു നാരായണ! ജയ! – 14-ാം വൃ.

(2) മനുകലതിലകമണിപ്പൂൺപേ! നീ
നിശമയ സീതാചരിതമിദാനീം
ശ്രുതിഗതമാകിലിതഖിലജനാനാം
ദുരിതക്ഷയമിതു നാരായണ! ജയ! – 19-ാം വൃ.

331. രണ്ടാംപാദേ ഗണം രണ്ടു കുറഞ്ഞൂനതരംഗിണി. 2

രണ്ടാം പാദത്തിൽ രണ്ടു ഗണം കുറഞ്ഞ തരംഗിണിക്ക് 'ഊനതരംഗിണി' എന്നു പേർ.[17]

---

[17] ഉദാ:

സുരവധുമാരുടെ നടുവിലിദാനീം
നരവധു ചേരുകയില്ലേ!

332. കേകാപാദത്തെയർദ്ധിച്ചാലർദ്ധകേകയതായിടും. 3

കേകയ്ക്കു രണ്ടു യതിയുള്ളതിൽ ആദ്യത്തെ യതിയിൽത്തന്നെ പദം നിറുത്തിയാൽ 'അർദ്ധ കേക'. അപ്പോൾ ഒരു ത്ര്യക്ഷരഗണത്തിനു പിന്നാലെ രണ്ടു ദ്വ്യക്ഷരഗണം അർദ്ധകേക എന്നർത്ഥമായി. ഓരോ ഗണത്തിലും കുറഞ്ഞപക്ഷം ഓരോ ഗുരുവും വേണം.

ഉദാ:

(1) ഏണനയനേ ദേവി
വാണീടു ഗുണാലയേ. – കൃ. അ. വി.

(2) കളിച്ചു പടജ്ജനം
വിളിച്ചു പുറപ്പെട്ടു – നള. ച.

(3) തിരയിൽ ചാടി നീന്തും
നെറ്റിമേൽ കുറിച്ചാന്തും – കാ. വി.

(4) ബദ്ധവ്/ചന/മതു/
കേട്ടഹേ/ഹയ/നൃപൻ/.

സംസ്കൃതത്തിലെ വക്ത്രവൃത്തവും (അനുഷ്ടുപ്പിൽ), സ്വാഗതാവൃത്തവും (ത്രിഷ്ടുപ്പിൽ), സുമംഗലാവൃത്തവും (ജഗതിയിൽ), തുള്ളലിൽ ഉപയോഗിക്കാറുണ്ട്.

വക്ത്രത്തിന് ഉദാഹരണം:[18]

1. വിരവോടെ ഗുരുവായൂർ
മരുവും തമ്പുരാൻ കൃഷ്ണൻ, – കൃ. വി. ഓട്ടൻ.

2. കവി ചൊല്ലിപ്പലിപ്പിപ്പാ-
നെളുതല്ലെങ്കിലും നമ്മെ. – കൃ. ലീ. ശീതങ്കൻ.

3. കു/റവില്ലാ/ത്തൊരുകി/ള്ളി-
ക്കുറിശ്ശി ശ്രീമഹാദേവൻ. – സ. പ്ര. പറയൻ.

സ്വാഗതയ്ക്ക് (ര ന ഭ ഗ ഗ)

(1) നില്ല നില്ലെട സുയോധന, കർണ്ണാ
നിങ്ങൾ ചൊന്ന മൊഴി നിന്ദിതമെല്ലാം. – ഘോ. യാ.

ഉച്ഛ്രയകാഞ്ചനവളകടെ നടുവിൽ
പിച്ചളവളയതുപോലെ. – നള. ച.

[18] പറയൻതുള്ളലിൽ പ്രധാനമായിക്കാണുന്ന ഈ തനിമലയാളവൃത്തത്തെ ഇവിടെ സംസ്കൃതവൃത്തമെന്നു വിധിച്ചിരിക്കുന്നത് ചിന്തനീയം.

(2) അർജ്ജുനസ്യ മയി കിം ബഹുമാനം
നാസ്തി തസ്യ ബഹു കഷ്ടമിദാനീം. – കാ. വി.

സ്വാഗതയെ ചിലെടത്തു മാത്രാപ്രധാനമാക്കി അക്ഷരസംഖ്യ ഭേദപ്പെടുത്തീട്ടും കാണും. എങ്ങനെയെന്നാൽ,

ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തസമ്മതം പൂണ്ടു ഗമിച്ചു
വൃത്രവൈരിയെച്ചെന്നു വണങ്ങി
തത്ര മേവിനാനതുമതി ഭദ്രം. – ഘോ. യാ.

ഇതിൽ ആദ്യത്തെ മൂന്നു പാദങ്ങളിൽ സ്വാഗതയുടെ നാലക്ഷരം കഴിഞ്ഞുള്ള രണ്ടു ലഘുക്കൾക്കു പകരം ഒരു ഗുരു ചെയ്തിരിക്കുന്നു. 'ചിത്രസേനനനുവൃന്ദവുമെല്ലാം' എന്നായാൽ സ്വാഗതതന്നെയാകും. നാലാം പാദത്തിൽ ഗുരുലഘുക്കൾക്കു വിനിമയം ചെയ്തതേയുള്ളു. 'തത്ര മേവിനതു നാമതിഭദ്രം' എന്നായാൽ 'സ്വാഗത'യാകും.

സുമംഗലയ്ക്കു (ജ ഭ ജ ര)

മതം നമുക്കഭിമതം വൃകോദരാ
ഹിതം പറഞ്ഞതുചിതം ഗ്രഹിക്ക നീ. – ഘോ. യാ.

333. ജഗണാദ്യം ചതുർമ്മാത്രഗണം നാലു ശിതാഗ്രയാം. 4

ചതുർമ്മാത്ര ഗണം നാലു കൂടിയതു 'ശിതാഗ്ര'; അതിൽ ആദ്യത്തെ ഗണം ജഗണ — (മദ്ധ്യഗുരു) — രൂപമായിരിക്കുകയും വേണം.

ഉദാ:

(1) വിദഗ്ദ്ധ/നായിക/നളന്റെ/ദൂതൻ/
വിദർഭ/നൽപുര/മടുത്തു/കണ്ടു
കുതിച്ചു/ചാടും/കുതിരകൾ/കണ്ടു – നള. ച.

(2) കരിനൃതിന്നാൻ കരിവരനിപ്പോൾ
തരിനൃമോഹമതുണ്ടെന്നാകിൽ. – ഘോ. യാ.

334. ത്രിമാത്രം ദ്വ്യക്ഷരഗണമാറെണ്ണം ഗുരുവൊറ്റയും
ആദ്യം ഗണം ഗുരുമുഖമിതു ഹംസപ്ലുതാഭിധം.[19] 5

ഒരു ഗുരുവും ഒരു ലഘുവും ചേർന്ന രണ്ടക്ഷരം. മൂന്നു മാത്രയിൽ ആറു ഗണവും ഒടുവിൽ ഒരു ഗുരുവും കൂടിയത് 'ഹംസപ്ലുതം'; ഇതിൽ ആദ്യഗണം ലഘുകൊണ്ടു തുടങ്ങുകയും വേണം.

[19] 'ആദ്യം ഗണം ലഘുമുഖം' എന്നു തിരുത്തിപ്പഠിക്കണം. വിവരണോദാഹരണങ്ങൾ രണ്ടിലും അങ്ങനെയാണല്ലോ കാണുന്നത്.

ഉദാ:

(1) ജലധിയും കലങ്ങി മറിഞ്ഞിടുന്നു
ഗിരികളും വിരവോടു കുലുങ്ങിടുന്നു. – കൃ. വി.

(2) മരുത്തിന്റെ മകനെക്കാൾ വലിപ്പനെന്നും
കരുത്തുള്ള പരിഷയിലധീശനെന്നും – കിരാ.

(3) കരമതിലകപ്പെട്ട കനകക്കട്ട
പരിചൊടു കളയുന്നതുചിതമല്ല – അ. മോ.

(4) പടജ്ജനപടലവുമിടവകയും
നട വിട ചട ചട രടിതങ്ങളും. – നള. ച.

335. ലഘുപ്രായം[20] ചതുർമ്മാത്രഗണമാറൊരു ദീർഘവും
ചേർന്നുവന്നാലജഗരഗമനാഭിധവൃത്തമാം. 6

ലഘുപ്രചുരമായ ചതുർമ്മാത്രഗണം ആറും ഒടുവിൽ ഒരു ദീർഘവും വരുന്നത് 'അജഗരഗമനം'.

ഉദാ:

(1) തെളിവൊടു പല വാളുകൾ കർക്കടതോക്കുകൾ വില്ലുകൾ ശൂലം
വെളുവെളെ വളയുന്ന കഴുത്തില ശക്തികൾ പത്തി കൃപാണം – നള. ച.

(2) വർദ്ധിതതര ധവളഹിമാചല സന്നിഭതുംഗശരീരൻ
നെടുതാകിന കൊടിമരമെന്നകണക്കു തടിച്ചൊരു വാലും. – ക. സൗ.

336. ആറുമെട്ടും പതിന്നാലു മാത്രയാൽ മദമന്ഥരാ.

ആറു മാത്ര ഒരു യതി, പിന്നീട് എട്ടു മാത്ര ഒരു യതി, എന്നു പതിന്നാലു മാത്ര രണ്ടു യതിയായുള്ള വൃത്തം 'മദമന്ഥരാ'. അക്ഷരങ്ങൾ അധികവും ലഘുവായിരിക്കണം.

ഉദാ:

(1) പല വടിവും വന്നു ചമഞ്ഞു
തലമുടിയും വന്നു തികഞ്ഞു – നള. ച.

(2) രതികണവനു കണകളൊടുങ്ങീ
അതിവിവശതപൂണ്ടു മയങ്ങീ. – ബാ. യു.

മാരൻപാട്ടിലും ഈ വൃത്തം ഉപയോഗിച്ചിട്ടുണ്ട്.

മലയജമലയതിലും മാലതി
മലർനിര ചൊരിയും വനമതിലും.

[20] ലഘുപ്രായം മാത്രമല്ല, ലഘുമയഗണവും കാണുന്നുണ്ട് ലക്ഷ്യങ്ങളിൽ.

## ശീതങ്കൻ (2)

337. അടിയൊന്നിലെഴുത്തേഴു നാലിലോ അഞ്ചിലോ ലഘു
മറ്റുള്ളതെല്ലാം ഗുരുവാം കൃശമദ്ധ്യാഖ്യമാമിതു്. 1

ഉദാഃ

(1) മാത്തുരംബികേ നിന്മെയ്
പാർത്തു ഞാൻ വണങ്ങുന്നേൻ. – സ. പ്ര.

(2) അക്കാലം ദേവകന്റെ
മോളായ ദേവകിയെ[21] – കൃ. ലീ.

കൃശമദ്ധ്യയെ വക്ത്രത്തോടു കലർത്തിയാണ് അധികം പ്രയോഗിക്കുന്നതു്:

ശ്രീചാരുസ്വരൂപന്റെ
ചരണാംഭോരുഹം കൂപ്പി. – സ. പ്ര.

കിളിപ്പാട്ടിൽ പറഞ്ഞ കാകളിയും കളകാഞ്ചിയും ശീതങ്കനിൽ പ്രയോഗിക്കാറുണ്ട്.

ഉദാഹരണം:

കാകളിക്ക്:

വാനോർനദീപുരേ വാണരുളീടുന്ന
ദീനാനുകമ്പിയാം കൃഷ്ണൻതിരുവടി. – ക. സൗ.

കളകാഞ്ചിക്ക് :

അതികുടിലഘനസദൃശനിറമുടയവേണിയും
അത്ഭുതമാകും നിടിലപ്രദേശവും. – അഹ. മോ.

337(a). കളകാഞ്ചിയുടെ പാദങ്ങൾ മറിച്ചിട്ടും പ്രയോഗിക്കും. അതിന് 'പര്യസ്ത
കാഞ്ചി' എന്നു പേർ കൊടുക്കാം. 2

ഉദാ:

കല്ലോലജാലം കളിക്കുന്നകണ്ടു
കമലമണി നിറമുടയ കമലമതു കണ്ടു[22] – ക. സൗ.

[21] അർദ്ധകേകയുമായി ഒത്തുനോക്കുക — അഭിന്നമെന്നല്ലേ തോന്നുന്നതു?

[22] "കളകാഞ്ചിയുടെ പാദങ്ങൾ മറിച്ചിട്ടും പാദാവസാനങ്ങളിൽ ഓരോ അക്ഷരം വിട്ടും" എന്ന് കേരളകൗമുദി പറയുന്നതാണു ശരി.

## പറയൻ (3)

ശീതങ്കനിലും ഓട്ടനിലും ഉള്ള വൃത്തങ്ങൾക്കു പുറമേ സംസ്കൃതത്തിലെ മല്ലികാവൃത്തവും (ധൃതിയിൽ) മാത്രമല്ലാതെ പുതിയ വൃത്തമൊന്നും പറയനിൽ ഇല്ല. മല്ലികയ്ക്കു് ഉദാഹരണം:

എന്തിനിത്ര പറഞ്ഞു ദാനവനെന്തു സംഗതിയെന്നു നീ
ചിന്തിയാത്തവനല്ല നിങ്ങടെ ബന്ധു ഞാനസുരൻ മയൻ – സ. പ്ര.

ഇതിനെ മാത്രാപ്രധാനമാക്കിയും പ്രയോഗിക്കാം. ഉദാ:

(1) ഫലിതമൊരുവക പറകയും ചിലരുറകയും ചിലർ മറികയും
പലരുമിഹ ഭുവി നിറകയും ചിലർ വിറകയും രസമറികയും – സ. പ്ര.

(2) അന്ധനരവരവചനമിങ്ങനെ കേട്ടു സപദി സുയോധനൻ
അന്ധമതി ശഠശകുനികർണ്ണസമാകുലൻ സുമഹാധനൻ – സ. പ്ര.

(3) തിരുവനന്തപുരേ വിളങ്ങിന പത്മനാഭ നമോ$f$സ്തുതേ
തരുണജലധരനികരതുലിതകളേബരായ നമോ$f$സ്തുതേ. – സ. പ്ര.

## 3 കൃഷ്ണഗാഥ

338. ശ്ലഥകാകളിവൃത്തത്തിൽ രണ്ടാം പാദത്തിലന്ത്യമാം
രണ്ടക്ഷരം കുറച്ചീടിലതു മഞ്ജരിയായിടും. 1

ഉദാ:

മേനകമുൻപായ മാനിനിമാരുടെ
മേനിയെ നിർമ്മിപ്പാൻ മാതൃകയായ്.

കാകളിയുടെ ഗണമൊന്നും മഗണമാകരുതെന്നു പറഞ്ഞിട്ടുണ്ട്. മഞ്ജരിയിൽ ആ നിയമം വേണ്ട. അതാണ് 'ശ്ലഥകാകളി'എന്നു പറഞ്ഞത്. ഉദാഹരണത്തിൽ രണ്ടാംപാദത്തിൽ രണ്ടാംഗണം മഗണമായിരിക്കും. ശീലാവതിപ്പാട്ടിനും ഇതുതന്നെ വൃത്തം.

ഉദാ:

ലന്തക്കുരുകൊണ്ടു കൂട്ടാനുമുണ്ടാക്കി
ചന്തത്തിൽ വേണ്ടുന്ന കോപ്പുകൂട്ടി.

ഇരുപത്തിനാലു വൃത്തത്തിൽ പത്തും പന്ത്രണ്ടും വൃത്തങ്ങൾ ഇതാകുന്നു.

ഉദാ:

> കോടക്കാർകുന്തലാൾ സീതാവിയോഗത്താ-
> ലാടലിൽപെട്ടു വസിക്കുംകാലം
> കോടക്കാർ വന്നിട്ടു ചൂട്ടു പിടിപെട്ടു
> വാടിയ രാമ! ഹരേ! ശരണം.

## 4 ഇരുപത്തിനാലുവൃത്തം

ഇതെല്ലാം നാലു പാദത്തിലുള്ള ശ്ലോകങ്ങളാണ്. എന്നാൽ പൂർവാർദ്ധം ഉത്തരാർദ്ധമെന്ന രണ്ടായി മുറിയണമെന്നില്ല. ചിലെടത്ത് അർദ്ധം രണ്ടും ചേർന്നു സമാസിച്ചും കാണും. എങ്ങനെയെന്നാൽ,

> രാമാജ്ഞ കൈക്കൊണ്ടു രാമാനുജൻതാൻ
> തത്പാദുകേ മൂർദ്ധ്നി വിന്യസ്യ നന്ദി-
> ഗ്രാമേ$f$കരോദ്രാജ്യരാശാന്തചേതാ
> രാമാഗമാകാംക്ഷി ശ്രീരാമ! രാമ!

ഇപ്പുസ്തകത്തിൽ ഒന്നും പതിനഞ്ചും വൃത്തങ്ങൾ ഇന്ദുവദന എന്ന സംസ്കൃതവൃത്തം തന്നെ.

> ആപദി ഭജന്തി ന ഭജന്തി സുലഭേ$f$ർത്ഥേ
> ത്വാമകരുണാ വരദ! കാമവിവശാ യേ!
> കേവലസുഖായ ന ഹി തന്ന വിദിതം കിം
> തദ്വദിഹ തേ വയമപീശ! ഹരിരാമ!

ഇതിൽ ഗുരുക്കളെ പലെടത്തും ലഘുക്കളാക്കി ഉച്ചരിക്കേണ്ടിവരും. എങ്ങനെ എന്നാൽ,

(1) – ˘ ˘ ˘ – ˘ ˘ ˘ – ˘ ˘ ˘ – –
അല്ലലകറ്റീടുവതിനാശ്രിതജനാനാം
– ˘ ˘ ˘ – ˘ ˘ ˘ – ˘ ˘ ˘ – –
വില്ലുമമ്പുമായടവിതന്നിലെഴുന്നെള്ളി
– ˘ ˘ ˘ – ˘ ˘ ˘ – ˘ ˘ ˘ – –
ചൊല്ലെഴുന്നരാവണനെകൊന്നരഘുനാഥൻ
– ˘ ˘ ˘ – ˘ ˘ ˘ – ˘ ˘ ˘ – –
നല്ലുതുവരുത്തുകനമുക്കുഹരിരാമ

(2) – ˘ ˘ ˘ – ˘ ˘ ˘ – ˘ ˘ ˘ – –
പേരെഴുന്നലങ്കയിലകത്തുപുക്കുനേരേ
പോരിനൊരുമിച്ചു നിലകൊണ്ടു ഹരിരാമ.

ഇതിൽ ഒന്നിനെ

> അല്ലലകറ്റീടുവതിനാശ്രിതജനാനാം
> വില്ലുമപുമായടവിതന്നിലെഴുന്നെള്ളി
> ചൊല്ലെഴുന്ന രാവണനെ കൊന്നു രഘുനാഥൻ

എന്നും, രണ്ടിനെ

പാരെഴുന ലങ്കയിലകത്തു പുക്കു നേരെ

എന്നും വായിക്കേണ്ടിയിരിക്കുന്നു.

339. ഇഹേന്ദുവദനാവൃത്തേ മാത്രയ്ക്കൊത്തു ലഘുക്കളെ
ഇടവിട്ടു ഗുരുസ്ഥാനേ ചെയ്തിട്ടു ലഘുവൊന്നഥ,
ഒടുവിൽ ചേർത്തതാം വൃത്തം കലേന്ദുവദനാഭിധം. 1

ഉദാ:

1. കമലദലലോചനവുമമലകരപാദതല-
മസകലകളാക്ഷരമൊടരുളിനൊരു ഗീരുകളു-
മതിവിശദദന്തരുചി മൃദുഹസിതമാനനവു-
മകതളിരിലാക മമ പരമരഘുനാഥ! ജയ!

ഇതിൽ ഒന്നും മൂന്നും അഞ്ചും ഗുരുക്കൾക്ക് ഈ രണ്ടു ലഘു ചെയ്തിരിക്കുന്നു.

നാലു നിജ ചെറിയ ചില ബാലകരിലിയലിനൊരു
ലീലകളിൽ മുദിതനരപാലമണി നിജ യുവതി.
ചാലെ മുല പുണർന്നിരുന്ന കാലമഥ കുശികസുത-
നാലയത്തിനടുത്തു വന്നു രാമ! രഘുനാഥ! ജയ.[23]

ഇതിൽ രണ്ടും നാലും അഞ്ചും ഗുരുക്കൾക്കു പകരം ഈരണ്ടു ലഘുക്കൾ.[24]

340. ദ്വ്യക്ഷരം ഗണമൊന്നാദ്യം ത്ര്യക്ഷരം മൂന്നതിൽപരം,
ഗണങ്ങൾക്കാദിഗുരുവാം വേറൊന്നും ത്ര്യക്ഷരങ്ങളിൽ
മറ്റേതും സർവ്വഗുരുവായ്‌വരാം കേളിതു സർപ്പിണി. 2

ആദ്യം ദ്വ്യക്ഷരഗണം 1; പുറമേ ത്ര്യക്ഷരഗണം 3 എന്ന് ആകെ 11 അക്ഷരം. എല്ലാ ഗണങ്ങളേയും ഗുരുകൊണ്ടു തുടങ്ങണം; ത്ര്യക്ഷര ഗണങ്ങളിൽ രണ്ടു ഗുരുവെങ്കിലും വേണം; ദ്വ്യക്ഷരഗണത്തിലും രണ്ടും ഗുരുവാകുന്നതിനു വിരോധമില്ല. ഇതു 'സർപ്പിണി' എന്ന വൃത്തം.

ഉദാ:

1. ഏഴു/സാഗര/മേഖല/യാകുന്നോ/-
രൂഴി/തന്നിൽനി/റയുന്ന/ലോകരെ/
ഏഴ/കോഴകൾ/കൂടാതെ/രക്ഷിച്ചു/

[23] ഗുരുലഘുക്കൾ അടയാളപ്പെടുത്തിയിരിക്കുന്നത് ലഘൂകരണം എവിടെയൊക്കെ എന്നറിയാനാണ്.

[24] നാലും അഞ്ചും ഗുരുക്കൾക്കു പകരമെന്നായപ്പോൾ 'ഇടവിട്ടു ഗുരുസ്ഥാനേ' എന്ന ലക്ഷണം ശിഥിലമായി.

നാഴി/കതോറും/രാജാവു/ഗോവിന്ദ

2. സാര/മായകി/ടങ്ങുണ്ടു/തീർത്തിട്ടു/
ചാര/ത്താമ്മാറ്റു/മേളത്തിൽ/ഗോവിന്ദ/[25]

രണ്ടാം വൃത്തവും ഒൻപതാംവൃത്തവും ഈ ശീലിലാകുന്നു. മറ്റു പല പാട്ടുകളിലും ഈ ശീലു കാണും.

341. വിഷമത്തിൽ സമസമം സമത്തിൽ സമസം ഗുരു
എന്നുള്ളർദ്ധസമം വൃത്തം സമാസമസമാഹ്വയം. 3

വിഷമങ്ങളിൽ സമസമ എന്നും സമങ്ങളിൽ സമസഗ എന്നും ഗണങ്ങൾ ചേർന്ന അർദ്ധ സമവൃത്തത്തിനു 'സമാസമം' എന്നു പേർ. [26]

ഉദാ:

സുരപു/രിയൊടു/സമമാ/കുംനിജ/-
പുരിയിൽ/പുക്കുടൻ/രഘുനാ/ഥൻ
തരുണി/മാർമണി/മകുടീ/സീതയോ/-
ടൊരുമി/ച്ചുവാണു/ഹരിനം/ബോ.

342. കല്യാണി തഗണം മൂന്നു ഗുരു രണ്ടോടുചേരുകിൽ. 4

ത ത ത ഗ ഗ എന്നു പതിനൊന്നക്ഷരം കല്ല്യാണീവൃത്തം.[27]

ഉദാ:

കല്ല്യാണരൂപീ വനത്തിന്നു പോവാൻ
വില്ലുംശരം കൈപ്പിടിച്ചോരുനേരം
മെല്ലെപ്പുറപ്പെട്ടു പിന്നാലെ സീതാ
കല്യാണിനീദേവി ശ്രീരാമ! രാമ!

343. യതിമദ്ധ്യം സമ്പുടിതം നസഭം നഗഗങ്ങളും. 5

[25] ദ്രുതകാകളിയുടെ ഉദാഹരണങ്ങളുമായി തട്ടിച്ചുനോക്കുക. രണ്ടും ഒന്നാണെന്നു കാണാം.
[26] 'നരനായിങ്ങനെ' 'മലർമാതിൻകാന്തൻ' ഇത്യാദി പ്രസിദ്ധ കീർത്തനങ്ങളുടെ വൃത്തംതന്നെയാണിത്.
[27] ദ്രുതകാകളിക്കു വിധിച്ച ലക്ഷണം യഥാർത്ഥത്തിൽ യോജിക്കുന്നത് ഈ വൃത്തത്തിനാണ്. ഇതിന് സംസ്കൃതത്തിൽ 'വിധ്വങ്കമാല'യെന്നാണത്രേ പേര്.

'വിധ്വങ്കമാലയ്ക്കു തംതംതഗംഗം' എന്നു ലക്ഷണവും (വൃത്തശില്പം).

ഉദാ:

സമുചിതസപര്യാം ശബരിയൊടു വാങ്ങി-
പ്പരഗതിയവൾക്കും പരിചിനൊടു നല്കി
പരമപുരുഷൻ മാല്യവദചലസാനൗ
പരിചിനൊടു ചേർന്നു പരമശിവ! ശംഭോ!

ഇതിൽ മൂന്നാം പാദത്തിൽ യതിഭംഗം വന്നിട്ടുണ്ട്.

344. നസയം യലഗം ചേർന്നാലതിസമ്മതയായിടും. 6

ഉദാ:

ഭുവനമപി പൂരയാമാസ ഭേരീരവൈ-
രവനത സുരാംഗനാനന്ദഗാനങ്ങളും
സവിധഭുവി നാരദൻ വീണ വായിക്കയും
നവരസദമാട്ടവും നൗമി നാരായണം.[28]

345. തഭയം ജലലം മദ്ധ്യേ മുറിഞ്ഞാൽ സ്തിമിതാഭിധം. 7

ഉദാ:

ശ്രീരാമചന്ദ്ര! ജയ! സീതാകടാക്ഷമധു-
പാരാമമേ പെരിയ കാരുണ്യമെന്നിലരുൾ
നേരെ വരുത്തുക തെളിഞ്ഞാദരേണ തവ
നാരീശിരോമണിയെ നാരായണായ നമഃ[29]

346. സജനം ജഭലം മദ്ധ്യേ ഛിന്നാതിസ്തിമിതാഭിധാ. 8

[28] മണികാഞ്ചിയുമായി ഒത്തുനോക്കുക.

[29] 'ഹരിനാമകീർത്തന'ത്തിലെ പ്രധാനവൃത്തം ഇതുതന്നെ.

'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടൽബത മിണ്ടാവതല്ല മമ.'

ഇത്യാദി ശീലുകൾ നോക്കുക. തൊട്ടുതാഴെ കാണുന്ന 'അതിസ്തിമിത'യുടെ മട്ടും ഹരിനാമകീരത്തനത്തിൽ കാണാം. ഉദാ:

ഹരിനാമകീർത്തനമിതുരചെയ്വതിന്നു ഗുരു-
വരുളാലെ ദേവകളുമരുൾചെയ്ക ഭൂസുരരും.

ഉദാ:

രഘുനാഥശസ്ത്രമുടനടലിൽ തറച്ചു ഘന-
രുചിദൃഷ്ടിനിന്നഖിലരജനീചരാധിപതി
രണഭൂമിതന്നിലുടനടിപെട്ടു വീണു യമ-
ഭവനം ഗതഃ സപദി ശിവരാമ രാമ ജയ.

347. സർപ്പിണിക്കാദ്യഗുരുവിൻസ്ഥാനേ രണ്ടു ലഘുക്കളെ
ചേർത്താലുണ്ടായിടും വൃത്തമതിൻ പേരുപസർപ്പിണി. 9

ഉദാ:

ചരണപല്ലവം കുമ്പിട്ടു ലക്ഷ്മണൻ
മരമരികെപ്പോയ് മെല്ലേ മറഞ്ഞപ്പോൾ
അരിയ സീതയ്ക്കുണ്ടായോരു ദുഃഖത്തെ
പറയാമോ ശിവ നാരായണ! നംബോ.

ശങ്കരചരിതം, സ്രഗ്വിണി, മദനാർത്താ, പഞ്ചചാമരം എന്നീ സംസ്കൃതവൃത്തങ്ങളിലാണ് ചില വൃത്തങ്ങൾ:

ഉദാഃ ശങ്കരചരിതം (സ ന ജ ന ഭ സ)

ഹരിരാക്ഷസവരസോദരഹനുമാനോടു സഹിതം
തരുണീമണി നിജ സീതയൊടൊരുമിച്ചതിമധുരം
തരസാ കുസുമവിമാനവുമധിരുഹ്യ വിശാലം
സുരസദ്മനിയെഴുനെള്ളിന രഘുനായക! ശരണം.

ഇതിൽ മൂന്നാം പാദത്തിൽ അഞ്ചാമക്ഷരത്തിൽ പദം നില്ക്കാത്തതിനാൽ യതിഭംഗമുണ്ട്. ആ പാദാന്തത്തിൽ മാത്ര പ്രമാണമാക്കി രണ്ടു ലഘുവിനു പകരം ഒരു ഗുരു ചെയ്തിരിക്കുന്നു. ഇങ്ങനെ പിന്നെ ചിലെടത്തും കാണും.

സ്രഗ്വിണിക്ക് (ര ര ര ര)

പ്രാപ്തരാജ്യേ ഹരൗ ശാസ്തരീന്ദ്രദ്വിഷാം
പാർത്തലം കാത്തുരക്ഷിച്ചിരിക്കും വിധൗ
ആർത്തിപോക്കും നൃണാം ചീർത്ത സമ്പത്സുഖ-
പ്രാപ്തി ചൊല്ലാവതോ രാമ രാമ ഹരേ.

മദനാർത്തയ്ക്ക് (ത യ സ ഭ ഗ ഗ)

സീതാവിരഹവ്യാകുലചിത്തേ രഘുനാഥേ
സാകേതപുരദ്വാരി സമാഗമ്യ മഹാത്മാ
കോ*f*പിദ്വിജനത്യജ്യമൃതം ബാലമകാലേ
കോപിച്ച പറഞ്ഞു ഹരി നാരായണ നംബോ.

പഞ്ചചാമരത്തിന് (ജ ര ജ ര ജ ഗ)

ജഗത്ത്രയേ ജനങ്ങളെപ്പിടിച്ചുതച്ചു കൊന്നുടൻ
ഞരമ്പറെക്കടിച്ചു പച്ചമാംസഭക്ഷിരക്ഷസാം
കുലം മുടിപ്പതിന്നുപായമെന്തുകൊൾവതെന്നസൗ
വിചിന്തയാം ബഭ്രുവ ഹാ! മുകുന്ദ! രാമ! പാഹിമാം.

348. കേകയ്ക്കു രണ്ടാംപാദാന്തയതിയിൽ ത്ര്യക്ഷരം ഗണം
പൊരുത്തവുമുപേക്ഷിച്ചാൽ കേൾ പല്ലവിനിയാമതു്. 10

കേകയുടെ രണ്ടാം പാദത്തിന്റെ രണ്ടാം യതിയുടെ ആദ്യമായ ത്ര്യക്ഷരഗണവും, പാദാദിപ്പൊരുത്തവും വിട്ടതു് 'പല്ലവിനി'. [30]

ഉദാ:

പ്ലവഗകുലപതി വരുത്തും പെരുമ്പട-
ജ്ജനത്തോടൊരുമിച്ചു രഘുനാഥൻ
പടയ്ക്കു പുറപ്പെട്ടു സമുദ്രതടഭുവി
വസിച്ചിതൊരുദിനം ഹരിനംബോ.

ഇരുപത്തിനാലു വൃത്തത്തിലെ വൃത്തങ്ങളുടെ പേരുകൾ:

1-ാം വൃത്തം ഇന്ദുവദന
2-ാം വൃത്തം സർപ്പിണി
3-ാം വൃത്തം കലേന്ദുവദന
4-ാം വൃത്തം സമാസമം
5-ാം വൃത്തം കല്ല്യാണി
6-ാം വൃത്തം മല്ലിക
7-ാം വൃത്തം പഞ്ചചാമരം
8-ാം വൃത്തം സംപുടിതം
9-ാം വൃത്തം സർപ്പിണി
10-ാം വൃത്തം മഞ്ജരി

[30] ലക്ഷണം ക്ലിഷ്ടം. ഈ ഗ്രന്ഥത്തിൽ 'പറയൻ' എന്ന തലക്കെട്ടിൽ, മല്ലികയെ മാത്രാപ്രധാനമാക്കി പ്രയോഗിക്കുന്നതിന് ഉദാഹരണമായി ഉദ്ധരിച്ചിട്ടുള്ള ശീലുകളുമായി തട്ടിച്ചുനോക്കുക.

11-ാം വൃത്തം അതിസമ്മത
12-ാം വൃത്തം മഞ്ജരി
13-ാം വൃത്തം പല്ലവിനി
14-ാം വൃത്തം തരംഗിണി
15-ാം വൃത്തം ഇന്ദുവദന
16-ാം വൃത്തം കല്ല്യാണി
17-ാം വൃത്തം അതിസ്ഥിമിത
18-ാം വൃത്തം സ്ഥിമിത
19-ാം വൃത്തം തരംഗിണി
20-ാം വൃത്തം ശങ്കരചരിതം
21A-ാം വൃത്തം സ്രഗ്വിണി
21B-ാം വൃത്തം സംപുടിതം
22-ാം ഉപസർപ്പിണി
23-ാം വൃത്തം മദനാർത്ത
24-ാം വൃത്തം സ്ഥിമിത

## 5 വഞ്ചിപ്പാട്ട്

349. ഗണം ദ്വ്യക്ഷരമെട്ടെണ്ണമൊന്നാംപാദത്തിൽ, മറ്റതിൽ
ഗണമാറര; നില്ക്കേണം രണ്ടുമെട്ടാമതക്ഷരേ,
ഗുരുതന്നെയെഴുത്തെല്ലാമിശ്ശീലിൻപേർ നതോന്നതാ.

ഉദാ:

കെല്പോടെല്ലാ ജനങ്ങൾക്കും കേടുതീരത്തക്കവണ്ണം
എപ്പോഴുമന്നദാനവും ചെയ്തു ചെഞ്ചെമ്മേ.

മഞ്ജരിയും വഞ്ചിപ്പാട്ടിൽ ഉപയോഗിക്കാറുണ്ട്.

ആലുണ്ടിലയുണ്ടിലഞ്ഞിയുണ്ടേ നല്ലൊ-
രാലുവാത്തേവരെ തമ്പുരാനേ.
പ്രധാനവൃത്തങ്ങളറിഞ്ഞുകൊൾവാൻ
വിധാനമേവം ചിലതത്ര ചൊന്നേൻ,
നിശ്ശേഷമായിട്ടഖിലം കഥിപ്പാ-
നശ്ശേഷനും ശേഷി വരുന്നതാണോ?

ഭാഷയിൽ സാധാരണ നടപ്പുള്ള പാട്ടുകളുടെ വൃത്തരീതിയെ ഇത്രത്തോളം ഇവിടെ വിവരിച്ചല്ലോ. മിക്ക ശീലുകളും ഇച്ചൊന്നവയിൽ ഉൾപ്പെടുന്നവയോ അല്പാല്പമാത്രം വ്യത്യാസമു

ള്ളവയോ ആയിരിക്കും. ഉദാഹരണത്തിന് കണ്ണശ്ശപ്പണിക്കരുടെ രാമായണത്തിൽ മിക്ക കാണ്ഡങ്ങളിലും കാണുന്ന വൃത്തങ്ങൾ ഇരട്ടിച്ച 'തരംഗിണി'യായിരിക്കും.[31] ഇതുപോലെ മറ്റുഭേദങ്ങളും കാണും. ഒന്നൊഴിയാതെ എല്ലാ വൃത്തങ്ങളും വിവരിക്കുക എന്നത് അസാദ്ധ്യമാകുന്നു. എന്നല്ല, ബുദ്ധിമാന്മാർക്ക് പുതിയ വൃത്തങ്ങളെ ഇനി നിർമ്മിക്കയും ആകാമല്ലോ!

[31] തരംഗിണിയുടെ എട്ടു പാദം ചേർന്നതാണ് ആ നിരണവൃത്തശ്ശീല്.

# — 9 —

## പ്രത്യയപ്രകരണം

സംസ്കൃതത്തിൽ വർണ്ണവൃത്തങ്ങൾക്ക് 26 ഛന്ദസ്സുകൾ പറഞ്ഞുവല്ലോ. ഓരോ ഛന്ദസ്സുകളിൽ ഏതാനും വൃത്തങ്ങളെയും ലക്ഷണംചെയ്ത് ഉദാഹരിച്ചു കാണിച്ചുവല്ലോ. ഓരോ ഛന്ദസ്സിലും വരാവുന്ന വൃത്തങ്ങളിൽ നാലഞ്ചെണ്ണമേ ഉപയോഗത്തിൽ വന്നിട്ടുള്ളൂ; അവയ്ക്കേ നാമധേയലക്ഷണങ്ങളും ഏർപ്പെട്ടിട്ടുള്ളൂ. എന്നാൽ ഓരോ ഛന്ദസ്സിലും എത്ര വൃത്തങ്ങൾ സംഭവിക്കാം; അവയുടെ സ്വരൂപമെന്തായിരിക്കും; അവ മുറയ്ക്ക് അടുക്കിയാൽ എത്രാമത്തേതുകളായിരിക്കും ഇത്യാദി ചോദ്യങ്ങൾക്ക് ഉത്തരമറിവാനുള്ള മാർഗ്ഗങ്ങളെ ചൊല്ലുന്നു. ഈ മാർഗ്ഗങ്ങൾക്ക് പൊതുവേ 'പ്രത്യയം' എന്ന് ഈ ശാസ്ത്രത്തിൽ സംജ്ഞചെയ്തിരിക്കുന്നുവെന്നും അവ എത്ര എണ്ണം ഉണ്ടെന്നും ഇന്നതെന്നും പറയുന്നു:

> വൃത്തസംഖ്യാദിയറിവാൻ വൃത്തശാസ്ത്രത്തിലോതിടും
> ഗണിതത്തിൻപ്രകാരങ്ങൾ പ്രത്യയാഖ്യങ്ങളാറിഹ. 1
> പ്രസ്താരം നഷ്ടമുദ്ദിഷ്ടമേകദ്വ്യാദിലഗക്രിയ,
> സംഖ്യാനം പിന്നധ്വയോഗമെന്നിവയ്ക്കിഹ പേരുകൾ 2

ഇവയിൽ ആദ്യമായ 'പ്രസ്താര'ത്തിന്റെ സ്വരൂപത്തെ കാണിക്കുന്നു;

> ഓരോ ഛന്ദസ്സിലും വൃത്തമിത്രയിത്ര ഭവിച്ചിടാം
> എന്നു കാണിച്ചിടും മാർഗ്ഗമിഹ പ്രസ്താരമായതു്. 3

ഇനി പ്രസ്താരക്രിയ ചൊല്ലുന്നു:

> ആദ്യത്തേ വരിയാകവേ ഗുരുവതിൻ കീഴോട്ടു കീഴോട്ടു പി-
> ന്നാദ്യത്തേ ഗുരു നീക്കി, വയ്ക്കുക ലഘുംശേഷം നടേത്തേതുതാൻ;
> മുൻസ്ഥാനങ്ങളിലിരിക്കിലത്ര ഗുരുതാൻവെപ്പൂ; തുടർന്നിത്തരം
> ചെയ്യേണം ക്രിയയങ്ങു സർവ്വലഘുവാംപാദം ലഭിക്കുംവരെ. 4

ഏതു ഛന്ദസ്സിനെ പ്രസ്തരിക്കാൻ പോകുന്നുവോ ആ ഛന്ദസ്സിന്റെ അക്ഷരസംഖ്യ നോക്കി അത്രയും ഗുരു ആദ്യത്തെ വരിയായി എഴുതണം. ഇതു് ആ ഛന്ദസ്സിൽ സർവ്വഗുരുവായ പാദം, ഒന്നാമതു് അതിനു താഴത്തെ വരിയിൽ മുൻവരിയിൽ ആദ്യമായിക്കണ്ട അക്ഷരത്തിന്റെ സ്ഥാനത്തുമാത്രം ലഘുവും ശേഷം അപ്പുറമെല്ലാം ഭേദം കൂടാതെയും എഴുതണം. പിന്നീടു് താഴോട്ടു് ഇതുപോലെതന്നെ എഴുതിക്കൊണ്ടുവരണം. അപ്പോൾ ചിലേടത്തു് (ലഘു കൊണ്ടു തുടങ്ങുന്ന പാദങ്ങളിൽ) ആദ്യഗുരു പാദത്തിന്റെ മദ്ധ്യത്തിൽ ആയി എന്നുവരും. അങ്ങനെ ഉള്ളിടത്തെല്ലാം ആ[1] ആദ്യഗുരുസ്ഥാനത്തിന്റെ ഇടത്തുപുറമുള്ള സ്ഥാനങ്ങളെ എല്ലാം ഗുരുകൊണ്ടു് നിറയ്ക്കണം. വലത്തുപുറമുള്ള സ്ഥാനങ്ങളെ എല്ലാം എപ്പോഴും മുൻവരിയിലെപ്പോലെതന്നെ എഴുതിക്കൊൾക. ഇങ്ങനെ ചെയ്തുവരുമ്പോൾ ഗുരുസ്ഥാനങ്ങൾ മുറയ്ക്കു മുറയ്ക്കു കുറഞ്ഞു് ഒടുവിൽ ഗുരുവൊന്നുമില്ലാത്ത പാദം വരും. അവിടെ ക്രിയ അറ്റു. ഇങ്ങനെ സർവ്വഗുരുമുതൽ സർവ്വലഘുവരെ സംഭവിക്കാവുന്ന പാദങ്ങളാസകലം വരുന്നു. ഇതാണു് വൃത്തപ്രസ്താരം. ഉദാഹരണം:

പ്രസ്താരം

മധ്യാ

1. – – –
2. ⏑ – –
3. – ⏑ –
4. ⏑ ⏑ –
5. – – ⏑
6. ⏑ – ⏑
7. – ⏑ ⏑
8. ⏑ ⏑ ⏑

പ്രതിഷ്ഠാ

1. – – – –
2. ⏑ – – –
3. – ⏑ – –
4. ⏑ ⏑ – –
5. – – ⏑ –
6. ⏑ – ⏑ –
7. – ⏑ ⏑ –
8. ⏑ ⏑ ⏑ –
9. – – – ⏑
10. ⏑ – – ⏑
11. – ⏑ – ⏑
12. ⏑ ⏑ – ⏑
13. – – ⏑ ⏑
14. ⏑ – ⏑ ⏑
15. – ⏑ ⏑ ⏑
16. ⏑ ⏑ ⏑ ⏑

---

[1] ഇവിടെ 'ആദ്യഗുരു' എന്നു പറഞ്ഞിരിക്കുന്നതു്, രണ്ടാം നിര മുതൽ താഴോട്ടു് എഴുതിത്തുടങ്ങുമ്പോൾ ഓരോ നിരയിലും 'ആദ്യം കാണുന്ന ഗുരു' എന്ന അർത്ഥത്തിലാണു്. ആദ്യം കാണുന്ന ഗുരുവിനു് ഇടതുവശം മുഴുവൻ ലഘുവായിരിക്കുമെന്നു സ്പഷ്ടമാണല്ലോ. അടുത്ത നിരയെഴുതുമ്പോൾ ആ ലഘുക്കളുടെ സ്ഥാനമെല്ലാം ശൂന്യമായിട്ടിട്ടു് ആദ്യം കാണുന്ന ഗുരു ലഘുവാക്കിയും ശേഷം മുകൾനിരയിലെപ്പോലെയും എഴുതുക. പിന്നീടു് ശൂന്യസ്ഥലം ഗുരുകൊണ്ടു നിറയ്ക്കുക. അടുത്ത നിരയിൽ ആദിഗുരുവിന്റെ സ്ഥാനം വീണ്ടും ഇടത്തോട്ടുമാറ്റിയിട്ടുണ്ടാവും. ഇനി ഉദാഹരണം ശ്രദ്ധിക്കുക.

സുപ്രതിഷ്ഠാ

1. – – – – –
2. u – – – –
3. – u – – –
4. u u – – –
5. – – u – –
6. u – u – –
7. – u u – –
8. u u u – –
9. – – – u –
10. u – – u –
11. – u – u –
12. u u – u –
13. – – u u –
14. u – u u –
15. – u u u –
16. u u u u –
17. – – – – u
18. u – – – u
19. – u – – u
20. u u – – u
21. – – u – u
22. u – u – u
23. – u u – u
24. u u u – u
25. – – – u u
26. u – – u u
27. – u – u u
28. u u – u u
29. – – u u u
30. u – u u u
31. – u u u u
32. u u u u u

ഇതുപോലെ ശേഷം ഛന്ദസ്സുകളെയും പ്രസ്തരിക്കാം. ഇതിൽ മദ്ധ്യാഛന്ദസ്സിന്റെ പ്രസ്താരം മഗണം മുതലായ എട്ടു ഗണങ്ങൾതന്നെ എന്നു കാൺക. ഇവിടെ കാണിച്ച പ്രസ്താരം സർവ്വഗുർവ്വാദി സർവ്വലഘ്വന്തം; ഇതു നേരേ മറിച്ചാൽ സർവ്വലഘ്വാദി സർവ്വഗുർവ്വന്തമാക്കാം. പ്രസ്താരംകൊണ്ട് ഒരു ഛന്ദസ്സിൽ എത്ര വൃത്തമുണ്ടാകാമെന്നും അതിൽ ഓരോന്നിന്റെയും സ്വരൂപമെന്തെന്നും അറിയാൻ കഴിയുന്നു.

ഇനി പ്രസ്താരക്രിയ ചെയ്യാതെതന്നെ ഏതെങ്കിലും ഒരു ഛന്ദസ്സിൽ ഇത്രാമത്തെ വൃത്തത്തിന്റെ സ്വരൂപമെന്തായിരിക്കും എന്നറിയാനുള്ള മാർഗ്ഗമായ 'നഷ്ടക്രിയ'യെ എടുക്കുന്നു.

> ഇത്രാവതാകും ഛന്ദസ്സിലിത്രാം വൃത്തമതെങ്ങനെ,
> എന്നറിഞ്ഞീടുവാനുള്ള ക്രിയതാൻ നഷ്ടമെന്നത്. 5

നഷ്ടക്രിയ ചെയ്യാനുള്ള വഴി ചൊല്ലുന്നു.

> നഷ്ടാങ്കം സമമെങ്കിലാദിലഘുവാമല്ലെങ്കിൽ മറ്റേതുമാ-
> മർദ്ധിച്ചും പുനരിക്രമത്തിലെഴുതുവർണ്ണം ലഗം വന്നപോൽ.

ഓജത്തിൽ പുനരൊന്നു ചേർത്തിഹമുറിക്കേണം സദാ മേല്ക്കുമേൽ
ഛന്ദസ്സിൻപടിയുള്ള വർണ്ണമഖിലംവന്നാൽ നിറുത്താം ക്രിയ. 6

ഏതു വൃത്തത്തിന്റെ സ്വരൂപം അറിയാനാവശ്യപ്പെട്ടിരിക്കുന്നുവോ ആ വൃത്തത്തിനാണ് ഇവിടെ 'നഷ്ട'മെന്നു പേർ പറയുന്നത്. മദ്ധ്യാഛന്ദസ്സിനെ പ്രസ്തരിക്കുമ്പോൾ അഞ്ചാമത്തെ വൃത്തം എന്തുവിധമായിരിക്കും; അല്ലെങ്കിൽ സുപ്രതിഷ്ഠയിൽ 10-ാം വൃത്തമെങ്ങനെ; ഇത്യാദിയായിരിക്കുമല്ലോ ചോദ്യം. അതിൽ ഇത്രാമത്തേതു് എന്നു പറയുന്ന ലക്കം നഷ്ടാങ്കം. അത് സമസംഖ്യ ആയിരുന്നാൽ നഷ്ടത്തിന്റെ ആദ്യക്ഷരം ലഘു എന്നറിയണം. വിഷമസംഖ്യയായിരുന്നാൽ ആദ്യക്ഷരം ഗുരു എന്നും അറിയണം. പിന്നീട് ആ സംഖ്യയെ അർദ്ധിക്കണം. അപ്പോഴും സമസംഖ്യ വന്നാൽ ലഘു, വിഷമസംഖ്യവന്നാൽ ഗുരു ഇങ്ങനെ മേല്ക്കുമേൽ ലഘുഗുരുക്കളായ അക്ഷരങ്ങളെ ഉണ്ടാക്കിക്കൊണ്ടുപോകണം. നഷ്ടാങ്കം വിഷമസംഖ്യയായി വരുമ്പോഴൊക്കെ അതിൽ ഒന്നു ചേർത്ത് സമസംഖ്യയാക്കിക്കൊള്ളണം. ഇങ്ങനെ ചെയ്തു് ഛന്ദസ്സിൻപ്രകാരം പാദത്തിലുള്ള അക്ഷരം എല്ലാം തികയുമ്പോൾ ക്രിയ നിറുത്തിക്കൊൾക. ഉദാഹരണത്തിന് 'പ്രതിഷ്ഠാഛന്ദസ്സിൽ എട്ടാം വൃത്തം എങ്ങനെ' എന്നു ചോദ്യം ഇരിക്കട്ടെ. ഇവിടെ നഷ്ടാങ്കം 8. ഇത് സമസംഖ്യയാകയാൽ പാദത്തിൽ ആദ്യക്ഷരം ലഘു. ഇതിനെ അർദ്ധിച്ചാൽ 4 സമസംഖ്യ; അതിനാൽ രണ്ടാം അക്ഷരവും ലഘു തന്നെ. പിന്നെ ഈ നാലിനെയും അർദ്ധിച്ചാൽ 2 എന്നു സമസംഖ്യതന്നെ; അതിനാൽ മൂന്നാം അക്ഷരവും ലഘുതന്നെ. പിന്നീട് ഈ വന്ന രണ്ടിനെ അർദ്ധിക്കുമ്പോൾ കിട്ടുന്ന 1 എന്നത് വിഷമസംഖ്യ; അതിനാൽ നാലാം അക്ഷരം ഗുരു. പ്രതിഷ്ഠാഛന്ദസ്സിൽ പാദത്തിന് അക്ഷരം നാലാകയാൽ ക്രിയ ഇവിടെ നിന്നു. ഇങ്ങനെ നഷ്ടവൃത്തം ᵕ ᵕ ᵕ – ഈ വിധമാണെന്നു കിട്ടി. പ്രതിഷ്ഠാഛന്ദസ്സിനെ പ്രസ്തരിച്ചു കാണിച്ചിട്ടുള്ളിടത്തു് എട്ടാം വൃത്തം ഈ വിധം തന്നെയാണു വന്നിരിക്കുന്നതു് എന്നു നോക്കിക്കൊൾക. ഇനി സുപ്രതിഷ്ഠയിൽ ഇരുപത്തിമൂന്നാം വൃത്തമെങ്ങനെ എന്നു വേറെ ഒരു ഉദാഹരണമെടുക്കാം. ഇവിടെ നഷ്ടാങ്കം 23 വിഷമസംഖ്യ; അതിനാൽ ആദ്യക്ഷരം ഗുരു. അതിനെ ഒന്നു കൂട്ടി 24 ആക്കി അർദ്ധിക്കുമ്പോൾ കിട്ടുന്ന 12 സമമാകയാൽ രണ്ടാമക്ഷരം ലഘു. പന്ത്രണ്ടിന്റെ പാതി 6 സമം; അതിനാൽ മൂന്നാമക്ഷരം ലഘു. ആറിന്റെ അർദ്ധം 3 വിഷമമാകയാൽ നാലാമക്ഷരം ഗുരു. മൂന്നിൽ ഒന്നുചേർത്തു് നാലിന്റെ അർദ്ധം 2 സമമാകയാൽ അഞ്ചാമക്ഷരം ലഘു. അതിനാൽ നഷ്ടപാദം – ᵕ ᵕ – ᵕ എന്നു കിട്ടുന്നു. മുൻ പ്രസ്തരിച്ചുകാണിച്ചിട്ടുള്ളിടത്തും ഇങ്ങനെതന്നെ വൃത്തം വന്നിരിക്കുന്നു എന്നു കാണുക. ഈ ക്രിയയുടെ യുക്തി പ്രസ്താരത്തിന്റെ പോക്കുനോക്കിയാൽ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാകുന്നു.

ഇനി 'ഉദ്ദിഷ്ടം':

ഇഷ്ടവൃത്തം പ്രസ്തരിച്ചാലെണ്ണമിത്രാവതായിടും
എന്നോതും ക്രിയയുദ്ദിഷ്ടം നഷ്ടത്തിൻ വിപരീതമായ്. 7

ഏതെങ്കിലും ഒരു വൃത്തം പ്രസ്താരത്തിൽ എത്രാമത്തേതായിരിക്കുമെന്നു നഷ്ടത്തിന്റെ വിപരീതം ഉദ്ദിഷ്ടം; അതിനുള്ള ക്രിയ:

ഉദ്ദിഷ്ടം പാദമമ്പോടെഴുതിയതിലെഴുന്നക്ഷരങ്ങൾക്കു മേലാ-
യൊന്നാദ്യം രണ്ടു നാലെട്ടിതി മുറയിലിരട്ടിച്ച ലക്കം കുറിപ്പൂ;
കൂട്ടേണം പിന്നെയൊന്നിച്ചിഹ ലഘുവിനു മേലുള്ള ലക്കങ്ങളെന്നാ-
ലസ്സംഖ്യാതുല്യവൃത്തങ്ങളിഹ കില കഴിഞ്ഞുള്ളതാണിഷ്ടവൃത്തം. 8

ആവശ്യപ്പെട്ട വൃത്തം ഒരു വരിയായിട്ടെഴുതി അതിലുള്ള അക്ഷരങ്ങളുടെ മുകളിൽ 1, 2, 4, 8, 16 എന്ന മുറയ്ക്കു് ഇരട്ടിച്ചിരട്ടിച്ചുള്ള ലക്കങ്ങളെ കുറിക്കണം. പിന്നെ ലഘുക്കളുടെ മേൽ വന്നിട്ടുള്ള ലക്കങ്ങളെയെല്ലാം ഒന്നിച്ചുകൂട്ടിയാൽ എത്ര സംഖ്യ കിട്ടുന്നോ അത്ര സംഖ്യ കഴിഞ്ഞിട്ടു പിന്നത്തേതാണ് ഉദ്ദിഷ്ടവൃത്തം. ഗുരുക്കളുടെ മുകളിൽ നില്ക്കുന്ന ലക്കമെല്ലാമൊന്നുചേർത്തു കിട്ടുന്ന സംഖ്യ എത്രയോ അത്രയും വൃത്തങ്ങൾ പ്രസ്താരത്തിൽ ഉദ്ദിഷ്ടവൃത്തത്തിനുമേൽ വരാറുണ്ട്. രണ്ടുവക ലക്കങ്ങളുടെയും ആകെത്തുകയെടുത്തു് ഒന്നു കൂട്ടിയാൽ അതു പ്രസ്താരത്തിലെ വൃത്തസംഖ്യയുമാകും. ഉദാഹരണത്തിന് ᵕ – – ᵕ ᵕ എന്നുള്ള വൃത്തം സുപ്രതിഷ്ഠയിൽ എത്രാമത്തേത് എന്നു ചോദ്യമിരിക്കട്ടെ.

| 1 | 2 | 4 | 8 | 16 |
|---|---|---|---|---|
| – | ᵕ | – | ᵕ | ᵕ |

എന്ന് ഉദ്ദിഷ്ടപാദമെഴുതി അക്ഷരങ്ങൾക്കുമേൽ ഇരട്ടിയിരട്ടിയായി ലക്കങ്ങൾ കുറിക്ക. ഇതിൽ ലഘുക്കളുടെ മുകളിൽ വന്ന സംഖ്യകളെ കൂട്ടിയാൽ $2 + 8 + 16 = 26$ എന്നു കിട്ടുന്നു. അതിനാൽ ഈ വൃത്തം 26 കഴിഞ്ഞു് ഇരുപത്തിയേഴാമത്തേതാകുന്നു. ഗുരുക്കളുടെ ഉപരിലക്കങ്ങളെക്കൂട്ടിയാൽ $1 + 4 = 5$ എന്നു വരുന്നു. അതിനാൽ ഈ വൃത്തം കഴിഞ്ഞു പ്രസ്താരത്തിൽ ഇനിമേൽ അഞ്ചു വൃത്തങ്ങൾ കൂടിയുണ്ട്. $26 + 5 + 1 = 32$ എന്ന പ്രസ്താരത്തിൽ വരുന്ന വൃത്തങ്ങളുടെ ആകത്തുകയും കിട്ടുന്നു. ഇതൊക്കെ ശരിയാണെന്നു പ്രസ്തരിച്ചു കാണിച്ചിട്ടുള്ളതു നോക്കുക. ഉദ്ദിഷ്ടവൃത്തം സർവ്വഗുരുവായിരുന്നാൽ അതിൽ ലഘുക്കളില്ലാത്തതിനാൽ ലഘുവിന്മേൽ വരുന്ന ലക്കങ്ങളുടെ യോഗം ശൂന്യം; അതിനാൽ ശൂന്യം കഴിഞ്ഞടുത്തതു് ഒന്ന് എന്നു കിട്ടുന്നു. അപ്പോൾ അതു് ആദ്യത്തെ വൃത്തം.

ഇനി ലഗക്രിയ:

എകലം ദ്വികലമിത്യാദി വൃത്തമെത്ര ഭവിച്ചിടും,
പ്രസ്താരത്തിങ്കലെന്നുള്ള ക്രിയതന്നെ ലഗക്രിയ. 9

ഒരു ഛന്ദസ്സിനെ പ്രസ്തരിക്കുമ്പോൾ ഏകലഘുവൃത്തമെത്രവരും; ദ്വിലഘുവെത്ര; ത്രിലഘുവെത്ര; അതുപോലെ ഏകഗുരുവെത്ര; ദ്വിഗുരുവെത്ര; ത്രിഗുരുവെത്ര; ഇത്യാദി അറിയാനുള്ള ക്രിയ ‘ലഗ’ക്രിയ. അതിലേക്ക്,

പാദാന്ത്യംവരെയൊന്നുതൊട്ടെഴുതണം ലക്കങ്ങൾ കീഴ്മേൽ ക്രമാ-
ലൊന്നും മേൽവരിയായി വെച്ചടിമുതല്ക്കോരോന്നുമേ തങ്ങളിൽ;
കൂട്ടീടേണമുപാന്ത്യസംഖ്യവരെയും പിന്നീടുമങ്ങങ്ങനേ
കൂട്ടുസംഖ്യകളെത്തുവോളമിതുതാനല്ലോ ലഗാഖ്യക്രിയാ. 10

പ്രസ്തരിക്കുന്ന ഛന്ദസ്സിൽ പാദത്തിന് എത്ര അക്ഷരമുണ്ടോ അതുവരെയുള്ള ഏകാദിസംഖ്യകളെ താഴത്തുനിന്നു മുകളിലേക്ക് മുറയ്ക്ക് എഴുതണം; എല്ലാത്തിനും മുകളിൽ ഒന്ന് എന്ന സംഖ്യയും വേറെ എഴുതണം; പിന്നീട് താഴത്തെ വരിയിൽ ഉള്ള ഒന്നിനെ മേൽവരിയിലെ രണ്ടിനോടു ചേർത്ത് $(1 + 2) = 3$ എന്ന് രണ്ടിന്റെ വലതുവശത്ത് ആ വരിയിൽ രണ്ടാം സ്ഥാനമായിട്ടെഴുതുക. പിന്നെ ആ മൂന്നിനെ അടുത്ത മേൽവരിയിലെ മൂന്നിനോടു ചേർത്ത് 6 എന്ന് മൂന്നിന്റെ വലതുവശത്തു രണ്ടാം സ്ഥാനമായിട്ടെഴുതുക. പിന്നെ ആ ആറിനെ അടുത്ത മേൽവരിയിലെ നാലിനോടു ചേർത്ത് 10 എന്ന് നാലിന്റെ വലതുവശത്ത് ആ വരിയിൽ രണ്ടാംസ്ഥാനമായിട്ടെഴുതുക. ഇങ്ങനെ ഉപാന്ത്യം[2] വരെ എഴുതിക്കൊണ്ടുപോകണം; ഉപാന്ത്യത്തെ ഒന്നിനോടും ചേർക്കേണ്ട. ഇതിന്റെ ശേഷം അടിയിലെ ഒന്നിനെ മേൽവരിയിൽ രണ്ടാം സ്ഥാനത്തുവന്നിട്ടുള്ള സംഖ്യയോടുചേർത്ത് ആ വരിയിൽ മൂന്നാം സ്ഥാനമായിട്ടും, അതിനെ പിന്നെ അടുത്ത മേൽവരിയിലെ രണ്ടാം സ്ഥാനത്തുള്ള സംഖ്യയിൽ കൂട്ടി ആ വരിയിൽ മൂന്നാം സ്ഥാനമായും ഇത്യാദി മുൻ ചൊന്നപടി രണ്ടാം സ്ഥാനങ്ങളിലെ ഉപാന്ത്യം വരെ കൂട്ടി എഴുതുക. അന്ത്യത്തെ ഒന്നിലും ചേർക്കണ്ട. പിന്നെ അടിയിലെ ഒന്നിനെ മൂന്നാംസ്ഥാനങ്ങളിലെ സംഖ്യകളോടും ഇമ്മട്ടിൽ ചേർത്ത് നാലാം സ്ഥാനങ്ങളാക്കി എഴുതണം. ഇതുപോലെ അഞ്ചാംസ്ഥാനം, ആറാംസ്ഥാനം ഇത്യാദി ഉണ്ടാക്കിക്കൊണ്ടു പോകണം. ഒടുവിൽ ഉപാന്ത്യമല്ലാതെ സ്ഥാനമില്ലെന്നു വരുമ്പോൾ ക്രിയ നിറുത്തുക.

### ഉദാഹരണം:

ചിത്രം 9.1-ൽ എല്ലാ വരിയിലും ഒടുവിലത്തെ ലക്കങ്ങൾ അടിമുതൽ സർവ്വഗുരു, ഏകലഘു, ദ്വിലഘു...മുതലായ വൃത്തങ്ങളുടെ സംഖ്യ കാണിക്കുന്നു എന്നു പറയുന്നു:

വരിതോറുമിഹാന്ത്യയോഗസംഖ്യാ-
സമമാം സർവ്വശമേകലം ദ്വിലാദി
മുഖമന്ത്യമുപാന്ത്യമെന്നു മൂന്നും
സ്ഥിരമായ് നിന്നിടുമീ ലഗക്രിയായാം. 11

ഇതിൻപ്രകാരം,

[2] അവസാനത്തേതിനു തൊട്ടുമുമ്പുള്ളത്.

ചിത്രം 9.1: ഗായത്രീ ലഗക്രിയ (ഇടത്ത്); ഉഷ്ണിക് ലഗക്രിയ (വലത്ത്)

| | | | | |
|---|---|---|---|---|
| 1 | | | | |
| 6 | | | | |
| 5 | 15 | | | |
| 4 | 10 | 20 | | |
| 3 | 6 | 10 | 15 | |
| 2 | 3 | 4 | 5 | 6 |
| 1 | | | | |

| | | | | | |
|---|---|---|---|---|---|
| 1 | | | | | |
| 7 | | | | | |
| 6 | 21 | | | | |
| 5 | 15 | 35 | | | |
| 4 | 10 | 20 | 5 | | |
| 3 | 6 | 10 | 15 | 21 | |
| 2 | 3 | 4 | 5 | 6 | 7 |
| 1 | | | | | |

| | | | | |
|---|---|---|---|---|
| സർവ്വഗുരു | ഗായത്രിയിൽ | 1; | ഉഷ്ണിക്കിൽ | 1 |
| ഏകലഘു | -do- | 6; | -do- | 7 |
| ദ്വിലഘു | -do- | 15; | -do- | 21 |
| ത്രിലഘു | -do- | 20; | -do- | 35 |
| ചതുർലഘു | -do- | 15; | -do- | 35 |
| പഞ്ചലഘു | -do- | 6; | -do- | 21 |
| ഷഡ് ലഘു | -do- | (സർവ്വലഘുതന്നെ); | -do- | 7 |
| സർവ്വലഘു | -do- | 1; | -do- | 1 |

ഇവിടെ അടിമുതൽ ആദ്യത്തേത്, ഉപാന്ത്യം, അന്ത്യം ഈ വരികളിൽ ഓരോ സ്ഥാനമേ ഉള്ളൂ; അതിനാൽ ആ വരികളിലെ സംഖ്യകൾക്കുമാത്രം മാറ്റമില്ല. അതിനാലാണ് 'മുഖമന്ത്യമുപാന്ത്യമെന്ന മൂന്നും സ്ഥിരം' എന്നു പറഞ്ഞതു്. ഇതുകളിൽ അന്ത്യയോഗസംഖ്യ ആദ്യമെഴുതിയ സംഖ്യതന്നെ.

ഖണ്ഡമേരു (ചിത്രം 9.2) എന്നു പറയുന്ന ഒരു ക്രിയകൊണ്ട് ലഗക്രിയ എത്ര ഛന്ദസ്സുകൾക്കും മുറയ്ക്കു വരുത്താം. അതിന്റെ സ്വഭാവം താഴെ പറയുന്നു:

ഉക്ത മുതൽ എത്ര ഛന്ദസ്സുകൾക്ക് ലഗക്രിയ ചെയ്യണമോ അത്രയും [3]വീഥികൾ വരച്ച് ഓരോ വീഥിയിലും ഛന്ദസ്സിനുള്ള അക്ഷരത്തിൽ ഒന്നുകൂടി കൂട്ടിയാൽ എത്ര എണ്ണം വരുമോ അത്രയും കോഷ്ഠങ്ങൾ ഉണ്ടാക്കണം. പിന്നെ എല്ലാ വീഥികളിലും ആദ്യത്തേയും ഒട്ട

3 വീഥി എന്നാൽ വിലങ്ങത്തിലുള്ള രണ്ടു വരകളുടെ മദ്ധ്യേയുള്ള ക്ഷേത്രം. കോഷ്ഠമെന്നാൽ രണ്ടു കീഴ്മേലുള്ള വരകളുടെ മദ്ധ്യേവരുന്ന ക്ഷേത്രം.

വിലത്തേയും കോഷ്ഠങ്ങളിൽ ഒന്ന് എന്ന ലക്കം കുറിക്കുക. അതിന്റെ ശേഷം മേൽവീഥിയിലെ ഒന്നും രണ്ടും കോഷ്ഠങ്ങളിലെ സംഖ്യകളുടെ യോഗത്തെ താഴത്തെ വീഥിയിൽ രണ്ടാം കോഷ്ഠത്തിലും, മേൽവീഥിയിൽ രണ്ടും മൂന്നും കോഷ്ഠങ്ങളിലെ സംഖ്യകളുടെ യോഗത്തെ താഴത്തെ വീഥിയിൽ മൂന്നാം കോഷ്ഠത്തിലും, മേൽവീഥിയിൽ മൂന്നും നാലും കോഷ്ഠങ്ങളിലെ സംഖ്യകളുടെ യോഗത്തെ കീഴ്വീഥിയിൽ നാലാം കോഷ്ഠത്തിലും എന്നുള്ള മുറയ്ക്ക് എല്ലാവീഥികളിലും മേൽവീഥിയിലെ കോഷ്ഠദ്വയസംഖ്യായോഗത്തെ കീഴ്വീഥിയിൽ രണ്ടാമത്തേതുമുതൽ ഉപാന്ത്യംവരെ ഉള്ള കോഷ്ഠങ്ങളിൽ എഴുതുക. മുറയ്ക്ക് ഉക്തമുതൽ ഉള്ള ഛന്ദസ്സുകളുടെ ലഗക്രിയ വരും. ഉദാഹരണം അനുഷ്ടുപ്പുവരെയുള്ള ഛന്ദസ്സുകൾക്ക് (ചിത്രം 9.2 കാണുക).

ചിത്രം 9.2: ഖണ്ഡമേരു

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 1 | | | | | | | | ഉക്താ |
| 1 | 2 | 1 | | | | | | | അത്യുക്താ |
| 1 | 3 | 3 | 1 | | | | | | മദ്ധ്യാ |
| 1 | 4 | 6 | 4 | 1 | | | | | പ്രതിഷ്ഠാ |
| 1 | 5 | 10 | 10 | 5 | 1 | | | | സുപ്രതിഷ്ഠാ |
| 1 | 6 | 15 | 20 | 15 | 6 | 1 | | | ഗായത്രി |
| 1 | 7 | 21 | 35 | 35 | 21 | 7 | 1 | | ഉഷ്ണിക് |
| 1 | 8 | 28 | 56 | 70 | 56 | 28 | 8 | 1 | അനുഷ്ടുപ്പ് |

ഇനി ശേഷമുള്ള രണ്ടു പ്രത്യയങ്ങളുടെ സ്വഭാവം പറയുന്നു:

> സംഖ്യാനമാകെയെണ്ണംതാനദ്ധ്വയോഗമതെന്നത്
> ഇഹ പ്രസ്താരപര്യാപ്തക്ഷേത്രത്തിൽപരിമാണമാം. 12

'സംഖ്യാന'മെന്നത് ഓരോ ഛന്ദസ്സിലും എത്ര വൃത്തം സംഭവിക്കാമെന്നുള്ള ഗണിതമാകുന്നു; അതു മുൻപറഞ്ഞ ഉദ്ദിഷ്ടാദിക്രിയയിൽത്തന്നെ അടങ്ങിയിട്ടുമുണ്ട്. ഉദ്ദിഷ്ടക്രിയയിൽ എല്ലാ അക്ഷരങ്ങൾക്കും മേൽ ഉള്ള ലക്കങ്ങളെ ഒന്നിച്ചു കൂട്ടിയതിൽ ഒന്നുചേർത്തുള്ള ആകെത്തുക വൃത്തസംഖ്യയായിരിക്കും. അതുപോലെതന്നെ ലഗക്രിയയിൽ കിട്ടുന്ന ലക്കങ്ങളെ ഒന്നിച്ചു കൂട്ടിയാലും മതി. അദ്ധ്വയോഗമെന്നതു് ഒരു ഛന്ദസ്സിനെ പ്രസ്തരിക്കാനുള്ള ക്ഷേത്രത്തിന് എത്ര വീതിയും നീളവും വേണമെന്നുള്ള ഗണിതമാകുന്നു. ഇതു് സൗകര്യംപോലെ ചെയ്യാവുന്നതാകയാൽ വിശേഷിച്ചു പറയേണ്ടതില്ല. ഛന്ദസ്സിലെ വൃത്തസംഖ്യ

ഇരട്ടിച്ചതിൽ ഒന്നു കുറച്ചാലുള്ളിടത്തോളം അംഗുലം നീളവും, പാദത്തിലെ അക്ഷരസംഖ്യ ഇരട്ടിച്ചതിൽ ഒന്നു കുറച്ചാലുള്ളിടത്തോളം അംഗുലം വീതിയും വേണമെന്നാണ് പൂർവ്വന്മാർ വിധിച്ചിട്ടുള്ളത്.

ഇവിടെ പ്രത്യയങ്ങളെല്ലാം സമവൃത്തങ്ങൾക്കാണ് പറഞ്ഞതു്; അർദ്ധസമവിഷമവൃത്തങ്ങൾക്കും ഇതെല്ലാം പറയാം. അതിൽ ഗ്രന്ഥവിസ്തരഭയത്താൽ 'സംഖ്യാനം' മാത്രം അർദ്ധസമവിഷമങ്ങൾക്ക് ഇവിടെ കാണിക്കുന്നു:

വർഗ്ഗിച്ച സമവൃത്തൗഘസംഖ്യ മൂലോനയായത്
ഇഹാർദ്ധസമവൃത്തങ്ങൾക്കുള്ള സംഖ്യയതായിടും. 13

സമവൃത്തങ്ങൾ എത്രയെന്ന് മുൻവിവരിച്ചപ്രകാരം അറിഞ്ഞ് ആ സംഖ്യയെ വർഗ്ഗിച്ചിട്ട് അതിന്റെ മൂലത്തെ വർഗ്ഗത്തിൽനിന്നു കുറച്ചാൽ അർദ്ധസമവൃത്തങ്ങളുടെ സംഖ്യ കിട്ടും. എങ്ങനെയന്നാൽ—പ്രതിഷ്ഠയിൽ സമവൃത്തസംഖ്യ 16; അതിന്റെ വർഗ്ഗം 256. അതിൽനിന്നു മൂലം 16 കഴിച്ചാൽ 240. ഇതുതന്നെ പ്രതിഷ്ഠയിൽ അർദ്ധസമവൃത്തസംഖ്യ. ഇതുപോലെ എല്ലാത്തിനും കാൺക.

സമവൃത്തമതിൻസംഖ്യാവർഗ്ഗവർഗ്ഗത്തിൽനിന്നിഹ
മൂലം കഴിച്ചാൽ വിഷമവൃത്തത്തിൻ സംഖ്യ വന്നിടും. 14

സമവൃത്തസംഖ്യയുടെ വർഗ്ഗവർഗ്ഗത്തിൽനിന്ന് മൂലം കുറച്ചത് വിഷമവൃത്തസംഖ്യ. എങ്ങലെ എന്നാൽ—മദ്ധ്യയിൽ സമവൃത്ത സംഖ്യ 8; അതിന്റെ വർഗ്ഗവർഗ്ഗം $8 \times 8 \times 8 \times 8 = 4096$. ഇതിൽനിന്ന് മൂലം 64 കളഞ്ഞാൽ 4032. വിഷമവൃത്തസംഖ്യ. ഇതുപോലെ ശേഷമുള്ളതിനും കണ്ടുകൊൾക. സമാർദ്ധസമവിഷമവൃത്തങ്ങളുടെ സംഖ്യ വരുത്തി ഒന്നിച്ചുകൂട്ടിയാൽ ഓരോ ഛന്ദസ്സിലും സംഭവിക്കാവുന്ന സകല വൃത്തങ്ങളുടെയും ആകെത്തുക വരും.

⋆

വൃത്തശാസ്ത്രഗഹനത്തിൽ മെത്തിടും
തത്ത്വപുഷ്പനികരത്തെയാകവേ
ചേർത്തുകോർത്തു വടിവോടു തീർത്തതാം
വൃത്തമഞ്ജരി ധരിക്ക! ബാലരേ!

# വൃത്തസൂചിക


| | | | | |
|---|---|---|---|---|
| അഘഹരണം | ന. | 130 | പു. | 30 |
| അജഗരഗമനം | ന. | 335 | പു. | 81 |
| അതിരുചിര | ന. | 119 | പു. | 29 |
| അതിരുചിരം | ന. | 115 | പു. | 28 |
| അതിരുചിരം | ന. | 245 | പു. | 39 |
| അതിസമ്മത | ന. | 344 | പു. | 87 |
| അനപായം | ന. | 249 | പു. | 39 |
| അനംഗശേഖരം | ന. | 301 | പു. | 52 |
| അന്നനട | ന. | 329 | പു. | 77 |
| അപരവക്ത്രം | ന. | 284 | പു. | 45 |
| അപരാജിത | ന. | 144 | പു. | 31 |
| അപരാന്തിക | ന. | 320 | പു. | 67 |
| അമല | ന. | 181 | പു. | 34 |
| അമലതരം | ന. | 225 | പു. | 37 |
| അർണ്ണം, അർണ്ണവം, വ്യാളം, ജീമൂതം, ലീലാകരം | ന. | 299 | പു. | 51 |
| അർദ്ധകേക | ന. | 332 | പു. | 79 |
| അലസ, ദിശ, നിശ | ന. | 212 | പു. | 36 |
| അലോല | ന. | 145 | പു. | 31 |
| അവനി | ന. | 137 | പു. | 30 |
| അശ്വഗതി | ന. | 216 | പു. | 36 |
| അശ്വലളിതം | ന. | 258 | പു. | 40 |
| ആഖ്യാനകി | ന. | 281 | പു. | 44 |
| ആനുഷ്ടുഭം | ന. | 37 | പു. | 18 |
| ആനുഷ്ടുഭം, അനുഷ്ടുപ്പ്, പദ്യം, ശ്ലോകം | ന. | 36 | പു. | 18 |
| ആപാതളിക | ന. | 315 | പു. | 66 |
| ആപീഡം | ന. | 295 | പു. | 48 |
| ആര്യ | ന. | 306 | പു. | 59 |
| ആര്യ | ന. | 306 | പു. | 59 |
| ആര്യാഗീതി | ന. | 311 | പു. | 63 |
| ഇക്ഷുദണ്ഡിക | ന. | 303 | പു. | 52 |
| ഇക്ഷുദണ്ഡിക | ന. | 303 | പു. | 52 |
| ഇന്ദുവദന | ന. | 140 | പു. | 31 |
| ഇന്ദ്രവജ്ര | ന. | 51 | പു. | 22 |
| ഇന്ദ്രവജ്ര | ന. | 52 | പു. | 22 |

| | | |
|---|---|---|
| ഇന്ദ്രവംശ | ന. 83 | പു. 26 |
| ഉജ്ജ്വല | ന. 113 | പു. 28 |
| ഉജ്ജ്വലാ | ന. 104 | പു. 28 |
| ഉത്പാലമാലിക | ന. 232 | പു. 38 |
| ഉദീച്യവൃത്തി | ന. 317 | പു. 67 |
| ഉദ്ഗത | ന. 291 | പു. 47 |
| ഉപഗീതി, ഉദ്ഗീതി | ന. 310 | പു. 63 |
| ഉപചിത്രം | ന. 286 | പു. 45 |
| ഉപചിത്രം | ന. 62 | പു. 24 |
| ഉപജാതി | ന. 54 | പു. 23 |
| ഉപമാലിനി | ന. 157 | പു. 32 |
| ഉപസർപ്പിണി | ന. 347 | പു. 88 |
| ഉപസ്ഥിത | ന. 69 | പു. 25 |
| ഉപസ്ഥിതപ്രചുപിത | ന. 296 | പു. 49 |
| ഉപസ്ഥിതം | ന. 74 | പു. 25 |
| ഉപേന്ദ്രവജ്ര | ന. 53 | പു. 22 |
| ഉർവ്വശി | ന. 125 | പു. 30 |
| ഊനകാകളി | ന. 326 | പു. 74 |
| ഊനതരംഗിണി | ന. 331 | പു. 78 |
| ഏലാ | ന. 161 | പു. 32 |
| ഔപച്ഛന്ദസിക | ന. 314 | പു. 66 |
| കന്യ | ന. 7 | പു. 12 |
| കന്യകാമണി | ന. 277 | പു. 41 |
| കന്യാ | ന. 108 | പു. 28 |
| കബരി | ന. 23 | പു. 15 |
| കമനീയം | ന. 180 | പു. 34 |
| കമലദിവാകരം | ന. 257 | പു. 40 |
| കമലാകരം | ന. 152 | പു. 31 |
| കമലാക്ഷ | ന. 224 | പു. 37 |
| കരകമലം | ന. 207 | പു. 36 |
| കരംഭം | ന. 275 | പു. 41 |
| കരുണാകരം | ന. 153 | പു. 31 |
| കല്യാണി | ന. 342 | പു. 86 |
| കലേന്ദുവദന | ന. 339 | പു. 85 |
| കളകാഞ്ചി | ന. 323 | പു. 73 |
| കളത്രം | ന. 248 | പു. 39 |
| കാകളി | ന. 322 | പു. 72 |
| കാന്താ | ന. 191 | പു. 35 |
| കാമക്രീഡ | ന. 159 | പു. 32 |
| കാരീരം | ന. 235 | പു. 38 |
| കുമാരി | ന. 147 | പു. 31 |
| കുമാരി | ന. 68 | പു. 25 |
| കുമുദിനിസമം | ന. 246 | പു. 39 |
| കുമുദ്വതി | ന. 270 | പു. 40 |
| കുലപാലം | ന. 227 | പു. 37 |
| കുവലിനി | ന. 226 | പു. 37 |
| കുസുമമഞ്ജരി | ന. 242 | പു. 38 |
| കുസുമവിചിത്ര | ന. 93 | പു. 27 |
| കുസുമിതലത | ന. 211 | പു. 36 |
| കൃശമദ്ധ്യം | ന. 337 | പു. 82 |
| കേതുമതി | ന. 290 | പു. 45 |
| കേരളി | ന. 63 | പു. 24 |
| കേൾ | ന. 25 | പു. 15 |
| കോകരത | ന. 109 | പു. 28 |
| ക്രൗഞ്ചപദം | ന. 266 | പു. 40 |
| ക്രൗഞ്ചപദം | ന. 269 | പു. 40 |

| | | | | |
|---|---|---|---|---|
| ക്ഷമ | ന. | 120 | പു. | 29 |
| ഖഗ | ന. | 2 | പു. | 11 |
| ഗംഗാ | ന. | 239 | പു. | 38 |
| ഗാഥ | ന. | 297 | പു. | 49 |
| ഗിരിശിഖരം | ന. | 150 | പു. | 31 |
| ഗിരിസാരം | ന. | 182 | പു. | 34 |
| ഗീതി | ന. | 309 | പു. | 62 |
| ഗുണജാലം | ന. | 199 | പു. | 35 |
| ഗുണസദനം | ന. | 268 | പു. | 40 |
| ഗുരു | ന. | 78 | പു. | 25 |
| ഗൗരീ | ന. | 10 | പു. | 13 |
| ഗൗരീ | ന. | 9 | പു. | 13 |
| ചഞ്ചരീകാവലി | ന. | 122 | പു. | 30 |
| ചണ്ഡവൃഷ്ടിപ്രയാതം | ന. | 298 | പു. | 51 |
| ചന്ദനസാരം | ന. | 276 | പു. | 41 |
| ചന്ദ്രരേഖ | ന. | 163 | പു. | 32 |
| ചന്ദ്രലേഖ | ന. | 123 | പു. | 30 |
| ചന്ദ്രലേഖ | ന. | 162 | പു. | 32 |
| ചന്ദ്രവർത്മ | ന. | 103 | പു. | 28 |
| ചപല | ന. | 308 | പു. | 62 |
| ചപലാവക്ത്രം | ന. | 32 | പു. | 17 |
| ചമ്പകമാലാ | ന. | 44 | പു. | 21 |
| ചാരണഗീതം | ന. | 75 | പു. | 25 |
| ചാരുഹാസിനി | ന. | 321 | പു. | 67 |
| ചിത്രപദാ | ന. | 18 | പു. | 13 |
| ചിത്രലേഖ | ന. | 192 | പു. | 35 |
| ചിത്രവൃത്താ | ന. | 71 | പു. | 25 |
| ഛാന്ദസി | ന. | 172 | പു. | 33 |
| ഛിന്നാതിസ്ഥിത | ന. | 346 | പു. | 87 |
| ജഗതീതിലകം | ന. | 197 | പു. | 35 |
| ജഗം | ന. | 20 | പു. | 14 |
| ജലധരനീലം | ന. | 80 | പു. | 25 |
| ജലധരനീലം | ന. | 82 | പു. | 26 |
| ജലധരമാല | ന. | 98 | പു. | 28 |
| ജലോദ്ധതഗതി | ന. | 94 | പു. | 28 |
| ജ്വാല | ന. | 112 | പു. | 28 |
| തഗം | ന. | 8 | പു. | 12 |
| തടിനി | ന. | 244 | പു. | 39 |
| തന്വി | ന. | 263 | പു. | 40 |
| തരംഗിണി | ന. | 255 | പു. | 39 |
| തരംഗിണി | ന. | 330 | പു. | 78 |
| തലഗം | ന. | 19 | പു. | 14 |
| തോടകം | ന. | 86 | പു. | 27 |
| ത്രിഖണ്ഡിക | ന. | 305 | പു. | 56 |
| ദക്ഷിണാന്തിക | ന. | 316 | പു. | 66 |
| ദളം | ന. | 164 | പു. | 32 |
| ദൂഷണഹരണം | ന. | 135 | പു. | 30 |
| ദ്രുതകാകളി | ന. | 327 | പു. | 74 |
| ദ്രുതമധ്യ | ന. | 287 | പു. | 45 |
| ദ്രുതവിളംബിതം | ന. | 84 | പു. | 26 |
| ദ്രുതഗതി | ന. | 107 | പു. | 28 |
| ദ്രുതപദം | ന. | 106 | പു. | 28 |
| ധരണി | ന. | 79 | പു. | 25 |
| ധരാനന്ദിനി | ന. | 129 | പു. | 30 |
| ധീരലളിത | ന. | 173 | പു. | 33 |
| ധൃതകുതുകം | ന. | 229 | പു. | 37 |

| | | | | |
|---|---|---|---|---|
| ധോതക | ന. | 59 | പു. | 24 |
| നതോന്നത | ന. | 349 | പു. | 90 |
| നഭഗം | ന. | 15 | പു. | 13 |
| നർക്കുടകം | ന. | 189 | പു. | 35 |
| നവതാരുണ്യം | ന. | 131 | പു. | 30 |
| നവമാലിക | ന. | 99 | പു. | 28 |
| നവിപുലാ | ന. | 33 | പു. | 17 |
| നാഗരികാ | ന. | 26 | പു. | 15 |
| നാരാചികാ | ന. | 22 | പു. | 14 |
| നാരീ | ന. | 5 | പു. | 12 |
| നൃപതിലലാമം | ന. | 251 | പു. | 39 |
| പഞ്ചചാമരം | ന. | 169 | പു. | 32 |
| പഥ്യായാ | ന. | 148 | പു. | 31 |
| പഥ്യാര്യാ,വിപുലാര്യാ | ന. | 307 | പു. | 61 |
| പഥ്യാവക്ത്രം | ന. | 35 | പു. | 18 |
| പഥ്യാവക്ത്രാ | ന. | 28 | പു. | 16 |
| പത്രലത | ന. | 179 | പു. | 34 |
| പദചതുരൂർദ്ധ്വം | ന. | 294 | പു. | 48 |
| പരാവതി | ന. | 285 | പു. | 45 |
| പരിണാമം | ന. | 194 | പു. | 35 |
| പരിമളം | ന. | 175 | പു. | 33 |
| പര്യസ്തകാഞ്ചി | ന. | 337 | പു. | 82 |
| പല്ലവിനി | ന. | 348 | പു. | 89 |
| പാത്രം | ന. | 234 | പു. | 38 |
| പുടം | ന. | 95 | പു. | 28 |
| പുഷ്പിതാഗ്ര | ന. | 280 | പു. | 44 |
| പുളക | ന. | 200 | പു. | 35 |
| പൃഥ്വി | ന. | 185 | പു. | 34 |
| പൃഥ്വീ | ന. | 70 | പു. | 25 |
| പ്രചിതകം | ന. | 300 | പു. | 52 |
| പ്രഥമപദം | ന. | 223 | പു. | 37 |
| പ്രഭദ്രകം | ന. | 128 | പു. | 30 |
| പ്രഭദ്രകം | ന. | 160 | പു. | 32 |
| പ്രഭ, പ്രമുദിതവദന, ഗൗരി | ന. | 92 | പു. | 27 |
| പ്രമദ | ന. | 141 | പു. | 31 |
| പ്രമിതാക്ഷര | ന. | 85 | പു. | 27 |
| പ്രവൃത്തകം | ന. | 319 | പു. | 67 |
| പ്രഹരണതിലകം | ന. | 146 | പു. | 31 |
| പ്രഹർഷിണി | ന. | 117 | പു. | 29 |
| പ്രാച്യവൃത്തി | ന. | 318 | പു. | 67 |
| പ്രിയംവദ | ന. | 96 | പു. | 28 |
| ഫലമുഖി | ന. | 40 | പു. | 20 |
| ഭദ്രക | ന. | 253 | പു. | 39 |
| ഭദ്രകാ | ന. | 73 | പു. | 25 |
| ഭദ്രവിരാൾ | ന. | 289 | പു. | 45 |
| ഭദ്രിക | ന. | 42 | പു. | 20 |
| ഭവതരണം | ന. | 206 | പു. | 36 |
| ഭവസാരം | ന. | 238 | പു. | 38 |
| ഭുജംഗപ്രയാതം | ന. | 87 | പു. | 27 |
| ഭുജംഗവിജൃംഭിതം | ന. | 273 | പു. | 41 |
| ഭ്രമരവിലസിതം | ന. | 60 | പു. | 24 |
| ഭ്രമരാവലി | ന. | 220 | പു. | 37 |
| മകരന്ദിക | ന. | 219 | പു. | 37 |
| മഞ്ജരി | ന. | 338 | പു. | 83 |
| മഞ്ജുഭാഷിണി | ന. | 118 | പു. | 29 |

| | | |
|---|---|---|
| മഞ്ജുള | ന. 260 | പു. 40 |
| മണികാഞ്ചി | ന. 324 | പു. 73 |
| മണിഘൃണി | ന. 262 | പു. 40 |
| മണിദീപം | ന. 193 | പു. 35 |
| മണിദീപ്തി | ന. 221 | പു. 37 |
| മണിമകുടം | ന. 271 | പു. 40 |
| മണിമധ്യം | ന. 39 | പു. 20 |
| മണിമാല | ന. 91 | പു. 27 |
| മത്തകാശിനി | ന. 127 | പു. 30 |
| മത്തമയൂരം | ന. 121 | പു. 29 |
| മത്താ | ന. 45 | പു. 21 |
| മത്താക്രീഡ | ന. 259 | പു. 40 |
| മത്തേഭം | ന. 252 | പു. 39 |
| മത്തേഭവിക്രീഡിതം | ന. 233 | പു. 38 |
| മദനാരത്ത | ന. 149 | പു. 31 |
| മദനീയം | ന. 201 | പു. 35 |
| മദമന്ഥര | ന. 336 | പു. 81 |
| മദലേഖാ | ന. 14 | പു. 13 |
| മദീര | ന. 254 | പു. 39 |
| മധുരകരകളഭം | ന. 267 | പു. 40 |
| മധുരതരം | ന. 236 | പു. 38 |
| മധ്യാ | ന. 11 | പു. 13 |
| മനോരമാ | ന. 48 | പു. 21 |
| മന്ദാക്രാന്ത | ന. 186 | പു. 34 |
| മംഗളഫലകം | ന. 138 | പു. 30 |
| മയൂരസാരിണീ | ന. 47 | പു. 21 |
| മരതകനീല | ന. 168 | പു. 32 |
| മരതകനീല | ന. 183 | പു. 34 |
| മല്ലിക | ന. 203 | പു. 35 |
| മഹാമാലിക | ന. 215 | പു. 36 |
| മാത്രാസമക | ന. 312 | പു. 63 |
| മാനിനി | ന. 100 | പു. 28 |
| മാലിനി | ന. 156 | പു. 31 |
| മൃഗീ | ന. 6 | പു. 12 |
| മേഘവിഷ്ഫൂർജ്ജിതം | ന. 218 | പു. 37 |
| മൗക്തികപംങ്ക്തി | ന. 65 | പു. 24 |
| മൗക്തികം | ന. 88 | പു. 27 |
| മൗക്തികമാലാ,ശ്രീ | ന. 61 | പു. 24 |
| യുഗ്മവിപുലാ | ന. 29 | പു. 16 |
| രജനി | ന. 134 | പു. 30 |
| രത്നാവലീ | ന. 13 | പു. 13 |
| രഥോദ്ധതാ | ന. 55 | പു. 23 |
| രമണം | ന. 133 | പു. 30 |
| രമണം | ന. 204 | പു. 36 |
| രമണം | ന. 76 | പു. 25 |
| രമണി | ന. 195 | പു. 35 |
| രമണീയം | ന. 38 | പു. 20 |
| രവിപുലാ | ന. 34 | പു. 17 |
| രവിരദനം | ന. 250 | പു. 39 |
| രസപാത്രം | ന. 240 | പു. 38 |
| രസരംഗം | ന. 178 | പു. 33 |
| രുചിരതരം | ന. 176 | പു. 33 |
| ലക്ഷ്മി | ന. 256 | പു. 39 |
| ലഗം | ന. 21 | പു. 14 |
| ലലനാ | ന. 105 | പു. 28 |
| ലളിത | ന. 111 | പു. 28 |

| | | | |
|---|---|---|---|
| ലളിത | ന. 293 | പു. 48 |
| ലളിത | ന. 97 | പു. 28 |
| ലളിതപദം, താമരസ | ന. 102 | പു. 28 |
| ലളിതം | ന. 265 | പു. 40 |
| ലളിതശരീരം | ന. 132 | പു. 30 |
| വക്ത്രം | ന. 27 | പു. 15 |
| വക്ത്രം | ന. 31 | പു. 17 |
| വനമാലം | ന. 237 | പു. 38 |
| വംശപത്ര | ന. 188 | പു. 35 |
| വംശയഷ്ടിക | ന. 304 | പു. 54 |
| വലജം | ന. 154 | പു. 31 |
| വസന്തതിലകം | ന. 139 | പു. 30 |
| വസന്തമാലിക | ന. 279 | പു. 43 |
| വസുധ | ന. 136 | പു. 30 |
| വസുമതി | ന. 12 | പു. 13 |
| വാണിനി | ന. 174 | പു. 33 |
| വാണീ | ന. 222 | പു. 37 |
| വാതോർമ്മി | ന. 58 | പു. 24 |
| വിദ്യുന്മാലാ | ന. 17 | പു. 13 |
| വിപരീത പഥ്യാവക്ത്ര | ന. 30 | പു. 17 |
| വിപരീതാഖ്യാനകി | ന. 282 | പു. 44 |
| വിയോഗിനി | ന. 278 | പു. 43 |
| വിലാസിനി | ന. 264 | പു. 40 |
| വിദ്യുത് | ന. 124 | പു. 30 |
| വൃത്തം | ന. 230 | പു. 37 |
| വൃത്താ | ന. 72 | പു. 25 |
| വേഗവതി | ന. 288 | പു. 45 |
| വൈതാളീയം | ന. 313 | പു. 65 |
| വൈശ്വദേവി | ന. 90 | പു. 27 |
| ശങ്കരചരിതം | ന. 209 | പു. 36 |
| ശംഭുനടനം | ന. 274 | പു. 41 |
| ശശധരബിംബം | ന. 272 | പു. 40 |
| ശശികല | ന. 158 | പു. 32 |
| ശശികല | ന. 170 | പു. 33 |
| ശശികല | ന. 247 | പു. 39 |
| ശാർദ്ദൂലവിക്രീഡിതം | ന. 217 | പു. 36 |
| ശാലിനി | ന. 57 | പു. 24 |
| ശിഖരിണി | ന. 184 | പു. 34 |
| ശിതാഗ്ര | ന. 333 | പു. 80 |
| ശിവ | ന. 4 | പു. 12 |
| ശിശുഭൃതാ | ന. 41 | പു. 20 |
| ശുദ്ധവിരാൾ | ന. 46 | പു. 21 |
| ശുഭഗതി | ന. 155 | പു. 31 |
| ശുഭചരിതം | ന. 81 | പു. 25 |
| ശുഭജാതം | ന. 77 | പു. 25 |
| ശൈലശിഖ | ന. 171 | പു. 33 |
| ശ്യേനിക | ന. 66 | പു. 24 |
| ശ്രവണീയ | ന. 202 | പു. 35 |
| ശ്രീ | ന. 1 | പു. 11 |
| ശ്രീസദനം | ന. 210 | പു. 36 |
| സകലകലം | ന. 166 | പു. 32 |
| സമാസമം | ന. 341 | പു. 86 |
| സമുദ്ഗിതം | ന. 343 | പു. 86 |
| സംബാധ | ന. 143 | പു. 31 |
| സമ്മത | ന. 67 | പു. 24 |

| | | |
|---|---|---|
| സംസാരം | ന. 165 | പു. 32 |
| സരസ | ന. 126 | പു. 30 |
| സരോജസമം | ന. 261 | പു. 40 |
| സർപ്പിണി | ന. 340 | പു. 85 |
| സലലം | ന. 151 | പു. 31 |
| സലിലനിധി | ന. 243 | പു. 39 |
| സശരീരം | ന. 198 | പു. 35 |
| സാരവതി | ന. 49 | പു. 21 |
| സാരസകലിക | ന. 167 | പു. 32 |
| സാരസനയനം | ന. 177 | പു. 33 |
| സിംഹവിക്രാന്തം | ന. 302 | പു. 52 |
| സിംഹവിഷ്ഫൂർജ്ജിതം | ന. 213 | പു. 36 |
| സിംഹവിഷ്ഫൂർജ്ജിതം | ന. 328 | പു. 75 |
| സുകൃതം | ന. 208 | പു. 36 |
| സുകേസരം | ന. 142 | പു. 31 |
| സുഖകരം | ന. 228 | പു. 37 |
| സുഖാവഹം | ന. 116 | പു. 29 |
| സുദതി | ന. 114 | പു. 28 |
| സുഭഗ | ന. 110 | പു. 28 |
| സുമംഗല | ന. 101 | പു. 28 |
| സുമുഖീ | ന. 43 | പു. 21 |
| സുമുഖീ | ന. 64 | പു. 24 |
| സുലല | ന. 196 | പു. 35 |
| സുവദന | ന. 231 | പു. 38 |
| സുഷമാ | ന. 50 | പു. 21 |
| സൂശ്ധര | ന. 241 | പു. 38 |
| സൗരഭ | ന. 292 | പു. 47 |
| സ്തിമിത | ന. 345 | പു. 87 |
| സ്ത്രീ | ന. 3 | പു. 12 |
| സ്രഗ്വിണി | ന. 89 | പു. 27 |
| സ്വാഗത | ന. 56 | പു. 23 |
| ഹംസപ്ലുതം | ന. 334 | പു. 80 |
| ഹംസമാല | ന. 16 | പു. 13 |
| ഹംസരുത | ന. 24 | പു. 15 |
| ഹരനർത്തനം | ന. 205 | പു. 36 |
| ഹരി | ന. 190 | പു. 35 |
| ഹരിണപ്ലുത | ന. 283 | പു. 44 |
| ഹരിണപ്ലുതം | ന. 214 | പു. 36 |
| ഹരിണി | ന. 187 | പു. 34 |

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA